

# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം
TIMES OF AMERICAN MALAYALI



2022
ആഗസ്റ്റ്



Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


www.timesofamericanmalayali.com





2

നിങ്ങൾ ഒന്നുചിന്തിച്ചു നോക്കൂ, നമ്മൾ അടിമത്തത്തിന്റെ കാലത്താണ് ജനിച്ചിരുന്ന തെങ്കിൽ ഈ ഒരു ദിവസത്തെ കുറിച്ച് നമുക്ക് സങ്കല്പിക്കാൻ സാധിക്കുമായിരുന്നോ? അടിമത്തത്തിൽ നിന്നുള്ള മോചനത്തിനുവേണ്ടിയുള്ള ആ പിടച്ചിൽ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു സ്വാതന്ത്ര്യം നേടാനുള്ള ആ പാരവശ്യം എത്ര വലുതായിരുന്നിരിക്കും. ആ കാലത്തായിരുന്നെങ്കിൽ ഓരോ ദിവസവും ലക്ഷക്കണക്കിന് ഭാരതീയർ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി, മല്ലടിച്ച് ജീവത്യാഗം ചെയ്യുന്നത് നമ്മളും കാണുമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ എന്റെ ഹിന്ദുസ്ഥാൻ എന്നാണ് സ്വാതന്ത്ര്യം നേടുന്നത് എന്ന സ്വപ്നവു മായിട്ടായിരിക്കും ഓരോ പ്രഭാതത്തിലും നാം ഉണരുക.

പ്രസംഗം

3

**സ്വപ്നം നേടാൻ ഈ രാജ്യം ഒപ്പം നിൽക്കും**



**ഡോ. ബാബു സ്റ്റീഫൻ**

നമ്മുടെ കയ്യിലുള്ള ഒരു മില്യൺ വോട്ടുകൾ പ്രയോജനപ്പെടുത്താതെ നമ്മൾ അലസരായി തുടരുകയാണ്. നമ്മുടെ കൈവശം ഒരു മില്യൺ വോട്ടുകളുണ്ടെന്ന് നാം ഉറക്കെ വിളിച്ചുപറയണം. നാഷണൽ ഡമോക്രാറ്റിക് പാർട്ടിയുമായി ഇതു സംബന്ധിച്ച് ചില ഫോൺ സംഭാഷണങ്ങൾ ഞാൻ നടത്തിയിരുന്നു. നവംബർ 15ന് നമുക്കു അവരുടെ അപ്പോയിന്റ്മെന്റ് ലഭിച്ചേക്കും.

അമേരിക്കൻ മലയാളികൾക്കിടയിൽ നിരവധി മില്യനർമാർ ഉണ്ട്.

അമേരിക്കയിലെ ഡോക്ടർമാരിൽ 15 ശതമാനം ഇന്ത്യക്കാരാണ്. ഡോക്ടർമാർ, അഭിഭാഷകർ, നഴ്സസ്, കമ്പ്യൂട്ടർ വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ തുടങ്ങി വിവിധ ശ്രേണിയിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകായിരം മലയാളികൾ ഈ രാജ്യത്തുണ്ട്.

**ത്രിവർണപതാക ഉയർത്തിയ അരുണ അസഫലി**

4



യാഥാസ്ഥിക ബ്രാഹ്മണകുടുംബത്തിൽ ജനിച്ച്, മുസ്ലിം പണ്ഡിതനെ വരിച്ച്, മഹാത്മജിയെ ആദരിച്ച്, മാർക്സിസത്തെ താലോലിച്ച അരുണ അസഫലിയ്ക്കാണ് ക്വിറ്റ് ഇന്ത്യാ സമര പ്രഖ്യാപനത്തിനു മുന്നോടിയായുള്ള അഖണ്ഡഭാരതത്തിന്റെ പ്രതീകമായ ത്രിവർണ്ണ പതാക ഉയർത്തുവാനുള്ള മഹാഭാഗ്യം ലഭിച്ചത്.

**ജൂലൈ - വിയോഗം**

7





10




13

ഗ്രന്ഥപ്പുര

**ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട്**
**കെ.എസ്. പ്രേമചന്ദ്രകുറുപ്പ്**



**വി.ഐ.ജോൺസൺ**

**ജോർജ് തഴക്കര**

നടൻ, സംവിധായകൻ, കഥ-തിരക്കഥാകാരൻ, നിർമ്മാതാവ്, പരസ്യ ചിത്ര നിർമ്മാതാവ് എന്നീ നിലകളിൽ പ്രതാപ് പോത്തൻ അറിയപ്പെടുന്നു. മലയാളം, തമിഴ്, കന്നഡ സിനിമകളിൽ നടനായും സംവിധായകനായും നിർമ്മാതാവായും മൂന്നു പതിറ്റാണ്ടുകാലം സാന്നിധ്യം അറിയിച്ചു. 1980ൽ പ്രദർശനത്തിനെത്തിയ രണ്ടാമത്തെ ചിത്രമായ 'തകര'യും; 2014ൽ, നൂറാമത്തെ ചിത്രമായ 'വൺസ് അപ്പോൺ എ ടൈം ദേർ വാസ്  എ കള്ളനും' പ്രതാപ് പോത്തന്റെ സിനിമ അഭിനയ ജീവിതത്തിലെ നാഴികക്കല്ലുകളാണ്.

നാലു പതിറ്റാണ്ടു കഴിഞ്ഞിട്ടും 'തകര'യിലെ മാനസിക വളർച്ചയെത്താത്ത ശുദ്ധഗതിക്കാരനായ 'തകര' എന്ന കഥാപാത്രത്തിന്റെ ചപലതയും പ്രതികാരവും അതിന്റെ തിക്തഫലവും ആർക്കാണ് മറക്കാൻ കഴിയുക. അതിലഭിനയിക്കുമ്പോൾ ഇരുപത്തിയേഴു വയസ്സുമാത്രം പ്രായം. 'വൺസ് അപ്പോൺ എ ടൈം ദേർ വാസ് എ കള്ള'നിലെ വൃദ്ധനായ 'ഔസേപ്പച്ച'നായി വേഷമിടുമ്പോൾ പ്രായം അറുപത്തിരണ്ട്. കേരള സർക്കാരിന്റെ ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ച ആ ചിത്രം അധികമാരും കാണാതെ പോയി എന്നതായിരുന്നു ആ കഥാപാത്രത്തിന്റെയും നടന്റെയും ദുര്യോഗം. 2014ൽ പ്രത്യേക ജൂറി അവാർഡ് സ്വീകരണത്തിനുശേഷം ആ ചിത്രം ക്ഷണിക്കപ്പെട്ടവർക്കു മുന്നിൽ പ്രദർശിപ്പിച്ചു. ഈ ചിത്രം ജനങ്ങളിൽ എത്തിയിരുന്നുവെങ്കിൽ തകരയുടെ പേരിലായിരിക്കില്ല പിൽക്കാലത്ത് താൻ ഓർമിക്കപ്പെടുകയെന്ന് പ്രതാപ് പോത്തൻ വിശ്വസിച്ചിരുന്നു. ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന അഭിനയസന്ദർഭം എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്.

ചങ്ങനാശ്ശേരി സ്വദേശിയായ കുളത്തുങ്കൽ ജോസഫ് പോത്തന്റെയും പൊന്നമ്മയുടെയും അഞ്ചു മക്കളിൽ ഇളയവൻ. 1952 ഫെബ്രുവരി 15ന് തിരുവനന്തപുരത്ത് ജനിച്ചു. വത്സമ്മ, ജസ്സമ്മ, മോഹൻ പോത്തൻ, ഹരി പോത്തൻ എന്നിവരായിരുന്നു സഹോദരങ്ങൾ. ഹരി പോത്തനും പ്രതാപ് പോത്തനും തമ്മിൽ പന്ത്രണ്ട് വയസ്സിന്റെ വ്യത്യാസം. പ്രതാപത്തിന്റെ ആധിക്യഘട്ടത്തിൽ വളർന്ന ഇളയമകനെ അഞ്ചാം വയസ്സിൽ ഊട്ടിയിലെ ലോറൻസ് ലൗഡെയിൽ




സ്കൂളിൽ ചേർത്തു. ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകി ഉയർന്ന ഉദ്യോഗസ്ഥനാക്കണം എന്നതായിരുന്നു പിതാവിന്റെ ആഗ്രഹം.

1950കളിൽ കുളത്തുങ്കൽ ജോസഫ് പോത്തൻ  കേരളത്തിലെ ഏറ്റവും സമ്പത്തുള്ള അറിയപ്പെടുന്ന വ്യവസായി ആയിരുന്നു. അശോക് ലൈലാന്റിന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഡീലർ. കോട്ടയത്തും തിരുവനന്തപുരത്തുമായിരുന്നു പ്രധാന ഷോ റൂമുകൾ. ആദ്യകാല കമ്യൂണിസ്റ്റ് നേതാക്കളുടെ  ആത്മസുഹൃത്തായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട കാലത്ത് പി.കൃഷ്ണപിള്ളയും ടി.വി.തോമസും എം.എൻ.ഗോവിന്ദൻനായരുമൊക്കെ ഇദ്ദേഹത്തിന്റെ താമസയിടങ്ങളിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്.  കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ എത്തിയപ്പോഴേക്കും കുളത്തുങ്കൽ പോത്തൻ അവരിൽ നിന്നും വൈകാരികമായി അകന്നിരുന്നു. ഭൂപരിഷ്കരണ നിയമവും വ്യവസായ നിയമവും ആയിരുന്നു അകൽച്ചയ്ക്ക് ആക്കം കൂട്ടിയത്.

1959ലെ വിമോചനസമരകാലത്ത് കമ്യൂണിസ്റ്റ് വിരുദ്ധ ചേരിയിലായി. പി.ടി.ചാക്കോയുടെ താല്പര്യാർത്ഥം ആർ.ശങ്കറിനെ കേരള പ്രദേശ് കോൺഗ്രസിന്റെ അധ്യക്ഷ സ്ഥാനത്തേക്ക് കൊണ്ടുവന്നു.  വിമോചന സമരത്തിനാവശ്യമായ പണം ഒഴുക്കുന്നത് കുളത്തുങ്കൽ ജോസഫ് പോത്തനാണെന്നുള്ള ആരോപണം പരക്കെ ഉയർന്നു.

➲5






**പ്രധാനമന്ത്രി നരേന്ദ്ര മോദി 2022 ജൂലൈ 31ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**

# മനസ്സ് പറയുന്നത് ഭാഗം 91

**എന്റെ** പ്രിയപ്പെട്ട നാട്ടുകാരെ, നമസ്ക്കാരം.

ഇത് മൻ കി ബാത്തിന്റെ 91-ാം പതിപ്പാണ്. നമ്മൾ മുൻപ് ഒരുപാട് കാര്യങ്ങൾ സംസാരിച്ചു. പല പല വിഷയങ്ങളിലും സ്വന്തം അഭിപ്രായം പങ്കുവെച്ചു. എന്നാൽ ഇപ്രാവശ്യത്തെ മൻ കി ബാത്തിന് ഒരു പ്രധാന സവിശേഷതയുണ്ട്. ഇത്തവണത്തെ സ്വാതന്ത്ര്യദിനത്തിൽ ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 75 വർഷം പൂർത്തിയാകുന്നു എന്നതാണ് കാരണം. നാമെല്ലാവരും വളരെ അത്ഭുതകരമായ, ചരിത്രപരമായ ആ നിമിഷങ്ങൾക്ക് സാക്ഷിയാകാൻ പോകുകയാണ്. ഈശ്വരൻ ഈ വലിയ ഭാഗ്യമാണ് നമുക്ക് തന്നിരിക്കുന്നത്.

നിങ്ങൾ ഒന്ന് ചിന്തിച്ചു നോക്കൂ, നമ്മൾ അടിമത്തത്തിന്റെ കാലത്താണ് ജനിച്ചിരുന്നതെങ്കിൽ ഈ ഒരു ദിവസത്തെ കുറിച്ച് നമുക്ക് സങ്കല്പിക്കാൻ സാധിക്കുമായിരുന്നോ? അടിമത്തത്തിൽ നിന്നുള്ള മോചനത്തിനു വേണ്ടിയുള്ള ആ പിടച്ചിൽ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു സ്വാതന്ത്ര്യം നേടാനുള്ള ആ പാരവശ്യം എത്ര വലുതായിരുന്നിരിക്കും. ആ കാലത്തായിരുന്നെങ്കിൽ ഓരോ ദിവസവും ലക്ഷക്കണക്കിന് ഭാരതീയർ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി, മല്ലടിച്ച് ജീവത്യാഗം ചെയ്യുന്നത് നമ്മളും കാണുമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ എന്റെ ഹിന്ദുസ്ഥാൻ എന്നാണ് സ്വാതന്ത്ര്യം നേടുന്നത് എന്ന സ്വപ്നവുമായിട്ടായിരിക്കും ഓരോ പ്രഭാതത്തിലും നാം ഉണരുക. ഒരുപക്ഷേ, നമ്മളും വന്ദേമാതരം പാടിക്കൊണ്ട്, ഭാരത് മാതാ കി ജയ് വിളിച്ചുകൊണ്ട് വരും തലമുറയ്ക്കു വേണ്ടി സ്വന്തം ജീവിതം സമർപ്പിക്കുമായിരുന്നു. സ്വന്തം യുവത്വം ഹോമിക്കുമായിരുന്നു.

**നിങ്ങൾ ഒന്ന് ചിന്തിച്ചു നോക്കൂ, നമ്മൾ അടിമത്തത്തിന്റെ കാലത്താണ് ജനിച്ചിരുന്നതെങ്കിൽ ഈ ഒരു ദിവസത്തെ കുറിച്ച് നമുക്ക് സങ്കല്പിക്കാൻ സാധിക്കുമായിരുന്നോ? അടിമത്തത്തിൽ നിന്നുള്ള മോചനത്തിനു വേണ്ടിയുള്ള ആ പിടച്ചിൽ പാരത ന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു സ്വാതന്ത്ര്യം നേടാനുള്ള ആ പാരവശ്യം എത്ര വലുതായിരുന്നിരിക്കും. ആ കാലത്തായി രുന്നെങ്കിൽ ഓരോ ദിവസവും ലക്ഷക്കണക്കിന് ഭാരതീയർ സ്വാത ന്ത്ര്യത്തിനു വേണ്ടി പോരാടി, മല്ലടിച്ച് ജീവത്യാഗം ചെയ്യുന്നത് നമ്മളും കാണുമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ എന്റെ ഹിന്ദുസ്ഥാൻ എന്നാണ് സ്വാതന്ത്ര്യം നേടുന്നത് എന്ന സ്വപ്നവുമായിട്ടായിരിക്കും ഓരോ പ്രഭാതത്തിലും നാം ഉണരുക.**

സുഹൃത്തുക്കളേ,

ജൂലൈ 31, അതായത് ഇന്ന്, നമ്മൾ എല്ലാവരും ഉധം സിങ്ങിന്റെ രക്തസാക്ഷിത്വത്തിനു മുന്നിൽ പ്രണമിക്കുകയാണ്. രാജ്യത്തിനുവേണ്ടി തങ്ങളുടെ സർവ്വസ്വവും സമർപ്പിച്ച മഹാന്മാരായ എല്ലാ വിപ്ലവകാരികൾക്കും ഈ അവസരത്തിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സുഹൃത്തുക്കളേ,

സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം ഒരു ജനകീയ വിപ്ലവമായി മാറിയിരിക്കുന്നതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. സമൂഹത്തിലെ ഓരോ വിഭാഗത്തിൽപ്പെട്ടവരും ഇതുമായി ബന്ധപ്പെട്ട് പല പരിപാടികളിലും പങ്കെടുക്കുന്നു. ഇതിൽ ഒരു പരിപാടിയാണ് ഈ മാസം ആദ്യം മേഘാലയയിൽ നടന്നത്. മേഘാലയയിലെ വീരനായ യോദ്ധാവ് യു. ടിരോത് സിംഗിന്റെ ചരമദിനത്തിൽ ആളുകൾ അദ്ദേഹത്തെ സ്മരിച്ചു. ഖാസി ഹിൽസിൽ അധികാരം സ്ഥാപിക്കാനും അവിടത്തെ സംസ്കാരത്തിന് പ്രഹരം ഏൽപ്പിക്കാനും ശ്രമിച്ച വെള്ളക്കാരുടെ ഗൂഢാലോചനയെ ചെറുത്തു തോൽപ്പിക്കാൻ ടിരോത് സിംഗ് ശ്രമിച്ചു. ചരമദിന പരിപാടിയിൽ ഒരുപാട് കലാകാരന്മാർ മനോഹരമായി അവരവരുടെ കലാവൈഭവം പ്രകടിപ്പിച്ചു. അതുവഴി ചരിത്രത്തെ ജീവസ്സുറ്റതാക്കി. ഇതിൽ മേഘാലയയുടെ മഹത്തായ സംസ്കാരം വിളിച്ചോതുന്ന ഒരു കാർണിവൽ അവതരിപ്പിക്കപ്പെട്ടു. ഏതാനും ആഴ്ചകൾക്കു മുൻപ് കർണ്ണാടകയിൽ അമൃത ഭാരതീ കന്നടാർത്ഥി എന്ന പേരിൽ ഒരു പാരിപാടി സംഘടിപ്പിക്കപ്പെട്ടു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ 75 സ്ഥലങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവവുമായി ബന്ധപ്പെട്ട് ഗംഭീരമായ പരിപാടി നടത്തപ്പെട്ടു. അതിൽ കർണ്ണാടകത്തിലെ മഹാന്മാരായ സ്വാതന്ത്ര്യസമരസേനാനികളെ സ്മരിക്കുന്നതിനോടൊപ്പം പ്രാദേശിക സാഹിത്യസംബന്ധിയായ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്നതിനും ശ്രമം നടന്നു.

സുഹൃത്തുക്കളേ,

ഈ ജൂലായിൽ സ്വാത ന്ത്ര്യത്തിന്റെ തീവണ്ടിയും റെയിൽവേ സ്റ്റേഷനും എന്ന പേരിൽ വളരെ ശ്രദ്ധേയമായ ഒരു പരിപാടി സംഘടിപ്പിക്കപ്പെട്ടു. സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യൻ റെയിൽവേയുടെ പങ്കിനെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന പല റെയിൽവേ സ്റ്റേഷനുകളും നമ്മുടെ നാട്ടിലുണ്ട്. ഈ റെയിൽവേ സ്റ്റേഷനുകളെ കുറിച്ച് അറിയുമ്പോൾ നിങ്ങളും അത്ഭുതപ്പെടും. ഝാർഖണ്ഡിലെ ഗോമോ ജംഗ്ഷൻ ഇപ്പോൾ നേതാജി സുഭാഷ്ചന്ദ്രബോസ് ജംഗ്ഷൻ ഗോമോ എന്നാണ് ഔദ്യോഗികമായി ഇപ്പോൾ അറിയപ്പെടുന്നത്. എന്തുകൊണ്ടെന്നറിയാമോ? കാൽകാ മെയിലിൽ സഞ്ചരിക്കവേ ഇതേ സ്റ്റേഷനിൽ വെച്ചാണ് സുഭാഷ് ചന്ദ്രബോസിന് ബ്രിട്ടീഷുകാരെ കബളിപ്പിക്കാനായത്. നിങ്ങളെല്ലാവരും ലഖ്നൗവിന് അടുത്തുള്ള കാകോരി റെയിൽവേ സ്റ്റേഷനെപ്പറ്റി കേട്ടുകാണും. രാമപ്രസാദ ബിസ്മിൽ, അശ്ഫാക് ഉല്ലാഖാൻ മുതലായ ധീരന്മാരുടെ പേരുകൾ ഈ സ്റ്റേഷനുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇതുവഴി യാത്ര ചെയ്ത ഇംഗ്ലീഷുകാരുടെ ഖജനാവ് കൊള്ളയടിക്കുകവഴി ഈ ധീരവിപ്ലവകാരികൾ അവരുടെ ശക്തി അറിയിക്കുകയാണ് ചെയ്തത്. നിങ്ങൾ തമിഴ്നാട്ടുകാരുമായി സംസാരിക്കുമ്പോൾ നിങ്ങൾക്കു തൂത്തുക്കുടി ജില്ലയിലെ വാഞ്ചി മണിയാച്ചി ജംഗ്ഷനെപ്പറ്റി അറിയാൻ കഴിയും. ഇ ൗ സ്റ്റേഷൻ തമിഴ് സ്വാതന്ത്ര്യസമരസേനാനി വാഞ്ചിനാഥന്റെ പേരിലാണ് അറിയപ്പെടുന്നത്. ഇവിടെ വെച്ചാണ് 25 വയസ്സുകാരൻ വാഞ്ചി ബ്രിട്ടീഷ് കളക്ടർക്ക് അദ്ദേഹത്തിന്റെ ചെയ്തിയ്ക്കു ശിക്ഷ നൽകിയത്.

സുഹൃത്തുക്കളേ,

ആ പട്ടിക വളരെ വലുതാണ്. രാജ്യത്തിലെ ഇരുപത്തിനാല് സംസ്ഥാനങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന 75 റെയിൽവേ സ്റ്റേഷനുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ 75 റെയിൽവേ സ്റ്റേഷനുകളും വളരെ ഭംഗിയായി അലങ്കരിക്കുകയാണ്. ഈ സ്റ്റേഷനുകളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളും നിങ്ങളുടെ സമീപത്തുള്ള ഐതിഹാസികമായ സ്റ്റേഷൻ തീർച്ചയായും സന്ദർശിക്കാനുള്ള സമയം കണ്ടെത്തുക തന്നെ വേണം. അപ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ ഇതുവരെ നമുക്ക് അറിയാൻ കഴിയാതിരുന്ന ചരിത്രത്തെ കുറിച്ച് വിശദമായി മനസ്സിലാക്കാൻ കഴിയും. സ്വന്തം സ്കൂളിലെ ചെറിയ കുട്ടികളെ ഇങ്ങനെയുള്ള സ്റ്റേഷനുകളിൽ കൊണ്ടുപോയി സംഭവങ്ങളെല്ലാം അവരെ പറഞ്ഞു കേൾപ്പിക്കുകയും അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യണം എന്നാണ് സമീപപ്രദേശങ്ങളിലെ സ്കൂളുകളിലെ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും എനിക്കു പറയാനുള്ളത്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 13 മുതൽ 15 വരെ ഹർ ഘർ തിരംഗ, ഓരോ വീട്ടിലും ത്രിവർണ്ണ പതാക എന്ന സവിശേഷമായ പരിപാടി സംഘടിപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 13 മുതൽ 15 വരെ നിങ്ങളും സ്വന്തം വീടുകളിൽ തീർച്ചയായും ത്രിവർണ്ണ പതാക ഉയർത്തണം. ത്രിവർണ്ണ പതാക നമ്മെ ഐക്യപ്പെടുത്തുന്നു, രാജ്യത്തിനുവേണ്ടി എന്തെങ്കിലും ഒക്കെ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആഗസ്റ്റ് രണ്ടു മുതൽ 15 വരെ ത്രിവർണ്ണ പതാകയെ സ്വന്തം സോഷ്യൽ മീഡിയാ പ്രൊഫൈൽ പിക്ചറാക്കാനുള്ള ഒരു നിർദ്ദേശവും ഞാൻ നിങ്ങളുടെ മുന്നിൽ വെയ്ക്കുകയാണ്. ആഗസ്റ്റ് രണ്ട് എന്ന തീയതിക്ക് നമ്മുടെ ത്രിവർണ്ണ പതാകയുമായി ഒരു വിശേഷബന്ധം ഉണ്ടെന്ന കാര്യം നിങ്ങൾക്കറിയുമോ? പിംഗലി വെങ്കയ്യയുടെ ജന്മ വാർഷിക ദിനമാണ് അന്ന്. അദ്ദേഹമാണ് നമ്മുടെ ദേശീയപതാക രൂപകൽപ്പന ചെയ്തത്. ഞാൻ ആദരപൂർവ്വം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലിയർപ്പിക്കുകയാണ്. നമ്മുടെ ദേശീയപതാകയെ കുറിച്ച് സംസാരിക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ മാഡം കാമാ എന്ന വിപ്ലവകാരിയായ മഹതിയെ സ്മരിക്കുകയാണ്. ത്രിവർണ്ണ പതാക രൂപകൽപ്പന ചെയ്തതിൽ അവരുടെ പങ്ക് വളരെ മഹത്തരമാണ്.

പ്രിയമുള്ള സുഹൃത്തുക്കളേ,

നമ്മൾ നാട്ടുകാരെല്ലാവരും വളരെ നിഷ്ഠയോടു കൂടി സ്വന്തം കർത്തവ്യങ്ങൾ നിറവേറ്റണം എന്നതാണ് സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവവുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും മഹത്തായ സന്ദേശം. എന്നാൽ മാത്രമേ എണ്ണമറ്റ നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളുടെ സ്വപ്നം നമുക്ക് പൂർണ്ണമാക്കാൻ കഴിയൂ. അവരുടെ സ്വപ്നത്തിലെ ഭാരതം കെട്ടിപ്പടുക്കാൻ കഴിയൂ. അതുകൊണ്ട് ഇനി വരാൻ പോകുന്ന 25 വർഷം എന്ന ആ അമൃതകാലഘട്ടം ഓരോ ഭാരതീയനും കർത്തവ്യം നിറവേറ്റാനുള്ള കാലം പോലെ തന്നെയാണ്. രാജ്യത്തെ സ്വതന്ത്രമാക്കിയ നമ്മുടെ ധീരസേനാനികൾ ഈ ചുമതല നമ്മെ ഏൽപ്പിച്ചിട്ടാണ് കടന്നുപോയത്. അത് നമുക്ക് പൂർണ്ണമായും നിറവേറ്റേണ്ടതുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

കൊറോണയ്ക്കെതിരായി നമ്മുടെ യുദ്ധം ഇപ്പോഴും നിലനിൽക്കുന്നു. ലോകം മുഴുവൻ ഇപ്പോഴും ഇതുമായി മല്ലിടുന്നു. ജനങ്ങൾക്ക് ഹോളിസ്റ്റിക് ഹെൽത്ത് കെയറിലുള്ള ഏറിവരുന്ന താല്പര്യം ഇതിൽ എല്ലാവരെയും സഹായിച്ചിട്ടുണ്ട്. കൊറോണയ്ക്കെതിരായ യുദ്ധത്തിൽ ഭാരതത്തിന്റെ പരമ്പരാഗത ചികിത്സാ പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ആയുഷ് ആഗോളതലത്തിൽ ഇതിനായി പ്രധാന പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ലോകത്തെമ്പാടും ആയുർവേദത്തിനോടും ഭാരതീയ മരുന്നുകളോടുമുള്ള താല്പര്യം വർദ്ധിച്ചു വരുന്നുണ്ട്. ആയുഷ് എക്സ്പോർട്ടിൽ റെക്കോർഡ് വർദ്ധനവുണ്ടായതിനു കാരണം ഇതാണ്. മാത്രമല്ല, ഈ മേഖലയിൽ പല പുതിയ സ്റ്റാർട്ടപ്പുകളും വരുന്നു എന്നുള്ളത് വളരെ നല്ല കാര്യമാണ്. ഈ അടുത്തകാലത്ത് ഗ്ലോബൽ ആയുഷ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇന്നവേഷൻ സമ്മിറ്റ് നടന്നു. ഈ ഉച്ചകോടിയിൽ ഏകദേശം പതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകൾ കിട്ടി എന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേയ്ക്കാം. കൊറോണക്കാലത്ത് ഔഷധസസ്യങ്ങളുടെ റിസർച്ചിൽ വൻ വർദ്ധനവുണ്ടായി എന്നുള്ളത് മറ്റൊരു പ്രധാന കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് വളരെയധികം ഗവേഷണപഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഇത് എന്തായാലും ➲6

➲6



# സ്വപ്നം നേടാൻ ഈ രാജ്യം ഒപ്പം നിൽക്കും

**ഫൊക്കാന പ്രസിഡന്റ് ബാബു സ്റ്റീഫന്റെ പ്രസംഗം**

നിങ്ങൾക്ക് ഒരുപക്ഷെ എന്റെ പ്രസംഗം ഇഷ്ടപ്പെട്ടില്ലെന്നു വരാം. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഈ വിജയത്തിനായി രാവും പകലും ഞങ്ങൾ അധ്വാനിച്ചിരുന്നു എന്നത് സത്യമാണ്. ഞാനും സജി മോനും ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ എല്ലാദിവസവും സമയം കണ്ടെത്തിയിരുന്നു. അമേരിക്കയുടെ ഓരോ കോണിലേക്കും ഒരുമടിയും കൂടാതെ എന്നോടൊപ്പം യാത്ര ചെയ്ത തോമസ് തോമസിനോട് നന്ദി. വിപിൻ രാജ്, ബിജു കൊട്ടാരക്കര, പ്രവീൺ തോമസ്, സണ്ണി മറ്റമന എന്നിവരുടെ രണ്ടുമാസത്തെ പ്രയത്നത്തിന്റെ കൂടി ഫലമാണ് ഈ വിജയം.

1961ൽ മാർട്ടിൻ ലൂതർ കിങ് അദ്ദേഹത്തിന്റെ സ്വപ്നത്തെക്കുറിച്ച് ലോകത്തോട് വിളിച്ചുപറഞ്ഞിരുന്നു. പാവപ്പെട്ടവരുടെയും അശരണരുടെയും ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. ഞങ്ങൾ ലക്ഷ്യമിടുന്നത് അമേരിക്കയിൽ കഴിയുന്ന ഒരു മില്യൺ മലയാളികളുടെ ഉന്നമനമാണ്. അവരുടെ ജീവിതങ്ങൾ മെച്ചപ്പെടുത്തിയെടുക്കുക എന്നത് അത്ര എളുപ്പം സാധ്യമാകുന്ന ദൗത്യമല്ലെന്നുള്ള പൂർണ്ണ ബോധ്യമുണ്ട്.

നമ്മുടെ കയ്യിലുള്ള ഒരു മില്യൺ വോട്ടുകൾ പ്രയോജനപ്പെടുത്താതെ നമ്മൾ അലസരായി തുടരുകയാണ്. നമ്മുടെ കൈവശം ഒരു മില്യൺ വോട്ടുകളുണ്ടെന്ന് നാം ഉറക്കെ വിളിച്ചുപറയണം. നാഷണൽ ഡമോക്രാറ്റിക് പാർട്ടിയുമായി ഇതുസംബന്ധിച്ച് ചില ഫോൺ സംഭാഷണങ്ങൾ ഞാൻ നടത്തിയിരുന്നു. നവംബർ 15ന് നമുക്കു അവരുടെ അപ്പോയിന്റ്മെന്റ് ലഭിച്ചേക്കും.

അമേരിക്കൻ മലയാളികൾക്കിടയിൽ നിരവധി മില്യനർമാർ ഉണ്ട്. അമേരിക്കയിലെ ഡോക്ടർമാരിൽ 15 ശതമാനം ഇന്ത്യക്കാരാണ്. ഡോക്ടർമാർ, അഭിഭാഷകർ, നഴ്സസ്, കമ്പ്യൂട്ടർ വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ തുടങ്ങി വിവിധ ശ്രേണിയിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകായിരം മലയാളികൾ ഈ രാജ്യത്തുണ്ട്.

നിരവധി സ്വപ്നങ്ങളുമായാണ് നാം ഓരോരുത്തരും ഈ രാജ്യത്തേക്ക് കുടിയേറിയത്. കുറേപ്പേർ ആ ലക്ഷ്യങ്ങൾ സാധിച്ചെടുത്തു. മറ്റു ചിലരാകട്ടെ അതിനായുള്ള ശ്രമത്തിലാണ്. അനന്തമായ സാധ്യതകളുടെ മണ്ണാണിത്. ആർക്കും ഇവിടെ വരാൻ സ്വാതന്ത്ര്യമുണ്ട്. ഇവിടേക്ക് ബിരുദത്തോടെയോ അല്ലാതെയോ എത്തിച്ചേർന്നാൽ പോലും വിജയം നേടാനാകും.

ഇന്ത്യയിൽ നിന്ന് അമേരിക്കയിലെത്തിയ ഒരാളുടെ അനുഭവകഥ പറയാം. അയാൾ തന്റെ സഹോദരിക്കൊപ്പമാണ് അമേരിക്കയിൽ വന്ന് ആറുമാസക്കാലം ചെലവഴിച്ചത്. അതുകഴിഞ്ഞ് മറ്റൊരിടം തേടിക്കൊള്ളാൻ സഹോദരി പറഞ്ഞു. പോകാൻ അയാൾക്ക് ഇടമുണ്ടായിരുന്നില്ലെന്നതാണ് സത്യം. ഒരു ലക്ഷ്യവുമില്ലാതെ വഴിയിലൂടെ നടന്നുപോകുന്നതിനിടയിൽ അയാളൊരു പുരോഹിതനെ കണ്ടു. അദ്ദേഹമൊരു ഇന്ത്യക്കാരനായിരുന്നു. ആ പുരോഹിതൻ അയാളോട് കാര്യങ്ങൾ തിരക്കി. സഹോദരിയാണ് ഇവിടേക്ക് കൊണ്ടുവന്നതെന്നും ഇതുവരെ ജോലി തരപ്പെട്ടിട്ടില്ലെന്നും മറ്റൊരിടം തേടിക്കൊള്ളാൻ സഹോദരി പറഞ്ഞിട്ട് ഇറങ്ങിയതാണെന്നും ഉൾപ്പെടെ തന്റെ സാഹചര്യം അയാൾ വിശദീകരിച്ചു.

പുരോഹിതൻ അയാളെ ഒപ്പം കൂട്ടി. ആറു മാസം കഴിഞ്ഞപ്പോൾ പുരോഹിതനും ഇറക്കിവിട്ടു. തുടർന്ന് ജോലി അന്വേഷിച്ചു നടക്കുമ്പോൾ സമീപത്തു കണ്ട മൃഗശാലയിൽ ചെന്ന് മാനേജരോട് എന്തെങ്കിലും ജോലി ലഭ്യമാണോ എന്ന് അന്വേഷിച്ചെങ്കിലും ഇല്ലെന്നായിരുന്നു മറുപടി. എന്നാൽ പോകാനൊരുങ്ങിയ അയാളെ മാനേജർ തിരിച്ചു വിളിച്ചു.

മൃഗശാലയിലെ കുരങ്ങ് ചത്തുപോയെന്നും അതിനൊരു പകരക്കാരനെ ആവശ്യമുണ്ടെന്നും മാനേജർ പറഞ്ഞു. കുരങ്ങിന്റെ വേഷഭൂഷാദികളോടെ അതിനെപ്പോലെ ചാടിയും നടന്നും ആളുകളെ രസിപ്പിക്കാനാകുമെങ്കിൽ ഇവിടെ ജോലി തരാമെന്നു പറഞ്ഞു. അയാളത് സമ്മതിച്ചു. അപ്പുറത്തെ കൂട്ടിൽ സിംഹവും പുലിയും എല്ലാം ഉണ്ടായിരുന്നു. ജോലിയിൽ അയാൾ മികവ് കാട്ടി. ശമ്പളക്കയറ്റം കിട്ടി.

ഒരിക്കൽ ഇയാൾ സിംഹത്തിന്റെ കൂട്ടിലേക്ക് വീണു. എന്നെ കൊല്ലരുതേ എന്നും തനിക്ക് ഇംഗ്ലീഷ് അറിയില്ലെന്നും താൻ കേരളത്തിൽ നിന്നാണെന്നും ഭയചകിതനായി ഉറക്കെ അലറി. ഇതുകേട്ട സിംഹം ചോദിച്ചു. 'എവിടാ നിന്റെ വീട്?'ഞാൻ കൊല്ലംകാരനാ. ഇ ൗ ജോലിയിൽ കയറിയിട്ട് ഇപ്പോൾ പത്തുവർഷമായി, നീയോ? സിംഹവേഷവും കെട്ടിയിരുന്നത് ഒരു മലയാളിയായിരുന്നു എന്ന് തിരിച്ചറിഞ്ഞ് ആശ്വാസത്തോടെ താൻ കരുനാഗപ്പള്ളിക്കാരനാണെന്നും ജോലിയിൽ പ്രവേശിച്ചതേയുള്ളുവെന്നും കുരങ്ങിന്റെ വേഷം ധരിച്ചയാൾ മറുപടി നൽകി.

ഇരുവരും തമ്മിൽ സുഹൃത്തുക്കളായി. കുരങ്ങായി വേഷം കെട്ടിയ ആളുടെ മക്കൾ ഡോക്ടർമാരും സിംഹമായി വേഷം കെട്ടിയ ആളുടെ മക്കൾ എഞ്ചിനീയർമാരുമായി. അതാണ് ഞാൻ പറഞ്ഞത്, ഈ രാജ്യത്തെത്തി മില്യണയർ ആകുന്നതിന് വിദ്യാഭ്യാസത്തിന്റെ ആവശ്യമില്ലെന്ന്. സാമർത്ഥ്യവും അധ്വാനിക്കാനുള്ള മനസ്സും മാത്രം മതി.

കഠിനാധ്വാനികൾക്ക് ഈ രാജ്യത്ത് ഒരുപാട് സാധ്യതകളുണ്ട്. ബുദ്ധികൂർമ്മതയോടെ സമർത്ഥമായി പ്രയത്നിച്ചാൽ, നിങ്ങളുടെ സ്വപ്നങ്ങൾ നേടാൻ ഈ രാജ്യം ഒപ്പം നിൽക്കും. ഇന്ത്യയിൽ 28 സംസ്ഥാനങ്ങളിലായി 22 വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുണ്ട്. അമൂല്യമായ സാംസ്കാരിക പൈതൃകമാണ് നമുക്കുള്ളത്. മറ്റുള്ളവർക്ക് കൈത്താങ്ങായി തീരുക... സമയം ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നന്ദി.



## ഡോ.ബാബു സ്റ്റീഫൻ



ന്യൂയോർക്ക്: സംഘാടകൻ, വ്യവസായി, മാധ്യമപ്രവർത്തകൻ, പൊളിറ്റിക്കൽ ആക്ടിവിസ്റ്റ് തുടങ്ങിയ മേഖലകളിൽ മികച്ച നേട്ടം കൈവരിച്ച ഡോ.ബാബു സ്റ്റീഫൻ ഫൊക്കാന പ്രസിഡന്റ്.

സംഘടനയിൽ വലിയ മാറ്റങ്ങളും പുതിയ കർമ്മപരിപാടികളും ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ബാബു സ്റ്റീഫൻ മത്സരരംഗത്തിറങ്ങിയത്. കൺവൻഷനുകൾ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നതിനു പകരം അമേരിക്കൻ രാഷ്ട്രീയ രംഗത്തു സ്വാധീനവും ശക്തിയും മലയാളി സമൂഹത്തിന് നേടിക്കൊടുക്കുക എന്നതായിരിക്കും തന്റെ പ്രവർത്തനനയമെന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ വിവിധ ഇന്ത്യൻസംസ്ഥാനങ്ങളിലുള്ളവർ ബൈഡൻ ഭരണകൂടത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ മലയാളികൾ അവരിൽ തുലോം കുറവാണ്. ഇതുവരെ സംഘടനയ്ക്ക് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധതിരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനൊരു മാറ്റമാണ് താൻ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. പതിവ് പരിപാടികളും ചാരിറ്റി പരിപാടികളും തുടരുമെങ്കിലും മലയാളി സമൂഹത്തിന്റെ ശാക്തീകരണത്തിനാണ് പ്രാധാന്യം നൽകുക. കേരളത്തിൽ കുറഞ്ഞത് 25 വീടുകളെങ്കിലും നൽകുക എന്നതായിരിക്കണം ആദ്യവർഷത്തെ പരിപാടി. ജനകീയ പ്രസ്ഥാനം എന്ന നിലയിൽ ജനാധിപത്യരീതിയിൽ സംഘടന പ്രവർത്തിക്കണം. എല്ലാ തലത്തിലും ഫൊക്കാനയെ ശക്തിപ്പെടുത്താൻ കൂടുതൽ കർമപദ്ധതികൾ നടപ്പിലാക്കും.

ബാബു സ്റ്റീഫൻ ഡി.സി.ഹെൽത്ത് കെയർ ഐഎൻ സിയുടെ സി.ഇ.ഒ യും എസ്.എം.റിയാലിറ്റി എൽ.എൽ.സിയുടെ പ്രസിഡന്റുമാണ്. വാഷിംഗ്ടൺ ഡിസിയിൽ നിന്നും എം.ബി.എയും 2006ൽ പി.എച്ച്.ഡിയും നേടിയ ഇദ്ദേഹം നിരവധി പ്രസ്ഥാനങ്ങളുടെ നേതൃത്വം വഹിച്ചിട്ടുണ്ട്.





A Panorama of Political, Social, Cultural and Heritage of East and West

Times of American Malayali.com is a News and periodicals on Monthly. It is a panorama of Political, Social, cultur





# ത്രിവർണപതാക ഉയർത്തിയ അരുണ അസഫലി



**സ്വാ**തന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കുള്ള ആദ്യവെളിച്ചമായിരുന്നു 1942ലെ ക്വിറ്റ് ഇന്ത്യാ സമരം. ആഗസ്റ്റ് 9-ലെ പ്രഖ്യാപനസമ്മേളനം ക്രമീകരിച്ചിരുന്നത് മുംബൈയിലെ ഗോവാളിയ ടാങ്ക് മൈതാനിയിലായിരുന്നു. ഭർത്താവിനോടൊപ്പം അരുണ അസഫലിയും ഓൾ ഇന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ മീറ്റിംഗിൽ പങ്കെടുക്കുവാനായി മുംബൈയിലെത്തി.

പ്രഖ്യാപനത്തിനു മുന്നോടിയായുള്ള തലേദിവസത്തെ സമ്മേളനത്തിൽ മഹാത്മാഗാന്ധി, ജവാഹർലാൽ നെഹ്റു, മൗലാനാ അബ്ദുൾ കലാം ആസാദ്, ഡോ.രാജേന്ദ്രപ്രസാദ് തുടങ്ങിയ ദേശീയ നേതാക്കൾക്കൊപ്പം അരുണ അസഫലിയും പങ്കെടുത്തു.

അരുണ അസഫലി യുവജനവിഭാഗത്തെ ആഹ്വാനം ചെയ്തു സംസാരിച്ചു. രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല ലക്ഷ്യമെന്നും, ഏതു തരത്തിലുള്ള ചൂഷണത്തിനും എതിരായുള്ളതായിരിക്കണം നമ്മുടെ സ്വാതന്ത്ര്യമെന്നും അവർ ഊന്നിപ്പറഞ്ഞു. പിറ്റേദിവസം നടക്കുവാനുള്ള ക്വിറ്റ് ഇന്ത്യാ പ്രഖ്യാപനസമ്മേളനം നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. അന്നു രാത്രിയിൽതന്നെ മിക്കവാറും എല്ലാ ദേശിയനേതാക്കളെയും അറസ്റ്റു ചെയ്തു അജ്ഞാത കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു.

പൊലീസിന്റെ വൻ സന്നാഹത്തെ മറികടന്നുകൊണ്ട് അരുണ അസഫലിയുടെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. സമ്മേളന നഗറിൽ ത്രിവർണ്ണപതാക അവർ ഉയർത്തി. 'വന്ദേമാതര'ത്തിന്റെ മന്ത്ര ധ്വനി സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനു നേരെ ഉയർന്ന വെല്ലുവിളിയായി. ലാത്തിച്ചാർജിനും ടിയർ ഗ്യാസിനും സ്വാതന്ത്ര്യാഭിനിവേശത്തെ തല്ലിക്കെടുത്തുവാൻ കഴിഞ്ഞില്ല. രാജ്യമൊക്കെ ആ ആഹ്വാനം ചെവിക്കൊണ്ടു. വിദേശമേധാവിത്വം വിറളിപൂണ്ടു. ഭാരത യുദ്ധത്തിനു മുന്നോടിയായുള്ള 'മാ മനുസ്മര യുദ്ധ്യജ' എന്നതിന്റെ നവ്യമായ വ്യാഖ്യാനമായിരുന്നു ആധുനിക ഭാരത തേരാളിയായ മഹാത്മജിയുടെ 'ക്വിറ്റ് ഇന്ത്യ' മന്ത്രം.

യാഥാസ്ഥിക ബ്രാഹ്മണകുടുംബത്തിൽ ജനിച്ച്, മുസ്ലിം പണ്ഡിതനെ വരിച്ച്, മഹാത്മജിയെ ആദരിച്ച്, മാർക്സിസത്തെ താലോലിച്ച അരുണ അസഫലിയ്ക്കാണ് ക്വിറ്റ് ഇന്ത്യാ സമരപ്രഖ്യാപനത്തിനു മുന്നോടിയായുള്ള അഖണ്ഡഭാരതത്തിന്റെ പ്രതീകമായ ത്രിവർണ്ണ പതാക ഉയർത്തുവാനുള്ള മഹാഭാഗ്യം ലഭിച്ചത്.

കൽക്കത്തയിലെ ഗംഗോളികുടുംബത്തിൽ 1909 ജൂലൈ 16ന് അരുണ ഗംഗോളി ജനിച്ചു. ലാഹോറിലെ സേക്രഡ് ഹാർട്ട് കോൺ വന്റിലായിരുന്നു ആദ്യകാല വിദ്യാഭ്യാസം. കത്തോലിക്കാ വിശ്വാസത്തിൽ ആകൃഷ്ടയായ അരുണയ്ക്ക് കന്യാസ്ത്രീയാകണമെന്നതായിരുന്നു ആഗ്രഹം. ബ്രാഹ്മണ കുടുംബത്തിന് അതു സഹിക്കുവാൻ കഴിയുമായിരുന്നില്ല. ഭക്ഷണശാല നടത്തിക്കൊണ്ടിരുന്ന പിതാവ് മകളെ നിർബന്ധിച്ച് നൈനിറ്റാളിലെ പ്രൊട്ടസ്റ്റന്റ് സ്കൂളിലേക്ക് മാറ്റി. ഉയർന്ന വിജയത്തോടെ പഠനം പൂർത്തിയാക്കിയ അരുണ ഇംഗ്ലണ്ടിൽ പോയി പഠിക്കുവാനുള്ള പണസമ്പാദനാർത്ഥം കൽക്കത്തയിലെ ഗോഖലെ മെമ്മോറിയൽ സ്കൂളിൽ അദ്ധ്യാപികയായി. 1927ലെ ഡിസംബർമാസത്തിൽ അലഹബാദിൽ സഹോദരിയുടെ ഭവനത്തിലെത്തിയ അരുണ, അസഫ് അലിയുമായി പരിചയപ്പെട്ടു. അറിയപ്പെടുന്ന ബാരിസ്റ്ററും പണ്ഡിതനുമായ അസഫലിയെ പത്തൊൻപത് വയസ്സുമാത്രമുള്ള അരുണ സ്നേഹിച്ചുതുടങ്ങി. അരുണയെക്കാൾ അസഫലിക്ക് 22 വയസ് കൂടുതലുണ്ടായിരുന്നു. സ്വസമുദായത്തിന്റെയും വീട്ടുകാരുടെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട് 1928 സെപ്റ്റംബറിൽ അരുണ, കുത്സം സമാനി എന്ന പേരിൽ ഇസ്ലാം ആചാരപ്രകാരം വിവാഹിതയായി. പിതാവായ ഉപേന്ദ്രനാഥ് പിറ്റേ മാസം അന്തരിച്ചു.

അതിപ്രഗത്ഭനായ വക്കീലായിരുന്നു അസഫലി. ഭഗത്സിംഗിന്റെ വധശിക്ഷയ്ക്കെതിരായി വാദിക്കാൻ പഞ്ചാബ് ഹൈക്കോടതിയിൽ ഹാജരായത് അസഫലിയായിരുന്നു. ആനിബസന്റിന്റെ ഹോം റൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് പൊതുപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചത്. 1921ൽ ജയിൽമോചിതനായ അസലി ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. 1946ലെ ഇടക്കാല കേന്ദ്രസർക്കാരിൽ ഗതാഗത റെയിൽവേമന്ത്രിയായി.

ഭർത്താവിനോടൊപ്പം അരുണയും രാഷ്ട്രീയകാര്യങ്ങളിൽ ബന്ധപ്പെട്ടു തുടങ്ങി. 1930ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതോടെ അരുണ അസഫലി ദേശവ്യാപകമായി അറിയപ്പെട്ടുതുടങ്ങി. ഉപ്പുസത്യാഗ്രഹം ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പുമാത്രമായിരുന്നില്ല, സ്വന്തം പ്രകൃതിവിഭവങ്ങളെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുവാനുള്ള സ്വാതന്ത്യം കൂടിയായിട്ടായിരുന്നു കണക്കാക്കിയത്. അറസ്റ്റു വരിച്ചു. ഒരു വർഷം ജയിലിൽ കിടന്നു. ഗാന്ധിജി-ഇർവിൻ സംഭാഷണത്തെ തുടർന്ന് ജയിൽമോചിതരായവരിൽ അരുണയേയും ഉൾപ്പെടുത്താത്തതിൽ പ്രതിഷേധമുയർന്നതിനെതുടർന്ന് അവർ മോചിതയായി. സത്യാഗ്രഹപരിപാടിയിൽ പങ്കെടുത്തതിന്റെ പേരിൽ 1932ൽ വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടു. രാഷ്ട്രീയ തടവുകാർക്ക് ശരിയായ ഭക്ഷണം ലഭിക്കുന്നില്ലായെന്നതിന്റെ പേരിൽ ജയിലിൽ സമരപരിപാടികൾ അവർ ആവിഷ്കരിച്ചു. തുടർന്ന് ഏകാന്തതടവിനായി അംബാലയിലേക്ക് കൊണ്ടുപോയി.

ജയിൽമോചിതയായശേഷവും അറസ്റ്റ് വാറന്റുണ്ടായി. സോഷ്യലിസ്റ്റ് നേതാക്കൾക്കൊപ്പം അരുണ ഒളിവിൽ പാർത്തു. അവരുടെ വസ്തുവകകൾ കണ്ടുകെട്ടി. കണ്ടുപിടിച്ചുകൊടുക്കുന്നവർക്ക് 5000 രൂപയും പ്രഖ്യാപിച്ചു. 1946 ജനുവരി 26ന് അറസ്റ്റ് പിൻവലിച്ചതിനെ തുടർന്ന് അരുണ പൊതുവേദികളിലെത്തി.

ഇടക്കാലഗവൺമെന്റ് നിലവിൽവന്നപ്പോൾ 1947 മുതൽ അമേരിക്കൻ സ്ഥാനപതിയായി അസഫലി നിയമിതനായി. ഭർത്താവിനോടൊപ്പം വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനുള്ള അവസരം അരുണയ്ക്ക് ലഭിച്ചു.

ഭാരതം സ്വതന്ത്രമാകുമ്പോൾ അരുണ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗമായിരുന്നു. 1948ൽ സ്വന്തമായി ഒരു സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. 1955ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ലയിച്ചു. തുടർന്ന് പാർട്ടിയുടെ സെൻട്രൽ കമ്മറ്റിയിലും ഓൾ ഇന്ത്യാ ട്രെയ്ഡ് യൂണിയൻ വൈസ് പ്രസിഡന്റായും പ്രവർത്തിക്കുവാൻ അരുണ അസഫലിക്ക് അവസരം ലഭിച്ചു. 1958ൽ പാർട്ടിയിൽ നിന്നും പുറത്തുപോയി. ആ വർഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സഹകരണത്തോടെ മത്സരിച്ച് ഡൽഹിയിലെ ആദ്യത്തെ മേയറായി. 59 ഏപ്രിലിൽ ആ സ്ഥാനം രാജിവച്ചു. ഇടതുപക്ഷവീക്ഷണമുള്ള ലിങ്ക് വാരികയും പേട്രിയറ്റ് ദിനപത്രവും അവരുടെ ശ്രമഫലമായിട്ട് ആരംഭിച്ചതാണ്. നെഹ്രുവിന്റെ മരണത്തെ തുടർന്ന് 1964ൽ വീണ്ടും കോൺഗ്രസിലേക്ക് ചേക്കേറിയെങ്കിലും പിന്നീട് അരുണ അസഫലിയുടെ നേതൃത്വവൈഭവം പ്രകടിപ്പിക്കുവാൻ കഴിയാത്ത സാഹചര്യവുമായി.

സമാധാനത്തിനുള്ള ലെനിൻ പ്രൈസ്(1975), ജവാഹർലാൽ ഇന്റർ നാഷണൽ അവാർഡ് (1991) എന്നീ ബഹുമതികൾ അവരെ തേടിയെത്തി. 1996 ജൂലൈ 29ന് ആ ധീരദേശാഭിമാനി അന്തരിച്ചു. 1998ൽ മരണാനന്തര ബഹുമതിയായി ഭാരതരത്നം നൽകിയതോടൊപ്പം ആ വർഷം തന്നെ പോസ്റ്റൽ സ്റ്റാമ്പും പ്രസിദ്ധീകരിച്ച് അരുണ അസഫലിയെ രാഷ്ട്രം ആദരിച്ചു.



ഇന്ത്യയെ കീഴടക്കുന്നതിന് ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥന്മാർ ഉപയോഗിച്ചതുപോലെയുള്ള ഹീനമായ മാർഗങ്ങൾ ലോകചരിത്രത്തിൽ വളരെ ചുരുക്കമായേ കാണാൻ കഴിയൂ. മഹത്തായ ആ രാജ്യത്തോട് നാം ചെയ്ത മഹാപാപത്തിന് എന്താണൊരു പരിഹാരം? ഒറ്റവാക്കിൽ ഉത്തരം പറയാം: ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം അനുവദിക്കുക....

– **ആനി ബെസന്റ്**



സ്വരാജ് എന്റെ ജന്മാവകാശമാണ്. ഞാൻ അത് നേടുക തന്നെ ചെയ്യും

– **ബാലഗംഗാധരതിലകൻ**



ഞാനിപ്പോൾ വളരെ സന്തുഷ്ടനാണ്. തൂക്കുമരത്തിലേറുക എന്നത് സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗം മാത്രം... ഞാൻ ധീരമായ പുഞ്ചിരിയോടെ തൂക്കിലേറിയാൽ ഇന്ത്യയിലെ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ എന്നെപ്പോലെയാകാൻ ഉപദേശിക്കും... മരിച്ചാലും ഞങ്ങളുടെ ദേശസ്നേഹം നിലനില്ക്കും. ഞങ്ങളുടെ മൃതശരീരങ്ങൾക്കു മാതൃഭൂമിയുടെ മണ്ണിന്റെ മണമുണ്ടായിരിക്കും

– **സർദാർ ഭഗത്സിംഗ്**



ഏതാനും ചിലരുടെ കൈകളിൽ അധികാരം ഒതുങ്ങിക്കിട്ടുന്നതല്ല സ്വാതന്ത്ര്യം; പിന്നെയോ? അധികാര ദുർവിനിയോഗം എവിടെക്കണ്ടാലും അതിനെ നിർഭയമായി എതിർക്കാനും ചെറുത്തു നില്ക്കാനുമുള്ള സമൂഹത്തിന്റെ കരുത്താണ് അത്. അധികാരനിയന്ത്രണത്തെക്കുറിച്ച് സാധാരണക്കാരൻ ബോധവാനാകുമ്പോൾ ആ കരുത്ത് അനുഭവത്തിൽ വരും.

– **ഗാന്ധിജി**



പ്രധാനമന്ത്രി നെഹ്റു ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ പിരിച്ചുവിട്ടു. 1960ൽ നടന്ന തെരഞ്ഞെടുപ്പിൽ ആർ. ശങ്കറിന്റെ നേതൃത്വത്തിൽ കോൺഗ്രസ് വിജയിച്ചു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിക്ക് അംഗസംഖ്യ കൂടുതലായിരുന്നതിനാൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. ആർ. ശങ്കർ ഉപമുഖ്യമന്ത്രിയായി ധനകാര്യവകുപ്പിന്റെ ചുമതലയും കൈകാര്യം ചെയ്തു. രണ്ടു വർഷത്തിനുശേഷം പട്ടം താണുപിള്ള പഞ്ചാബിലെ ഗവർണറായി. തുടർന്ന് ആർ.ശങ്കർ മൂന്നാമത്തെ മുഖ്യമന്ത്രിയായി.

സംസ്ഥാന കെ.എസ്.ആർ.ടി.സിയുടെയും ടാറ്റാകമ്പനിയുടെയും ഇടനില എന്ന നിലയിൽ കുളത്തുങ്കൽ പോത്തന്റെ വ്യവസായം കൂടുതൽ വളർന്നു. കമ്മീഷൻ ഏജന്റ് എന്ന നിലയിലുള്ള ആരോപണം പരക്കെ ഉയർന്നു. പി.ടി.ചാക്കോയും ആർ.ശങ്കറും തമ്മിൽ ആശയപരമായി അകന്നു. കേരളരാഷ്ട്രീയത്തിൽ പുതിയ ധ്രുവീകരണം സംഭവിച്ചു. വിദേശരാജ്യത്തുനിന്നും ഇറക്കുമതി ചെയ്യുന്ന ബെൻസ് കാർ മുൻഗണനാക്രമത്തെ മറികടന്ന് കുളത്തുങ്കൽ പോത്തന് ലഭിക്കുന്നു എന്ന വാർത്ത അദ്ദേഹത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 'ബ്ലിറ്റ്സി'ലൂടെ പുറത്തുവന്നതോടെ സ്ഥിതിഗതികൾ കൂടുതൽ വഷളായി. കോൺഗ്രസ് നേതാക്കളിലെ ചിലരുടെ മൗനാനുവാദത്തോടെ അവതരിപ്പിക്കപ്പെട്ട അവിശ്വാസത്തെ തുടർന്ന് ആർ. ശങ്കർ രാജിവച്ചു. 1966ൽ കുളത്തുങ്കൽ ജോസഫ് പോത്തൻ അന്തരിച്ചതോടെ അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രതിയോഗികളുടെ ഊഴമെത്തി. വില്പന നികുതിയിൽ ക്രമക്കേടുണ്ടെന്ന ആരോപണത്തെ തുടർന്ന് കുളത്തുങ്കൽ മോട്ടോഴ്സിന്റെ സർവ്വ സ്ഥാവരജംഗമ സ്വത്തുക്കളും സർക്കാർ കണ്ടുകെട്ടി. ഇക്കാലത്ത് പ്രതാപ് പോത്തൻ മദ്രാസ് ക്രിസ്ത്യൻ കോളജിൽ സാമ്പത്തികശാസ്ത്രത്തിൽ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയായിരുന്നു. അതിസമ്പന്നതയിൽ വളർന്ന പ്രതാപ് പോത്തൻ ദാരിദ്ര്യത്തിന്റെ കയ്പുനീരനുഭവിച്ചുതുടങ്ങി. ഫീസിനും താമസത്തിനും ഭക്ഷണത്തിനുമുള്ള പണം മാതാവ് മുടക്കംകൂടാതെ എത്തിച്ചിരുന്നുവെങ്കിലും കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ പരിതാപകരമായിരുന്നു.

ലൗഡെയിൽ സ്കൂൾ വ്യത്യസ്തതയുടെ അനുഭവമാണ് പ്രതാപ് പോത്തന് സമ്മാനിച്ചത്. വളരെ ചെറുപ്രായത്തിൽത്തന്നെ വീട് അന്യമായി. വല്ലപ്പോഴുമൊരിക്കൽ സ്വന്തം വീട്ടിലെത്തുമ്പോഴും അത് സ്വന്തമായിരുന്നില്ലായെന്ന തോന്നലായിരുന്നു ഉണ്ടായിരുന്നത്. പ്രായത്തിൽ അന്തരമുണ്ടായിരുന്ന സഹോദരങ്ങൾ അവരുടേതായ ജീവിതത്തിലേക്ക് മാറിയിരുന്നു. ആകെയുള്ള സൗഹൃദം സുഹൃത്തുക്കളായിരുന്നു. അവരാണ് എക്കാലവും തന്നോടൊപ്പമുണ്ടാകുക എന്ന തോന്നൽ പ്രതാപ് പോത്തനിൽ ബലപ്പെട്ടു. വായനയിലൂടെ മറ്റൊരു ലോകവും സൃഷ്ടിച്ചിരുന്നു. അവിടെ ഭാവനയും യാഥാർത്ഥ്യവും കെട്ടുപിണഞ്ഞു കിടന്നു. കുസൃതിത്തരത്തിനുള്ള ശിക്ഷ വേണ്ടുവോളം ലഭിച്ചു. പൊക്കക്കുറവുള്ള കുട്ടിയായിരുന്നതിനാൽ ആദ്യബെഞ്ചിലെ നോട്ടപ്പുള്ളിയായിരുന്നു. സ്കിറ്റുകളിലും മറ്റും പങ്കെടുത്തു. ഈയൊരു കഴിവ് തുടർപഠനകാലത്തും പ്രകടമാക്കി.

ഹരി പോത്തൻ പിതാവിന്റെ താല്പര്യത്തെ ധിക്കരിച്ചുകൊണ്ട് സിനിമ നിർമ്മാണമേഖലയിൽ പ്രവേശിച്ചു. കെ.പി.എ.സിയുടെ അശ്വമേധമാണ് അദ്ദേഹം നിർമ്മിച്ച ആദ്യചിത്രം. തുടർന്ന് തുലാഭാരം, നദി, ഇതാ ഇവിടെ വരെ, രതിനിർവേദം തുടങ്ങി അങ്കിൾ ബൺ വരെ ഏതാണ്ട് ഇരുപത്തിരണ്ടോളം സിനിമകൾ ഹരി പോത്തൻ നിർമ്മിച്ചു. പ്രതാപ് പോത്തന് അവിടെയെങ്ങും ഒരിടമുണ്ടായിരുന്നില്ല എന്നുമാത്രമല്ല, സ്വന്തം ജീവിതം കണ്ടെത്തുവാൻ സ്വയം നിർബന്ധിതനുമായി.

ഡിഗ്രി പഠനം പൂർത്തിയാക്കിയ പ്രതാപ് പോത്തൻ 1971ൽ മുംബൈയിലെ എം.സി.എം. കമ്യൂണിക്കേഷനിൽ കോപ്പി റൈറ്ററായി തുടക്കത്തിൽ 250 രൂപ ശമ്പളത്തിൽ ജോലി തുടങ്ങി. പരസ്യങ്ങൾക്ക് തലക്കെട്ടുകൾ നല്കുക എന്നതായിരുന്നു ജോലി. ലൗഡെയിൽ സ്കൂളിൽ നിന്നും സ്വായത്തമായ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും വിപുലമായ വായനയും ആ മേഖലയിൽ പിടിച്ചു നിൽക്കാൻ സഹായിച്ചു. ജീവിതച്ചെലവ് കൂടിയപ്പോൾ സിട്രാസ്, ഹിന്ദുസ്ഥാൻ തോംപ്സൺ തുടങ്ങിയ പരസ്യകമ്പനികളിലും ജോലി ചെയ്തു.

എപ്പോഴോ മനസ്സിൽ കുടിയേറിയ സംവിധായകൻ ആകണം എന്ന ആഗ്രഹവുമായി മദ്രാസിലെത്തി. അങ്ങിനെ കഴിയുമ്പോഴാണ് ഗിരീഷ് കർണ്ണാട്ടിന്റെ നേതൃത്വത്തിൽ ഒരു നാടക സമിതി രൂപീകരിച്ച വിവരം അറിയുന്നത്. മദ്രാസ്പ്ലേയേഴ്സ് എന്ന പേരിൽ ഇംഗ്ലീഷ് നാടകങ്ങൾ അവതരിപ്പിക്കുക എന്നതായിരുന്നു പ്ലേയേഴ്സിന്റെ ലക്ഷ്യം. പ്രതാപ് പോത്തനും അതിൽ ചേർന്നു. ബർണാർഡ് ഷായുടെ 'ആൻഡ്രോക്ലിസ് ആന്റ് ദ ലയൺ' എന്ന നാടകം കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. കമലഹാസൻ, കെ.ബാലചന്ദ്രൻ, ഭരതൻ തുടങ്ങിയവർ ആ നാടകം കണ്ടു. അവരുമായി പ്രതാപ് പോത്തൻ പരിചയത്തിലായി. വായന അവരുടെ അകൽച്ചയെ കുറച്ചു.

പ്രതാപ് പോത്തനിലെ നടനെ കണ്ടെത്തിയത് ഭരതനായിരുന്നു. കഥയും തിരക്കഥയും സംവിധാനവും ഭാഗിക നിർമ്മാണവും നിർവ്വഹിച്ച ഭരതന്റെ ചിത്രമായ 'ആരവ'ത്തിലാണ് പ്രതാപ് പോത്തൻ 1978ൽ ആദ്യമായി അഭിനയിച്ചത്. അധികമാരും ശ്രദ്ധിക്കാതെപോയ കോഴിപ്പോരുകാരനായ 'കൊക്കരക്കോ' എന്ന കഥാപാത്രത്തിന്റെ വേഷമാണിട്ടത്. ഭരതന്റെ പരാജയപ്പെട്ട ചിത്രമായി 'ആരവം' മാറി.

# പ്രതാപ് പോത്തൻ

**1952 ഫെബ്രുവരി 15– 2022 ജൂലൈ 15**




**സ്വന്തമായി ഒരു ചിത്രം നിർമ്മിക്കണം എന്ന ആഗ്രഹത്തിന്റെ സഫലതയാണ് 'മീണ്ടും ഒരു കാതൽ കഥൈ'. പക്വതയില്ലാത്ത യുവമിഥുനങ്ങളുടെ പ്രണയകഥ പറയുന്ന ചിത്രം. ഇതിലെ നായികയുടെ അന്വേഷണം പതിനെട്ടുകാരിയായ രാധികയിലെത്തി. ഉള്ളു തുറന്നു സംസാരിക്കാനും തന്നെ കേൾക്കുവാനുമുള്ള താല്പര്യത്തിൽ നിന്നും അവർ പ്രണയവഴികളിലൂടെ സഞ്ചരിച്ചു. ചിത്രീകരണം തുടങ്ങുന്നതിനു മുമ്പുതന്നെ ഇരുവരും വിവാഹിതരായി. ചിത്രം ശ്രദ്ധിക്കപ്പെട്ടു. നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി പ്രഥമ പുരസ്കാരം 1984ൽ പ്രതാപ് പോത്തന് ലഭിച്ചു.**

1979ൽ പ്രദർശനത്തിനെത്തിയ 'തകര' പ്രതാപ് പോത്തന്റെ ജീവിതത്തിലെ വഴിത്തിരിവായി. പത്മരാജൻ തിരക്കഥയെഴുതി ഭരതൻ സംവിധാനം ചെയ്ത ചിത്രം. 'ആരവം' സമ്മാനിച്ച വൻപരാജയത്തിന്റെ അതിജീവനത്തിനായുള്ള കൂട്ടായ പരിശ്രമമായിരുന്നു ആ ചിത്രം. ഏറെ പ്രതീക്ഷ ഉണ്ടായിരുന്നിട്ടും ആറുമാസം വിതരണക്കാരില്ലാതെ പെട്ടിയ്ക്കുള്ളിൽ വിശ്രമിച്ച തകര സാഗരിഗ റിലീസ് ചെയ്തു.

ചെല്ലപ്പനാശാരിയുടെ (നെടുമുടി വേണു) വാക്കുകളിൽ പ്രലോഭിതനായി സുഭാഷിണിയുമായി (സുരേഖ) തകര (പ്രതാപ് പോത്തൻ) ശാരീരിക ബന്ധത്തിലേർപ്പെടുന്നതും ഇതറിഞ്ഞ സുഭാഷിണിയുടെ അച്ഛൻ മാത്തുമൂപ്പൻ (കെ.ജി.മേനോൻ) തകരയെ തല്ലിബോധം കെടുത്തുന്നതും, കാശുണ്ടാക്കി കത്തിയുമായി തിരിച്ചെത്തി മൂപ്പനെ തകര കുത്തിക്കൊല്ലുന്നു. അച്ഛനെ കൊന്നവന്റെ വിവാഹ അഭ്യർത്ഥന സുഭാഷിണി നിരസിക്കുന്നതോടെ നിസ്സഹായനായ തകര പ്രതീക്ഷയറ്റവനായി ട്രെയിനു മുന്നിൽചാടി ആത്മഹത്യ ചെയ്യുന്നതുമായ കഥാപാത്രത്തെയാണ് പ്രതാപ് പോത്തൻ അവതരിപ്പിച്ചത്. തകരയുടെ കൈ വീശിയുള്ള നടത്തം പ്രതാപ് പോത്തനും നെടുമുടിയും ചേർന്നാണ് കഥാപാത്രത്തിനിണങ്ങുന്ന രീതിയിലാക്കിയത്. ഇത്തരത്തിൽ ശ്രദ്ധിക്കപ്പെട്ട പല സന്ദർഭങ്ങളും ഇരുവരും ചേർന്ന് ഒരുക്കുന്നതിൽ ഭരതൻ സ്വാതന്ത്ര്യം നൽകിയിരുന്നു.

തകരയുടെ പ്രതിച്ഛായയുള്ള ഒരു കഥാപാത്രം മലയാളസിനിമയിൽ അതുവരെ ഉണ്ടായിരുന്നില്ല. കഥാനായകന്റെ നിഷേധഭാവത്തിന് നിഷ്കളങ്കതയുടെ പുറംകുപ്പായം അലങ്കാരമാകുകയായിരുന്നു. പൂവച്ചൽ ഖാദറിന്റെ വരികൾക്ക് എം.ജി.രാധാകൃഷ്ണന്റെ സംഗീതം. യേശുദാസും എസ്.ജാനകിയും ഗായകരായി. 'കുടയോളം ഭൂമി....', 'മൗനമേ...നിറയും മൗനമേ....' എന്നീ ഗാനങ്ങൾ ചിത്രത്തെ കൂടുതൽ പ്രശസ്തിയിലേക്കുയർത്തി.

ടി.ദാമോദരൻ പ്രതാപ് പോത്തനു വേണ്ടി എഴുതിയ തിരക്കഥയാണ് 'അങ്ങാടി'. എന്നാൽ പ്രതാപ് പോത്തൻ ആ ചിത്രത്തിനു പകരം രഘുകുമാർ നിർമ്മിച്ച് ബേബി സംവിധാനം ചെയ്ത 'പപ്പു' എന്ന ചിത്രമാണ് ആ വർഷം തെരഞ്ഞെടുത്തത്. അതൊരു വൻ പരാജയമായിരുന്നു. ഐ.വി.ശശി സംവിധാനം ചെയ്ത് പി.വി. ഗംഗാധരൻ നിർമ്മിച്ച 'അങ്ങാടി'യിലൂടെ ജയൻ നായകനിരയിലേക്ക് വരികയും ചെയ്തു.

ബാലകൃഷ്ണൻ മങ്ങാടിന്റെ കഥയ്ക്ക് ജോൺ പോൾ തിരക്കഥയും സംഭാഷണവും എഴുതി ഭരതൻ നിർമ്മിച്ച 'ചാമരം' പുതിയൊരു കാമ്പസ് പ്രണയത്തെ യുവലോകത്തിനു സമ്മാനിച്ചു. കോളേജ് വിദ്യാർത്ഥി വിനോദ് (പ്രതാപ് പോത്തൻ) അധ്യാപികയായ ഇന്ദുവിനെ (സറീന വഹാബ്) പ്രണയിക്കുന്നു. കേരളീയ ത്തിന്റെ സദാചാരബോധം അംഗീകരിക്കാൻ കഴിയാത്ത ഈ കഥ ഭരതന്റെ ചിത്രീകരണത്തികവിൽ പ്രേക്ഷകസമൂഹം നിരാകരിച്ചില്ല.

എൺപതുകൾ പ്രതാപ് പോത്തന്റെ അഭിനയ ജീവിതത്തിലെ തുടർച്ചയുടെ കാലമായിരുന്നു. 'ആരോഹണം', 'തളിരിട്ട കിനാക്കൾ', 'ഓളങ്ങൾ, ഇടവേള', 'നവംബറിന്റെ നഷ്ടം', 'അമേരിക്ക അമേരിക്ക', 'ഒന്നു മുതൽ പൂജ്യംവരെ', 'നിറഭേദങ്ങൾ' എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു. ആരുമായും അധികം ഇടപഴകുവാൻ കഴിയാത്ത ഒറ്റപ്പെടലിന്റെ അനുഭവത്തിലൂടെയാണ് പ്രതാപ് പോത്തൻ കഴിഞ്ഞത്. കെ.പി.ഉമ്മർ, എം.ജി.സോമൻ തുടങ്ങിയ മുതിർന്നവരെ എങ്ങനെയാണ് സമീപിക്കേണ്ടതെന്ന് അറിയില്ലായിരുന്നു. പത്തുമിനിറ്റിലെ സീനിനുവേണ്ടി മണിക്കൂറോളം സെറ്റിൽ കഴിയേണ്ടിവന്നപ്പോഴും പുസ്തകങ്ങളായിരുന്നു ആശ്രയം.

സ്വന്തമായി ഒരു ചിത്രം നിർമ്മിക്കണം എന്ന ആഗ്രഹത്തിന്റെ സഫലതയാണ് 'മീണ്ടും ഒരു കാതൽ കഥൈ'. പക്വതയില്ലാത്ത യുവമിഥുനങ്ങളുടെ പ്രണയകഥ പറയുന്ന ചിത്രം. ഇതിലെ നായികയുടെ അന്വേഷണം പതിനെട്ടുകാരിയായ രാധികയിലെത്തി. ഉള്ളു തുറന്നു സംസാരിക്കാനും തന്നെ കേൾക്കുവാനുമുള്ള താല്പര്യത്തിൽ നിന്നും അവർ പ്രണയവഴികളിലൂടെ സഞ്ചരിച്ചു. ചിത്രീകരണം തുടങ്ങുന്നതിനു മുമ്പുതന്നെ ഇരുവരും വിവാഹിതരായി. ചിത്രം ശ്രദ്ധിക്കപ്പെട്ടു. നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി പ്രഥമ പുരസ്കാരം 1984ൽ പ്രതാപ് പോത്തന് ലഭിച്ചു.

അഭ്രപാളികളിലെ പ്രണയാതുരത ജീവിതത്തിൽ നിലനിർത്തുവാൻ ഇരുവർക്കും കഴിയാതെയായി. ഒന്നരവർഷത്തെ ദാമ്പത്യത്തെ തുടർന്ന് ഇരുവരും പിരിയുവാൻ തീരുമാനിച്ചു. 'ആരെയും കുറ്റം പറയാൻ പറ്റില്ല. കാരണം ഞാനൊരു ഭർത്താവ് മെറ്റീരിയൽ അല്ലായിരുന്നു. എന്റെ കൂടെ അഭിനയിച്ചു തുടങ്ങിയപ്പോൾ രാധിക അറിയപ്പെടുന്ന നടിയായിരുന്നില്ല. അതിനുശേഷമാണ് രാധിക പ്രശസ്തിയിലേക്ക് ഉയർന്നത്. പിന്നീട് നല്ലൊരു നടിയായി മാറി. വിവാഹം എന്നത് എനിക്ക് പറഞ്ഞിട്ടുള്ളതല്ല. അതിലൊട്ടു വിശ്വാസവുമില്ല' എന്നാണ് പ്രതാപ് പോത്തൻ വർഷങ്ങൾക്കുശേഷം നടന്ന അഭിമുഖത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രതികരിച്ചത്.

പ്രതാപ് പോത്തന്റെ വ്യക്തിത്വം മിക്ക കഥാപാത്രങ്ങളെപ്പോലെതന്നെ പക്വതയില്ലാത്തതായിരുന്നു. താൻ വളർന്ന സാഹചര്യമായിരിക്കാം അതിനുകാരണമെന്ന് അദ്ദേഹം ചില സന്ദർഭങ്ങളിൽ ഓർത്തെടുത്തിട്ടുണ്ട്.

നവാഗത സംവിധായകനുള്ള അവാർഡ് നേടിയ പ്രതാപ് പോത്തന് എം.ടി നൽകിയ സമ്മാനമായിരുന്നു 'ഋതുഭേദം' എന്ന തിരക്കഥ. അതിന്റെ കഥയും സംഭാഷണവും എം.ടിയുടേതായിരുന്നു.

➲11




**നമ്മുടെ നാട്ടിൽ ഉത്സവങ്ങൾക്ക് വലിയ സാംസ്കാരിക മഹത്വം ഉണ്ട്. ഉത്സവങ്ങൾ ജനങ്ങളെയും മനസ്സുകളെയും ഒന്നിപ്പിക്കുന്നു. ഹിമാചൽ പ്രദേശിൽ മഴക്കാലത്തിനുശേഷം ഖരീഫ്‌വിളകൾ പാകമാകുമ്പോൾ സെപ്റ്റംബറിൽ ഷിംലയിൽ, മാണ്ഡിയിൽ, കുള്ളുവിൽ. സോലനിൽ സൈരിഅഥവാ സൈർആഘോഷിക്കുന്നു.**

**തേനിന് നമ്മുടെ പരമ്പരാഗത ആരോഗ്യശാസ്ത്രത്തിൽ എത്രയേറെ പ്രാധാന്യമാണുള്ളതെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ആയുർവേദ ഗ്രന്ഥങ്ങളിൽ തേനിനെ അമൃത് എന്നാണ് പറഞ്ഞിരിക്കുന്നത്. തേൻ നമുക്ക് സ്വാദ് മാത്രമല്ല, ആരോഗ്യവും പ്രദാനം ചെയ്യുന്നു. തേൻ ഉല്പാദനരംഗത്ത് ഇന്ന് അനേകം സാധ്യതകളുണ്ട്. പ്രൊഫഷണൽ ഡിഗ്രി എടുത്ത യുവാക്കളും ഇതിൽ സ്വയംതൊഴിൽ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള ഒരാളാണ് യു പിയിലെ ഖോരക്പുരിലെ ശ്രീ നിമിത് സിംഗ്.**

നല്ലൊരു തുടക്കമാണ്.

സുഹൃത്തുക്കളേ,

നമ്മുടെ രാജ്യത്ത് ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട് മഹത്തരമായ പ്രയത്നങ്ങൾ നടക്കുന്നു. ഈ ജൂലൈ മാസത്തിൽ തന്നെ ഇന്ത്യൻ വെർചൽ ഹെർബേറിയം ലോഞ്ച് ചെയ്യപ്പെട്ടു. നമ്മുടെ വേരുകളുമായി ചേരുന്നതിന് ഡിജിറ്റൽ ലോകത്തെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിന് ഉദാഹരണമാണ് ഇത്. സംരക്ഷിത ചെടികൾ അഥവാ ചെടികളുടെ ഭാഗങ്ങളുടെ ഡിജിറ്റൽ ഇമേജിന്റെ താല്പര്യജനകമായ സംഗ്രഹമാണ് ഇന്ത്യൻ വെർചൽ ഹെർബേറിയം. ഇവ വെബുകളിൽ സുലഭമാണ്. ഈ വെർചൽ ഹെർബേറിയത്തിൽ ഒരുലക്ഷത്തിലധികം സ്പെസിമെൻസുമായി ബന്ധപ്പെട്ട് സയന്റിഫിക് ഇൻഫർമേഷൻ ലഭ്യമാണ്. ഭാരതത്തിന്റെ സസ്യവൈവിദ്ധ്യത്തിന്റെ സമൃദ്ധമായ ചിത്രം വെർചൽ ഹെർബേറിയത്തിൽ കാണപ്പെടുന്നു. ഇന്ത്യൻ വെർചൽ ഹെർബേറിയം ഭാരതീയ സസ്യജാലങ്ങളുടെ ഗവേഷണത്തിന് മഹത്തായ റിസോഴ്സ് ആകുമെന്ന് ഞാൻ കരുതുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

മൻ കീ ബാത്തിലൂടെ ഓരോ പ്രാവശ്യവും നമ്മൾ, നമ്മളിൽ ആഹ്ലാദമുണർത്തുന്ന, നമ്മുടെ നാട്ടുകാരുടെ വിജയഗാഥകൾ ആണ് ചർച്ച ചെയ്യുന്നത്. അങ്ങനെയുള്ള വിജയഗാഥ ചുണ്ടിൽ പുഞ്ചിരി പടർത്തുമെങ്കിൽ, നാവിൽ മാധുര്യം ഉണർത്തുമെങ്കിൽ അതിനെ നമ്മൾ സ്വർണ്ണത്തിന് സുഗന്ധം പോലെ എന്നുപറയും. നമ്മുടെ കൃഷിക്കാർ ഈയിടെ തേൻ ഉല്പാദനത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. തേനിന്റെ മാധുര്യം നമ്മുടെ കൃഷിക്കാരുടെ ജീവിതം മാറ്റിമറിയ്ക്കുകയാണ്. അവരുടെ വരുമാനം വർദ്ധിച്ചിരിക്കുകയാണ്. ഹരിയാനയിലെ യമുനാ നഗറിൽ സുഭാഷ് കംബോജ് എന്നു പേരുള്ള തേനീച്ച വളർത്തുകാരൻ സുഹൃത്തുണ്ട്. ശാസ്ത്രീയമായി തേനീച്ച പരിപാലനം ചെയ്യുവാനുള്ള പരിശീലനം സിദ്ധിച്ചയാളാണ് ശ്രീ സുഭാഷ്. അദ്ദേഹം കേവലം ആറ് കൂടുമായാണ് ആദ്യം സംരംഭം ആരംഭിച്ചത്. ഇന്ന് അദ്ദേഹം ഏകദേശം രണ്ടായിരം കൂടുകളിൽ തേനീച്ചകളെ വളർത്തുന്നുണ്ട്. അദ്ദേഹം ഉല്പാദിപ്പിക്കുന്ന തേൻ പല രാജ്യങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. ജമ്മുവിലെ പല്ലി എന്ന ഗ്രാമത്തിൽ താമസിക്കുന്ന ശ്രീ വിനോദ് കുമാർ 1500 ലധികം തേനീച്ച കോളനികൾ പരിപാലിക്കുന്നുണ്ട്. കഴിഞ്ഞവർഷം അദ്ദേഹം റാണി തേനീച്ച പരിപാലനത്തിൽ പരിശീലനം നേടി. ഇതിലൂടെ അദ്ദേഹം 15 ലക്ഷം മുതൽ 20 ലക്ഷം വരെ വാർഷിക വരുമാനം നേടുന്നുണ്ട്. ശ്രീ മധുകേശ്വർ ഹെഗ്ഡേ കർണ്ണാടകത്തിലെ ഒരു കൃഷിക്കാരനാണ്. താൻ ഭാരത സർക്കാരിൽ നിന്നും 50 തേനീച്ച കോളനികൾക്കായുള്ള സബ്സിഡി എടുത്തിരുന്നു എന്ന് ശ്രീ മധുകേശ്വർ പറഞ്ഞു. ഇന്ന് അദ്ദേഹത്തിന്റെ പക്കൽ 800 ൽപ്പരം കോളനികൾ ഉണ്ടെന്നു മാത്രമല്ല, ധാരാളം ടൺ തേൻ വില്ക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം തന്റെ പ്രവർത്തനങ്ങളിൽ പല പുതുമകളും ആവിഷ്ക്കരിച്ചു. ഞാവൽ തേൻ, തുളസി തേൻ, നെല്ലിക്ക തേൻ തുടങ്ങിയ സസ്യങ്ങളിൽ നിന്ന് എടുക്കുന്ന തേനിന്റെ വിവിധ ഇനങ്ങൾ ഉണ്ടാക്കുന്നുമുണ്ട്. ശ്രീ മധുകേശ്വറിന്റെ തേനുല്പാദനത്തിലെ പുതുമയും വിജയവും അദ്ദേഹത്തിന്റെ പേര് അന്വർത്ഥമാക്കുന്നതു തന്നെയാണ്.

സുഹൃത്തുക്കളേ,

തേനിന് നമ്മുടെ പരമ്പരാഗത ആരോഗ്യശാസ്ത്രത്തിൽ എത്രയേറെ പ്രാധാന്യമാണുള്ളതെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ആയുർവേദ ഗ്രന്ഥങ്ങളിൽ തേനിനെ അമൃത് എന്നാണ് പറഞ്ഞിരിക്കുന്നത്. തേൻ നമുക്ക് സ്വാദ് മാത്രമല്ല, ആരോഗ്യവും പ്രദാനം ചെയ്യുന്നു. തേൻ ഉല്പാദനരംഗത്ത് ഇന്ന് അനേകം സാധ്യതകളുണ്ട്. പ്രൊഫഷണൽ ഡിഗ്രി എടുത്ത യുവാക്കളും ഇതിൽ സ്വയംതൊഴിൽ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള ഒരാളാണ് യു പിയിലെ ഖോരക്പുരിലെ ശ്രീ നിമിത് സിംഗ്. ശ്രീ നിമിത് ബിടെക്കുകാരനാണ്. അദ്ദേഹത്തിന്റെ അച്ഛൻ ഡോക്ടറുമാണ്. എന്നാൽ പഠിത്തം കഴിഞ്ഞശേഷം ശ്രീ നിമിത് ജോലിക്കു പകരം സ്വയംതൊഴിൽ ചെയ്യാനുള്ള തീരുമാനം എടുത്തു. അദ്ദേഹം തേൻ ഉല്പാദനം തൊഴിലായി സ്വീകരിച്ചു. ഗുണനിലവാര പരിശോധനകൾക്കായി ലഖ്നൗവിൽ സ്വന്തമായി ഒരു ലാബും ഉണ്ടാക്കി. ശ്രീ നിമിത് ഇപ്പോൾ തേനിൽ നിന്നും മെഴുകിൽ നിന്നും നല്ല വരുമാനം ഉണ്ടാക്കുന്നുണ്ട്. കൂടാതെ പല നാട്ടിൽ പോയി കർഷകർക്ക് പരിശീലനവും നൽകുന്നു. ഇതുപോലുള്ള ചെറുപ്പക്കാരുടെ ശ്രമഫലമായാണ് നമ്മുടെ രാജ്യം ഇന്ന് ഇത്ര വലിയ തേൻ ഉല്പാദക രാജ്യമായി മാറുന്നത്. നമ്മുടെ രാജ്യത്ത് തേനിന്റെ കയറ്റുമതി കൂടി എന്നറിയുമ്പോൾ നിങ്ങൾക്ക് സന്തോഷം തോന്നും. നമ്മുടെ രാജ്യം നാഷണൽ ബീ കീപ്പിംഗ് ആൻഡ് ഹണി മിഷൻ എന്ന പദ്ധതി തുടങ്ങി. കർഷകർ കഠിനമായി അദ്ധ്വാനിച്ചു. അങ്ങനെ നമ്മുടെ തേനിന്റെ മാധുര്യം ലോകമെമ്പാടും വ്യാപിച്ചു. ഈ മേഖലയിൽ ഇനിയും വലിയ സാധ്യതകളുണ്ട്. നമ്മുടെ യുവാക്കൾ ഇത്തരം അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

എനിക്ക് ഹിമാചൽ പ്രദേശിലെ മൻ കീ ബാത്ത് ശ്രോതാവ് ശ്രീമാൻ ആശിഷ് ബഹൽജീയുടെ കത്ത് കിട്ടി. അദ്ദേഹം കത്തിൽ ചമ്പയിലെ മിഞ്ചർ മേളയെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. വാസ്തവത്തിൽ ചോളത്തിന്റെ പൂവിനെയാണ് മിഞ്ചർ എന്നുപറയുന്നത്. ചോളം പൂവിടുമ്പോൾ മിഞ്ചർ മേള അഥവാ മിഞ്ചർ ഉത്സവം ആഘോഷിക്കുന്നു. ഈ ഉത്സവത്തിൽ രാജ്യത്തിന്റെ പല ഭാഗത്തുനിന്നും ടൂറിസ്റ്റുകൾ പങ്കെടുക്കാൻ വരും. യാദൃശ്ചികം എന്നുപറയട്ടെ, ഇപ്പോൾ മിഞ്ചർ മേള നടക്കുകയാണ്. നിങ്ങൾ ഇപ്പോൾ ഹിമാചൽ പ്രദേശിൽ പര്യടനം നടത്തുകയാണെങ്കിൽ ഈ ഉത്സവം കാണാൻ ചമ്പയിൽ പോകാവുന്നതാണ്. ചമ്പ വളരെ മനോഹരമായ പ്രദേശമായതുകൊണ്ടാണ് അവിടത്തെ നാടൻപാട്ടുകളിൽ ഇടയ്ക്കിടെ ഇങ്ങനെ പറയുന്നത് ചമ്പേ ഇക് ദിൻ ഓണാ കനേ മഹീനാ റൈണാഅതായത് ആരോണോ ഒരു ദിവസത്തേക്ക് ചമ്പയിൽ വരുന്നത് അവൻ ഈ പ്രദേശത്തെ മനോഹാരിത കണ്ട് ഒരുമാസം വരെ ഇവിടെ തങ്ങുന്നു.

സുഹൃത്തുക്കളേ,

നമ്മുടെ നാട്ടിൽ ഉത്സവങ്ങൾക്ക് വലിയ സാംസ്കാരിക മഹത്വം ഉണ്ട്. ഉത്സവങ്ങൾ ജനങ്ങളെയും മനസ്സുകളെയും ഒന്നിപ്പിക്കുന്നു. ഹിമാചൽ പ്രദേശിൽ മഴക്കാലത്തിനുശേഷം ഖരീഫ്‌വിളകൾ പാകമാകുമ്പോൾ സെപ്റ്റംബറിൽ ഷിംലയിൽ, മാണ്ഡിയിൽ, കുള്ളുവിൽ. സോലനിൽ സൈരിഅഥവാ സൈർആഘോഷിക്കുന്നു. സെപ്റ്റംബറിൽ തന്നെയാണ് ജാഗ്രതയും വരുന്നത്. ജാഗ്ര ഉത്സവത്തിൽ മഹാസുദേവനെ ആഹ്വാനം ചെയ്ത് ബീസു ഗാനം ആലപിക്കും. മഹാസു ദേവന്റെ ഇ ഈ ജാഗ്ര ഷിംലയിലും കിന്നൗറിലും സിർമൗറിനും ഒപ്പം ഉത്തരാഖണ്ഡിലും ആഘോഷിക്കപ്പെടുന്നു.

സുഹൃത്തുക്കളേ, നമ്മുടെ രാജ്യത്തെ പല സംസ്ഥാനങ്ങളിലേയും ആദിവാസികളുടെ ഇടയിൽ പല പരമ്പരാഗത മേളകളും അതായത് ഉത്സവങ്ങളുമുണ്ട്. ഇവയിൽ ചിലതൊക്കെ ആദിവാസികളുടെ സംസ്കാരവുമായി ബന്ധപ്പെട്ടുള്ളവയാണെങ്കിൽ ചിലത് ആദിവാസി സമൂഹത്തിന്റെ ചരിത്രവും പൈതൃകവുമായി ബന്ധപ്പെട്ടവയാണ്. ഉദാഹരണമായി നിങ്ങൾക്ക് അവസരം കിട്ടിയാൽ തെലുങ്കാനയിലെ മേഡാരമിലെ നാലുദിവസം നീണ്ടുനിൽക്കുന്ന സമക്കസരളമ്മ ജാത്ര മേള കാണാൻ പോകണം. ഈ ഉത്സവം തെലുങ്കാനയിലെ മഹാകുംമേള എന്നാണ് അറിയപ്പെടുന്നത്. സരളമ്മയെന്നും സമക്ക എന്നും പേരുള്ള രണ്ട് ആദിവാസി നായികമാരായ മഹിളകളെ ആദരിക്കുന്ന ആഘോഷമാണ് സരളമ്മ സമക്ക ജാത്ര മേള. ഇത് തെലുങ്കാനയിലെ മാത്രമല്ല, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് മുതലായ സംസ്ഥാനങ്ങളിലെയും കോയാ ആദിവാസി സമൂഹത്തിന്റെയും ആരാധനയുടെ, വിശ്വാസത്തിന്റെ കേന്ദ്രമാണ്. ആന്ധ്രാപ്രദേശിലെ മാരിദമ്മയുടെ ഉത്സവവും ആദിവാസി സമൂഹത്തിന്റെ സ്വീകാര്യതയുമായി ബന്ധപ്പെട്ട ആഘോഷമാണ്. ജേഷ്ഠമാസത്തിലെ അമാവാസി മുതൽ ആഷാഢമാസത്തിലെ അമാവാസി വരെ നീളുന്നതാണ് ഈ ഉത്സവം. ഇവിടത്തെ ആദിവാസി സമൂഹം ഇതിനെ ശക്തിയുടെ ഉപാസനയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഇവിടെ കിഴക്കൻ ഗോദാവരിയിലെ പെധാപുരത്ത് മാരിദമ്മയുടെ ഒരു ക്ഷേത്രമുണ്ട്. അതുപോലെ രാജസ്ഥാനിലെ ഗരാസിയ എന്ന ആദിവാസി സമൂഹം വൈശാഖമാസത്തിലെ ശുക്ലപക്ഷത്തിലെ ചതുർത്ഥി ദിവസം സിയാവാ മേള അഥവാ മൻഖാരോ മേള സംഘടിപ്പിക്കുന്നു.

ഛത്തീസ്ഗഢിലെ ബസ്തറിൽ നാരായണപുരത്തെ മാവലി മേള വളരെ സവിശേഷതയാർന്ന ഉത്സവമാണ്. സമീപത്തുള്ള മദ്ധ്യപ്രദേശിലെ ഭഗോരിയ മേളവളരെ പ്രസിദ്ധമാണ്. ഭോജരാജാവിന്റെ കാലത്താണ് ഭഗോരിയ മേളയ്ക്ക് തുടക്കം കുറിച്ചതെന്നും പറയപ്പെടുന്നു. അന്ന് കാസൂംര എന്നും ബാലൂൻ എന്നും പേരുള്ള ഭീൽ രാജാക്കന്മാർ അവരവരുടെ തലസ്ഥാനത്താണ് ആദ്യം ഈ ഉത്സവം സംഘടിപ്പിച്ചത്. അന്നുമുതൽ ഇക്കാലം വരെ ഈ ഉത്സവം അതേ ഉത്സാഹത്തോടെ ആഘോഷിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ ഗുജറാത്തിൽ തരണേതർ, മാധോപുർ തുടങ്ങി വളരെ പ്രസിദ്ധമായ പല ഉത്സവങ്ങളുമുണ്ട്. ഉത്സവങ്ങൾ നമ്മുടെ സമൂഹത്തിന്റെ, നമ്മുടെ ജീവിതത്തിന്റെ ഊർജ്ജസ്രോതസ്സാകുന്നു. നിങ്ങളുടെ സമീപപ്രദേശങ്ങളിലും ഇതുപോലുള്ള അനേകം ഉത്സവങ്ങൾ ഉണ്ടാകാം. ഈ ആധുനികകാലത്ത് സമൂഹത്തിലെ ഇതുപോലുള്ള പുരാതന കണ്ണികൾ ഏകഭാരതം ശ്രേഷ്ഠ ഭാരതംഎന്ന സങ്കല്പത്തെ ശക്തിപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാ ണ്. നമ്മുടെ യുവാക്കൾ തീർച്ചയായും ഇവയുമായി ബന്ധപ്പെടണം. എപ്പോഴെങ്കിലും നിങ്ങൾ ഇങ്ങനെയുള്ള ഉത്സവങ്ങളിൽ പോകണം. അവിടത്തെ ചിത്രങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവെയ്ക്കുകയും വേണം. ആഗ്രഹമുണ്ടെങ്കിൽ ഏതെങ്കിലും പ്രധാന ഹാഷ് ടാഗ് നിങ്ങൾക്ക് ഉപയോഗിക്കാം. ഇതിലൂടെ ഈ ആഘോഷങ്ങളെ കുറിച്ച് മറ്റുള്ളവരും അറിയും. സാംസ്കാരിക മന്ത്രാലയത്തിന്റെ വെബ്സൈറ്റിലും നിങ്ങൾക്ക് ആ ചിത്രങ്ങൾ അപ്ലോഡ് ചെയ്യാവുന്നതാണ്. അടുത്ത കുറച്ചു ദിവസങ്ങൾക്കുള്ളിൽ സാംസ്കാരിക മന്ത്രാലയം ഒരു മത്സരം സംഘടിപ്പിക്കുന്നു. അതിൽ ഉത്സവങ്ങളുടെ ഏറ്റവും നല്ല ചിത്രങ്ങൾ അയക്കുന്ന ആളുകൾക്ക് സമ്മാനം നൽകപ്പെടും. അപ്പോൾ പിന്നെ അമാന്തിക്കുന്നതെന്തിനാണ്! ഉത്സവങ്ങൾ കാണുക, ചിത്രങ്ങൾ പങ്കുവെയ്ക്കുക. സമ്മാനം ഒരുപക്ഷേ നിങ്ങൾക്കാണെങ്കിലോ!

➲14



# ജൂലൈ – വിയോഗം



02 ശനി

**വെള്ളാപ്പള്ളി ബ്രദേഴ്സ് മാനേജിങ് പാർട്ണർ മാത്യു അലക്സ്**

കോട്ടയം: പ്രമുഖ ബിൽഡിങ് കോൺട്രാക്ട് കമ്പനി വെള്ളാപ്പള്ളി ബ്രദേഴ്സ് മാനേജിങ് പാർട്ണറും കുമരകം ബാക്ക് വാട്ടർ റിസോർട്സ് മാനേജിങ് ഡയറക്ടറുമായ ഏറ്റുമാനൂർ പേരൂർ വെള്ളാപ്പള്ളി മാത്യു അലക്സ് (63) അന്തരിച്ചു. ഹൃദയാഘാതമായിരുന്നു മരണകാരണം. പ്രമുഖ എൻജിനീയറും കോൺട്രാക്ടറുമായിരുന്ന പരേതനായ വി.എം.അലക്സാണ്ടർ വെള്ളാപ്പള്ളിയുടെയും പരേതയായ മേരിക്കുട്ടിയുടെയും മകൻ. ഭാര്യ ബിന്ദു മാത്യു വിതുര ഇടശ്ശേരിൽ കുടുംബാംഗം. മക്കൾ പ്രിയ മാത്യു ജോസഫ്, അലക്സ് മാത്യു. മരുമക്കൾ വെളിയനാട് വാഴയിൽ വിശാഖ് എബ്രഹാം (ഏൺസ്റ്റ് ആൻഡ് യങ് ഗ്ലോബൽ ലിമിറ്റഡ്, അബുദബി), റ്റാനിയ അന്ന തോമസ് (കൂട്ടിക്കൽ). സഹോദരങ്ങൾ: ഫെമിയ ഫിലിപ്സ്, സൽജു, സബീന മർക്കോസ്, ഏബ്രഹാം അലക്സ്. വെള്ളാപ്പള്ളി ബ്രദേഴ്സിന്റെ മേൽനോട്ടത്തിലാണ് തിരുവനന്തപുരത്ത് ഐഎസ്ആർഒ, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കോഴിക്കോട് വിമാനത്താവളം തുടങ്ങിയവയുടെ കെട്ടിടം നിർമ്മിച്ചത്.



03 ഞായർ

**മുൻ ഇന്ത്യൻ ഫുട്ബോൾ താരം ഇ.എൻ.സുധീർ**

കോഴിക്കോട്: മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ഗോൾകീപ്പർ ഇ.എൻ.സുധീർ (73) ഗോവയിൽ അന്തരിച്ചു. കേരളം, മഹാരാഷ്ട്ര, ഗോവ ടീമുകൾക്കായി സന്തോഷ് ട്രോഫിയിൽ കളിച്ച സുധീർ ഇന്ത്യൻ ടീമിന്റെ വൈസ് ക്യാപ്റ്റൻ പദവിയും വഹിച്ചിട്ടുണ്ട്. റിവേഴ്സ് ഫ്ളയിങ് കിക്കിലൂടെയുള്ള സുധീറിന്റെ രക്ഷപ്പെടുത്തലുകൾ ഏറെ പ്രശസ്തമായിരുന്നു. ഇൻഡൊനീഷ്യയിൽ 1972ൽ നടന്ന ഒളിമ്പിക്സ് യോഗ്യതാ മത്സരത്തിലാണ് സുധീർ ആദ്യമായി ഇന്ത്യക്കായി കളിക്കുന്നത്. 1973ലെ മെർദേക്ക കപ്പിലും 1974ലെ ടെഹ്റാൻ ഏഷ്യൻ ഗെയിംസിലും ഇന്ത്യൻ ഗോൾവല കാത്തു. സന്തോഷ് ട്രോഫിയിൽ കേരളത്തിനായി 1969ലും 70ലും കളിച്ചു. ഗോവയ്ക്കായി മൂന്നുവർഷവും (71,72,73), മഹാരാഷ്ട്രക്കായി (75) ഒരു തവണയും ഗോൾവല കാത്തു. 27–ാം കളിയിൽനിന്നും വിരമിച്ചു. തുടർന്ന് ഖത്തറിൽ ജോലി ചെയ്തു. വിരമിച്ച ശേഷം ഗോവയിൽ സ്ഥിരതാമസമാക്കി. നടക്കാവ് പണിക്കർ റോഡിലെ വ്യവസായിയായിരുന്ന ഇ.എൻ.നാണുവിന്റെയും സൗമിനിയുടെയും മകൻ. ഗോവ സ്വദേശി പരേതയായ ലൂർദ് ഡിസൂസയാണ് ഭാര്യ. മക്കൾ അനൂപ് (ബ്രിട്ടീഷ് എയർവെയ്സ്), ജോകിൽ (പത്രപ്രവർത്തക, ഗോവൻ ഒബ്സർവർ).



03 ഞായർ

**നാടക സംവിധായകൻ പീറ്റർ ബ്രൂക്ക്**

ലണ്ടൻ: പ്രശസ്ത ബ്രിട്ടീഷ് നാടക സംവിധായകൻ പീറ്റർ ബ്രൂക്ക് (97) അന്തരിച്ചു. ഹിന്ദുപുരാണങ്ങൾ മുതൽ ഷേക്സ്പീയർ രചനകൾ വരെ അരങ്ങിലെത്തിച്ചിട്ടുള്ള പ്രതിഭയാണ്. പരമ്പരാഗത രംഗസജ്ജീകരണങ്ങളിൽ നിന്നും പുറത്തുകടന്ന ബ്രൂക്ക് അസാധാരണമായ ഇടങ്ങൾപോലും നാടകങ്ങൾക്ക് വേദിയാക്കി. വ്യായാമകേന്ദ്രങ്ങളും കാറികളും സ്കൂളുകളും ഉപേക്ഷിക്കപ്പെട്ട ഫാക്ടറികളും അതിൽപ്പെടുന്നു. 1970ൽ ഷേക്സ്പീയറിന്റെ ഐ മിഡ്സമ്മർ നൈറ്റ്സ് ഡ്രീം തന്റേതായ ശൈലിയിൽ അരങ്ങിലെത്തിച്ചതോടെയാണ് ബ്രൂക്ക് ശ്രദ്ധേയനാകുന്നത്. അതേവർഷം പാരീസിലേക്ക് ചേക്കേറി. അവിടെ സെന്റർ ഫോർ തിയേറ്റർ റിസർച്ച് ആരംഭിച്ചു. ഒമ്പതു മണിക്കൂർ മഹാഭാരത നാടകാവിഷ്കാരം പ്രശസ്തമാണ്. 1925 മാർച്ച് 21ന് ലണ്ടനിലാണ് ബ്രൂക്ക് ജനിച്ചത്. പതിനാറാം വയസ്സിൽ സ്കൂളുപേക്ഷിച്ച് ഫിലിം സ്റ്റുഡിയോയിൽ ചേർന്നു. പിന്നീട് ഓക്സ്ഫോർഡ് സർവകലാശാലയിൽ നിന്നും ഇംഗ്ലീഷിലും വിദേശഭാഷകളിലും ബിരുദം നേടി. 2021ൽ ഇന്ത്യ പത്മശ്രീ പുരസ്കാരം സമ്മാനിച്ചു. ദ് എംപ്റ്റി സ്പേസ് എന്ന പുസ്തകം പ്രസിദ്ധമാണ്. അന്തരിച്ച നടി നടാഷ പാരിയാണ് ഭാര്യ. മക്കളായ ഐറിനയും സൈമണും സംവിധായകരാണ്.



03 ഞായർ

**ഭിന്നശേഷി മുൻ കമ്മിഷണർ ഡോ.അഹമ്മദ് പിള്ള**

തിരുവനന്തപുരം: സംസ്ഥാന ഭിന്നശേഷി മുൻ കമ്മിഷണറും വികലാംഗ ക്ഷേമ കോർപ്പറേഷൻ മുൻ ചെയർമാനുമായ ഡോ.അഹമ്മദ് പിള്ള (74) അന്തരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ട്, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം മേധാവി എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പക്ഷാഘാതത്തെ തുടർന്ന് ചികിത്സയിലായിരുന്നു. ജനപ്രിയ ഡോക്ടറായിരുന്ന അഹമ്മദ് പിള്ള സർവീസിൽ നിന്നു വിരമിച്ചശേഷം ഭിന്നശേഷിക്കാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കിടപ്പുരോഗികളെ വീട്ടിലെത്തി പരിചരിക്കുകയും അത് വ്യാപകമാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്തു. മുസ്ലീം ലീഗ് പ്രതിനിധിയായി 1995ലാണ് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാനായത്. രണ്ടു തവണ ഭിന്നശേഷി കമ്മിഷണറായും പ്രവർത്തിച്ചു. ഭാര്യ ഷോഫി. മക്കൾ ഡോ.എ.സനുജ് (പാറശാല താലൂക്ക് ആശുപത്രി), ഡോ.എ.ഷീന (അസീസിയ മെഡിക്കൽ കോളേജ്).



03 ഞായർ

**വാദ്യോപകരണ കലാകാരൻ ആലപ്പി നാരായണ സ്വാമി**

തിരുവനന്തപുരം: കഥാപ്രസംഗം, വിൽപാട്ട്, വാദ്യോപകരണ കലാകാരൻ ശാന്തിവിള ശ്രീചിത്ര ഗാർഡൻസ് സുജ നിവാസിൽ ആലപ്പി നാരായണ സ്വാമി (71) ഹൃദ്രോഗത്തെ തുടർന്ന് അന്തരിച്ചു. അര നൂറ്റാണ്ടായി ഈ രംഗത്തു പ്രവർത്തിക്കുന്ന ഇദ്ദേഹം വി.സാംബശിവൻ, അയിലം ഉണ്ണിക്കൃഷ്ണൻ, തോന്നയ്ക്കൽ വാമദേവൻ തുടങ്ങി ഒട്ടേറെ കാഥികന്മാരോടൊപ്പം വാദ്യോപകരണം വായിച്ചിട്ടുണ്ട്. കെൽട്രോണിലെ ജോലിയിൽ നിന്നും 30 വർഷം മുമ്പ് സ്വയം വിരമിച്ചാണ് പൂർണ്ണസമയവും കലാരംഗത്ത് പ്രവർത്തിച്ചത്. ആലപ്പുഴ മുല്ലയ്ക്കൽ സുധാ സദനത്തിൽ മണി വാധ്യാരുടെയും രാമലക്ഷ്മി അമ്മാളുടെയും മകൻ. ആലപ്പുഴ എസ്.ഡി.കോളേജിൽ പഠിക്കുമ്പോൾ മുതൽ കെ.പി.എ.സിയിലും നെടുമുണി വേണു, ഫാസിൽ, ആലപ്പി അഷറഫ് തുടങ്ങിയവരോടൊപ്പം നാടകവും മറ്റും അവതരിപ്പിച്ചിരുന്നു. ഭാര്യ ഡി.ജയന്തി. മകൾ സുജാലക്ഷ്മി. മരുമകൻ ഭാസ്കർ ബി.പണിക്കർ.



04 തിങ്കൾ

**ബംഗാളി മധ്യവർഗ്ഗജീവിതം ആവിഷ്കരിച്ച തരുൺ മജുംദാർ**

കൊൽക്കത്ത: പ്രശസ്ത ബംഗാളി ചലച്ചിത്ര സംവിധായകൻ തരുൺ മജുംദാർ (92) അന്തരിച്ചു. സത്യജിത് റേ, തപൻ സിൻഹ, മൃണാൾ സെൻ, ഋതിക് ഘട്ടക് തുടങ്ങിയ പ്രമുഖ സിനിമ പ്രവർത്തകരുടെ സഹയാത്രികനായിരുന്നു. ദിലീപ് മുഖോപാധ്യയ, സച്ചിൻ മുഖർജി എന്നീ സംവിധായകരോടൊപ്പം യാത്രിക് എന്ന കൂട്ടായ്മയുണ്ടാക്കി ചലച്ചിത്രരംഗത്ത് തുടക്കം കുറിച്ചു. മധ്യവർഗ്ഗ കുടുംബ ജീവിതം പ്രമേയമാക്കി സിനിമകളിലൂടെ ശ്രദ്ധേയനായി. നാലു ദേശീയ പുരസ്കാരവും അഞ്ച് ഫിലിം ഫെയർ പുരസ്കാരവും ലഭിച്ചു. 1990ൽ പത്മശ്രീയും. പ്രമുഖ ബംഗാളി എഴുത്തുകാരിയുടെ കൃതികളെ അടിസ്ഥാനമാക്കി ആറു ദശകത്തോളം നീണ്ട ചലച്ചിത്രജീവിതം. 1962ൽ ഇറങ്ങിയ കാഞ്ചർ സ്വർഗയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചു. താരാശങ്കർ ബന്ദ്യോപാധ്യായയുടെ പ്രശസ്ത നോവലിനെ ആധാരമാക്കി എടുത്ത ഗണദേവതയും ദേശീയ അംഗീകാരം നേടി. കു ഹേലി, ശ്രീമാൻ പൃഥിരാജ്, തഗിനി, ബാലികവധു, ദാദർ കീർത്തി എന്നിവയാണ് പ്രധാന സിനിമകൾ. മജുംദാറിന്റെ ഇരുപതോളം സിനിമകളിൽ നായികയായ സന്ധ്യ റോളിയാണ് ഭാര്യ.



05 ചൊവ്വ

**സ്വാതന്ത്ര്യസമര സേനാനി പി.ഗോപിനാഥൻ**

തിരുവനന്തപുരം: പ്രമുഖ ഗാന്ധിയനും കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ അമരക്കാരനും സ്വാതന്ത്ര്യസമര സേനാനിയുമായ നെയ്യാറ്റിൻകര പി.ഗോപിനാഥൻനായർ (99) അന്തരിച്ചു. നൂറാം പിറന്നാൾ ആഘോഷിക്കുന്നതിനു തലേനാളായിരുന്നു വേർപാട്. നെയ്യാറ്റിൻകര നിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പരേതരായ എം.പത്മനാഭപിള്ളയുടെയും കെ.പി.ജാനകിയമ്മയുടെയും മകൻ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊൽക്കത്തയിലെ ശാന്തിനികേതൻ വിശ്വഭാരതി സർവകലാശാല എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം. കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തു. 1944ൽ 35 വിദ്യാർത്ഥികളുമായി ട്രിവാൻഡ്രം സ്റ്റുഡന്റ്സ് സെറ്റിൽമെന്റ് സ്ഥാപിച്ചു.

വിനോബാ ഭാവേയുടെ കൂടെ ഭൂദാൻ ഗ്രാമദാൻ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചു. വിനോബാ കേരളത്തിലെത്തിയപ്പോൾ കാലടിയിൽ യോഗം സംഘടിപ്പിച്ചു. ഭൂദാന പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിൽ 150 ഗ്രാമങ്ങളിൽ പദയാത്ര നടത്തി. മഹാത്മഗാന്ധിയുടെ ഉപദേശപ്രകാരം വിനോബാ നികേതനത്തിൽ 10 വർഷം പ്രസിഡന്റായി പ്രവർത്തിച്ചു. ഗാന്ധിയൻ പഠനത്തിനായി നൽകിയ സംഭാവനകൾ പരിഗണിച്ച് കേരള, കാലിക്കറ്റ് സർവകലാശാലകൾ അനുമോദിച്ചിരുന്നു. സമാധാന ദൗത്യങ്ങൾക്ക് എന്നും ചുമതല വഹിച്ചു. ബംഗ്ലാദേശ് കലാപത്തെ തുടർന്ന് ഇന്ത്യയിലെത്തിയ അഭയാർത്ഥികളുടെ ക്യാമ്പുകളിലെത്തി സന്ദേശം നൽകി. 2003ൽ മാറാട് കലാപം ഉണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി എ.കെ.ആന്റണി, സമാധാന ചർച്ചയ്ക്ക് നേതൃത്വം നൽകാൻ നിയോഗിച്ചു.

2016ൽ പത്മശ്രീ ലഭിച്ചു. സ്റ്റാലിയൻസ് ഇന്റർനാഷണൽ പുരസ്കാരം, ജമ്നലാൽ ബജാജ് അവാർഡ് എന്നിവ ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചു. കേരള ഗാന്ധി സ്മാരകനിധി ചെയർമാനും അഖിലേന്ത്യാ ഗാന്ധി പീസ് ഫൗണ്ടേഷന്റെ ആജീവനാംഗവും കേന്ദ്ര നിർവാഹക സമിതി അംഗവുമാണ്.

ഇദ്ദേഹത്തിന്റെ നവതിയുമായി ബന്ധപ്പെട്ട് പി.ഗോപിനാഥൻ നായർ സിവിൽ സർവീസ് അക്കാദമി എന്നു നൂറുൽ ഇസ്ലാം സിവിൽ സർവീസ് അക്കാദമിയെ പുനർ നാമകരണം ചെയ്തു. അഖിലേന്ത്യ സർവസേവസംഘം പ്രസിഡന്റായി മൂന്നു തവണ തിരഞ്ഞെടുക്കപ്പെട്ടു. ഈ സ്ഥാനത്ത് എത്തിയ ഏക മലയാളി. ഭാര്യ എൽ.സരസ്വതി അമ്മ (മുൻ വെൽഫെയർ ഓഫീസർ, സാമൂഹിക ക്ഷേമ വകുപ്പ്).



# ജൂലൈ - വിയോഗം



05 ചൊവ്വ

**ഉദുമ മുൻ എംഎൽഎ പി.രാഘവൻ**

കാസർകോട്: സിപിഎം നേതാവും ഉദുമ മുൻ എംഎൽഎയും സഹകാരിയുമായ മുന്നാട് രാമനിലയത്തിൽ പി.രാഘവൻ (77) അന്തരിച്ചു. 1991ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഉദുമ നിയോജകമണ്ഡലം ഇടതുമുന്നണിക്കുവേണ്ടി തിരിച്ചു പിടിച്ചു. 1996ലും വിജയം ആവർത്തിച്ചു. 1945 ഒക്ടോബർ 15ന് ബേഡഡുക്ക പഞ്ചായത്തിലെ മുന്നാട് ചേവിരി രാമൻ നായരുടെയും പേറയിൽ മണിയമ്മയുടെയും മകൻ. ഉഡുപ്പി ലോ കോളേജിൽ നിന്നും നിയമബിരുദം നേടിയ ശേഷം 1974ൽ കാസർകോട് ബാറിൽ അഭിഭാഷകനായി. മുഴുവൻസമയ പാർട്ടി പ്രവർത്തനത്തിനായി തൊഴിൽ ഉപേക്ഷിച്ചു. സിപിഎം അവിഭക്ത കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമായിരുന്നു. കെഎസ്‌വൈഎഫ് അവിഭക്ത കണ്ണൂർ ജില്ലാ പ്രസിഡന്റ്, സംസ്ഥാന സമിതി അംഗം എന്നീ നിലകളിൽ ഉയർന്നു വന്ന് 1964ലാണ് പാർട്ടി അംഗമാകുന്നത്. 1979 മുതൽ 1988 വരെ ബേഡഡുക്ക പഞ്ചായത്ത് പ്രസിഡന്റായി. സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് അംഗം, സിഐടിയു സംസ്ഥാന സെക്രട്ടറി, വൈസ് പ്രസിഡന്റ്, ദേശീയ പ്രവർത്തക സമിതി അംഗം, സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്, ദിനേശ് ബീഡി കേന്ദ്ര സഹകരണസംഘം ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 1997ൽ പാർട്ടിയുടെ അനുമതി കൂടാതെ സിനിമ എടുത്തതിന്റെ പേരിൽ പാർട്ടിക്കകത്തും പുറത്തും വിവാദം സൃഷ്ടിച്ചിരുന്നു. പ്രായം കണക്കിലെടുത്ത് കഴിഞ്ഞവർഷം ജില്ലാ സെക്രട്ടേറിയത്തിൽ നിന്നും മാറ്റി. കള്ളാറിൽ സിപിഎം നേതാവായിരുന്ന പരേതനായ ടി.ഗോവിന്ദൻ നായരുടെ മകൾ കമലാക്ഷിയാണ് ഭാര്യ. മക്കൾ കെ.ആർ.അജിത് കുമാർ (മുന്നാട് പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് സ്റ്റഡീസ്), കെ.ആർ.അരുൺ കുമാർ (ഏഷ്യാനെറ്റ് ന്യൂസ് ഗൾഫ്). മരുമക്കൾ: ദീപ, അനുഷ.



05 ചൊവ്വ

**മലേക്കുരിശ് ദയറായിലെ ഫിനഹാസ് റമ്പാൻ**

കോലഞ്ചേരി: മലേക്കുരിശ് ദയറായിൽ കഠിന സന്യാസ ജീവിതം നയിച്ച ഫിനഹാസ് റമ്പാൻ (88) അന്തരിച്ചു. ദയറയിലെ മുറിയിൽ പ്രാർത്ഥനയും പഠനവുമായി ഒതുങ്ങിയ റമ്പാൻ ദയറയിലെ പെരുനാൾ പ്രദക്ഷിണത്തിൽ പങ്കെടുക്കാൻ മാത്രമെ മുറിവിട്ടിറങ്ങിയിരുന്നുള്ളു. പിറമാടം മഞ്ഞനിക്കര ദയറയിലേക്ക് ചിലപ്പോൾ യാത്ര നടത്തിയിരുന്നു. ഒരു നേരം മാത്രമായിരുന്നു ഭക്ഷണം. സുറിയാനി, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ അവഗാഹം ഉണ്ടായിരുന്നു. ചെറായി വാഴപ്പിള്ളിയിൽ പത്രോസ് കോറെപ്പിസ്കോപ്പയുടെയും മണർകാട് മാന്താറ്റിൽ മറിയാമ്മയുടെയും മകൻ. 1934 ഏപ്രിൽ 14ന് ജനനം. തപാൽ വകുപ്പിലെ ഉദ്യോഗം ഉപേക്ഷിച്ച് സന്യാസജീവിതത്തിലേക്ക് പ്രവേശിച്ചു. ദീർഘകാലം സുറിയാനി അധ്യാപകനായിരുന്നു. മെത്രാപ്പോലീത്ത മാർ ഉൾപ്പെടെ ധാരാളം ശിഷ്യന്മാരുണ്ട്. 2006ൽ കശീശപട്ടവും റമ്പാൻ സ്ഥാനവും നൽകി. പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ 2010 സെപ്റ്റംബർ 22ന് ദയറോ നാശീഹോ ശീർഷം നൽകി ആദരിച്ചു.



06 ബുധൻ

**മാതൃഭൂമി അസി.എഡിറ്റർ കെ.സുധാകരൻ പിള്ള**

കോഴിക്കോട്: മാതൃഭൂമി മുൻ അസി.എഡിറ്റർ മലാപ്പറമ്പ് സാകേതത്തിൽ കെ.സുധാകരൻ പിള്ള (58) അന്തരിച്ചു. ഹൃദയാഘാതമായിരുന്നു മരണകാരണം. കൊല്ലം ജില്ലയിലെ അഞ്ചൽ സ്വദേശിയാണ്. മാതൃഭൂമിയുടെ കോഴിക്കോട് യൂണിറ്റ് ന്യൂസ് എഡിറ്ററായും മാതൃഭൂമി കൊച്ചി യൂണിറ്റ് ന്യൂസ് എഡിറ്ററായും കൊച്ചിയിൽ ധനകാര്യ വാണിജ്യ പേജുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് എഡിറ്ററായും പ്രവർത്തിച്ചു. സ്പോർട്സ്, ധനകാര്യം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നു. പത്രപ്രവർത്തകരുടെ ട്രേഡ് യൂണിയൻ രംഗത്ത് വളരെ സജീവമായിരുന്നു. മാതൃഭൂമി ജേണലിസ്റ്റ് യൂണിയൻ കേന്ദ്ര കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി, മാതൃഭൂമി എംപ്ലോയിസ് കോൺകോഡ് സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമിതി അംഗമാണ്. ഭാര്യ പി.ജി.സീന (അധ്യാപിക), മകൾ വി.എസ്.ദേവിക (പി.എച്ച്.ഡി വിദ്യാർത്ഥിനി), വി.എസ്.സജയ് (വിദ്യാർത്ഥി).



06 ബുധൻ

**ഒപെക് മേധാവി മൊഹമ്മദ് ബർകിൻഡോ**

അബൂജ: പെട്രോൾ കയറ്റുമതി രാജ്യങ്ങളുടെ കൂട്ടായ്മയായ ഒപെകിന്റെ സെക്രട്ടറി ജനറൽ മൊഹമ്മദ് സനൂസി ബർകിൻഡോ (63) അന്തരിച്ചു. നൈജീരിയക്കാരനായ ബർകിൻഡോ 2016ലാണ് ഒപെകിന്റെ തലപ്പത്തെത്തിയത്. പദവിയിലെ രണ്ടാമൂഴം ജൂലൈ 31ന് അവസാനിക്കാനിരിക്കവെയാണ് അപ്രതീക്ഷിതമായ മരണം. നൈജീരിയിലെ കിഴക്കൻ നഗരമായ യോളയിൽ ജനനം. മൈനിങ് കോർപ്പറേഷനിലായിരുന്നു ഔദ്യോഗിക ജീവിതത്തിനു തുടക്കം. രണ്ട് പതിറ്റാണ്ടുകാലം നൈജീരിയ നാഷനൽ പെട്രോളിയം കോർപ്പറേഷൻ സിഇഒ ആയിരുന്നു. യുണൈറ്റഡ് നേഷൻസ് ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസ് ഓഫ് ദ പാർട്ടീസിന്റെ ഉപാധ്യക്ഷൻ സ്ഥാനമുൾപ്പെടെ ഒട്ടേറെ പദവികൾ വഹിച്ചിട്ടുണ്ട്. ഒപെക് രാജ്യങ്ങൾക്ക് മറ്റ് എണ്ണയുത്പാദകരുമായി സഹകരിക്കുന്നതിനാണ് ഓപെക് പ്ലസ് രൂപീകരിച്ചത്.



06 ബുധൻ

**കണ്ണൂർ ജില്ലയിലെ ആദ്യ വൃക്കദാതാവ് നാരായണി**

കണ്ണൂർ: ജില്ലയിലെ ആദ്യ വൃക്കദാതാവ് കയരളം ഒറപ്പടിയിലെ പുതിയപുരയിൽ നാരായണി (100) അന്തരിച്ചു. 41 വർഷം മുമ്പ്, അവയവദാനത്തെ ജനം ഭീതിയോടെ കണ്ടിരുന്ന കാലത്താണ് നാരായണി ഇളയ സഹോദരനായ കുഞ്ഞിക്കണ്ണന് വൃക്ക നൽകിയത്. വെല്ലൂർ മെഡിക്കൽ കോളേജിൽ വച്ചായിരുന്നു ശസ്ത്രക്രിയ നടന്നത്. 2 ലക്ഷം രൂപയായിരുന്നു അന്നത്തെ ചികിത്സ ചെലവ്. ഐടിഐയിൽ അധ്യാപകനായിരുന്ന സഹോദരൻ 25 വർഷം മുമ്പ് മരിച്ചു. നാരായണിക്ക് വൃക്കസംബന്ധമായ അസുഖങ്ങൾ ഒന്നും ഇതുവരെയുണ്ടായിട്ടില്ലെന്ന് ബന്ധുക്കൾ പറഞ്ഞു. ഭർത്താവ് പരേതനായ ഗോവിന്ദൻ. മക്കൾ ചന്ദ്രിക, പരേതയായ ശാന്ത, ദാമോദരൻ, സുമതി. മരുമക്കൾ പരേതരായ ഗോവിന്ദൻ, രാജൻ.



08 വെള്ളി

**ജപ്പാൻ മുൻപ്രധാനമന്ത്രി ഷിൻസോ ആബെ**

ടോക്യോ: ജപ്പാൻ മുൻ പ്രധാനമന്ത്രി ഷിൻസോ ആബെ (67) വെടിയേറ്റു മരിച്ചു. പടിഞ്ഞാറൻ നഗരമായ നാരായിൽ തിരഞ്ഞെടുപ്പു പ്രചാരണത്തിൽ പങ്കെടുത്തു പ്രസംഗിക്കവേ, പിന്നിൽ നിന്നാണ് വെടിയേറ്റത്. വ്യോമമാർഗ്ഗം ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. പാർലമെന്റിലെ ഉപരിസഭയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ റെയിൽവേ സ്റ്റേഷനു സമീപത്തെ തുറന്ന വേദിയിൽ പ്രസംഗിച്ചു തുടങ്ങിയപ്പോഴാണ് ആക്രമണം ഉണ്ടായത്. ആബെയോടുള്ള വ്യക്തിപരമായ അതൃപ്തിയാണ് കൊലനടത്തുവാൻ പ്രേരിപ്പിച്ചതെന്ന് ജപ്പാന്റെ സമുദ്ര സ്വയം പ്രതിരോധ സേനയിൽ 2002–2005 കാലത്ത് പ്രവർത്തിച്ച യാമാഗാമി പോലീസിനോടു പറഞ്ഞു. രാജ്യത്തെ സാമ്പത്തികമായി മാറ്റിമറിച്ച ആബെ രണ്ടു ഘട്ടങ്ങളിലായി ഒമ്പതു വർഷം രാജ്യത്തെ നയിച്ചു. ആരോഗ്യകാരണങ്ങളാൽ 2020ൽ പ്രധാനമന്ത്രിപദം ഒഴിഞ്ഞു.



08 വെള്ളി

**അംഗോള മുൻ പ്രസിഡന്റ് ദൊസാന്റോ**

ലുവാണ്ട: അംഗോളയുടെ മുൻ പ്രസിഡന്റ് ജോസ് എഡ്വേർഡോ ദൊസാന്റോ (79) സ്പെയിനിലെ ബാർസിലോനയിൽ അന്തരിച്ചു. 1979ൽ രാജ്യത്തിന്റെ പ്രഥമ നേതാവ് അഗസ്റ്റീനോ നെറ്റോയുടെ മരണത്തെ തുടർന്ന് അധികാരമേറ്റ ദൊസാന്റോ 2017വരെ പ്രസിഡന്റായിരുന്നു. യുഎസ് പിന്തുണയുണ്ടായിരുന്ന യൂണിറ്റ് വിമതരുടെ മൂന്നു വർഷം നീണ്ട കലാപത്തെ 2022ൽ അതിജീവിച്ചു.



08 വെള്ളി

**ഛത്തീസ്ഗഡിൽ സിആർപിഎഫ് കമാൻഡോ സൂരജ്**

ശാസ്താംകോട്ട: നക്സൽബാധിത മേഖലയിലെ തിരച്ചിലിനുശേഷം മടങ്ങുന്നതിനിടെ സിആർപിഎഫ് കമാൻഡോ ഛത്തീസ്ഗഡിൽ നദിയിൽ വീണു മരിച്ചു. 210 കോബ്ര ബറ്റാലിയൻ അംഗമായ ശൂരനാട് തെക്ക് ഇരവിച്ചിറ കിഴക്ക് കോഴിക്കോടന്റയ്യത്ത് വി.രവീന്ദ്രന്റെയും മണിയുടെയും മകൻ. ബിജാപുരിൽ പട്രോളിങ് കഴിഞ്ഞു മടങ്ങുന്നതിനിടെ, തുമ്മലാ വാഗു നദിയുടെ പോഷക നദിയിലായിരുന്നു അപകടം സംഭവിച്ചത്. കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്നതോടെ കയറിന്റെ സഹായത്തോടെ നദി മുറിച്ചുകടക്കുന്നതിനിടയിലാണ് സൂരജ് നദിയിലേക്ക് വീണത്.



09

**നാഗസ്വരവിദ്വാൻ തൃശൂർ പി.ഗോവിന്ദൻകുട്ടി**

തൃശൂർ: പ്രശസ്ത നാഗസ്വരവിദ്വാനും റിട്ട. സംഗീത അധ്യാപകനുമായ തൃശൂർ പി.ഗോവിന്ദൻകുട്ടി (80) അന്തരിച്ചു. തൃശൂർ പൂത്തോൾ പുത്തൂർ വീട്ടിൽ വച്ചായിരുന്നു അന്ത്യം. ചിത്രരചനയും സംഗീതവും പഠിച്ച ഇദ്ദേഹം സംഗീതത്തിന്റെ വഴിയാണ് തെരഞ്ഞെടുത്തത്. വിവിധ സർക്കാർ സ്കൂളുകളിൽ സംഗീത അധ്യാപകനായിരുന്നു. 1997ൽ തൃശൂർ എസ്.ആർ.വി സ്കൂളിൽ നിന്നാണ് വിരമിച്ചത്. അച്ഛൻ പി.കെ.ശങ്കരനിൽ നിന്നാണ് നാഗസ്വരം പഠിച്ചത്. കർണാടക സംഗീത കീർത്തനങ്ങളും സിനിമാ ഗാനങ്ങളും ഒരുപോലെ വായിക്കുന്നതിലൂടെ കച്ചേരികൾ ജനപ്രീയമാക്കി. 2005ൽ കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു. പാറമേക്കാവ് ദേവസ്വത്തിന്റെ സുവർണമുദ്ര പുരസ്കാരം നേടിയിട്ടുണ്ട്. 2012ൽ തൃശൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വാഗതഗാനം ചിട്ടപ്പെടുത്തിയത് ഇദ്ദേഹമാണ്. ജി.കെ.പൂത്തോൾ എന്ന പേരിൽ നിരവധി ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഭാര്യ കണിമംഗലം വീട്ടിൽ എൻ.ആർ.രാധ. മക്കൾ സുധിൻ ശങ്കർ, സുമന, സുനിത, സുജേഷ് ശങ്കർ. മരുമക്കൾ: മനീഷ, ശുഭ.



10 ഞായർ

**മുതിർന്ന മാധ്യമപ്രവർത്തകൻ പി.എം.മൊയ്തീൻ**

കൊച്ചി: മുതിർന്ന മാധ്യമപ്രവർത്തകൻ റിട്ട.സീനിയർ കറസ്പോണ്ടന്റ് (യുഎൻ) പി.എം.മൊയ്തീൻ (73) അന്തരിച്ചു. സീനിയർ ജേർണലിസ്റ്റ് യൂണിയൻ ജില്ല വൈസ് പ്രസിഡന്റ്, എറണാകുളം മഹാരാജാസ് കോളേജ് പൂർവവിദ്യാർത്ഥി നിർവാഹസമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഡൽഹി, ചെന്നൈ നഗരങ്ങളിൽ യു.എൻ ലേഖകനായിരുന്നു. ഭാര്യ മെഹർ, മക്കൾ മിനു ഫാത്തിമ, മുഹമ്മദ് ഇംതിയാസ്. മരുമക്കൾ സക്കീർ ഹുസൈൻ, ലല്ലു.



# ജൂലൈ – വിയോഗം



11 തിങ്കൾ

**സിനിമ സംവിധായകൻ കെ.എൻ.ശശിധരൻ**

കൊച്ചി: സിനിമ, പരസ്യ സംവിധായകൻ കെ.എൻ.ശശിധരൻ (72) അന്തരിച്ചു. വന്നല്ലോ വനമാല എന്ന സോപ്പിന്റെ പരസ്യചിത്രത്തിലൂടെ ശ്രദ്ധേയനായ ശശിധരൻ അക്കരെ, കാണാതായ പെൺകുട്ടി തുടങ്ങിയ സിനിമകളുടെ സംവിധായകനാണ്. ഹൃദയാഘാതമായിരുന്നു മരണകാരണം. ഗുരുവായൂർ സ്വദേശിയായ ശശിധരൻ പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബിരുദം നേടി. 1984ൽ ഭരത് ഗോപിയെയും മാധവിയെയും നായിക നായകന്മാരാക്കി ചെയ്ത അക്കരെയിലൂടെ ശ്രദ്ധേയനായി. 2014ൽ നയന എന്ന സിനിമയാണ് അവസാനമായി ചെയ്തത്. ഭാര്യ വീണ. മക്കൾ കെ.എസ്. ഋതു, കെ.എസ്.മുകിൽ. മരുമകൾ ഇന്ദുലേഖ.



11 തിങ്കൾ

**ഇംഫാൽ രൂപതയുടെ പ്രഥമ ബിഷപ്പ് ഡോ.ജോസഫ് മിറ്റത്താനി**

ഇംഫാൽ: മണിപ്പൂരിലെ ഇംഫാൽ രൂപതയുടെ പ്രഥമ ബിഷപ്പ് ഡോ.ജോസഫ് മിറ്റത്താനി (91) അന്തരിച്ചു. 91–ാം ജന്മദിനത്തിനു തലേനാളാണ് വിയോഗം. കോട്ടയം കുറവിലങ്ങാട് സ്വദേശിയാണ്. 2006ൽ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്ന് ബിഷപ്പ് ഇമരിറ്റസാണ്. കുറവിലങ്ങാട് കാളികാവ് മിറ്റത്താനി പരേതരായ മാത്യു എലിസബത്ത് ദമ്പതികളുടെ മകൻ. 1931 ജൂലൈ 12ന് ജനനം.1959ൽ വൈദികനായി. 1969ൽ അസാമിലെ തേസ്പൂർ രൂപതാധ്യക്ഷനായി. 1980ൽ കൊഹിമ രൂപത വിഭജിച്ചപ്പോൾ പ്രഥമ ബിഷപ്പായി. 1995ൽ ഇംഫാൽ അതിരൂപതയായി ഉയർത്തപ്പെട്ടതോടെ 1996 മുതൽ 2006വരെ നോർത്ത് ഈസ്റ്റ് ബിഷപ്സ് കൗൺസിൽ പ്രസിഡന്റായിരുന്നു.



11 തിങ്കൾ

**ഇന്ത്യയിലെ ഇൻർനെറ്റിന്റെ പിതാവ് സിംഗൾ**

ഇന്ത്യയിലെ ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്ന ബി.കെ.സിംഗൾ അന്തരിച്ചു. 1995 ആഗസ്റ്റ് 15ന് ഇന്റർനെറ്റ് ആരംഭിക്കുക എന്നതായിരുന്നു ലക്ഷ്യം. അതിന് 45 ദിവസം മുമ്പ് പരീക്ഷണം തുടങ്ങിയെങ്കിലും തുടക്കം പരാജയമായിരുന്നു. '10 ആഴ്ചത്തെ സമയം തരണം അതിനുള്ളിൽ ഇന്ത്യയ്ക്ക് അഭിമാനിക്കാവുന്ന ഒരു സംവിധാനം ഞാൻ ഉറപ്പുതരുന്നു' പരാജയകാരണം വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. തിരിച്ചടികൾക്കു മുന്നിൽ പതറാതെ സിംഗളും സംഘവും രാവും പകലും പ്രയത്നിച്ചു. ഇന്ത്യയുടെ ഈ നേട്ടം കണ്ടു പഠിക്കാൻ ചൈനീസ് മന്ത്രിവരെ ഇവിടേക്കുവന്നു. ഐഐടി ഖരഖ്പൂരിൽ പഠിച്ച സിംഗൾ 1991ലാണ് ലണ്ടനിലെ ആകർഷകമായ ജോലി ഉപേക്ഷിച്ച് ഇന്ത്യയിലെത്തി വിഎസ്എൻഎൽ മേധാവിസ്ഥാനം ഏറ്റെടുത്തത്. 9000 രൂപയുടെ മാസ ശമ്പളത്തിൽ ജോലി ചെയ്യാൻ തയ്യാറായത് ടെലികോം വിപ്ലവത്തിന്റെ സൂത്രധാരൻ സാം പിട്രോയുടെ ഇടപെടലായിരുന്നു. 1998ൽ ബിസിനസ് വീക്ക് മാസികയുടെ ഏഷ്യയിലെ 50 താരങ്ങളെന്ന പട്ടികയിൽ സിംഗൾ ഇടംപിടിച്ചു. അതേ ആഴ്ചയിൽ രാഷ്ട്രീയ നേതൃത്വവുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് പുറത്താക്കപ്പെട്ടു. 2 ജി സ്പെക്ട്രം അഴിമതി ആരോപണങ്ങൾ പുറത്തുകൊണ്ടുവന്നതിലും സിംഗൾ നിർണായക പങ്കുവഹിച്ചിരുന്നു.



12 ചൊവ്വ

**ജയിംസ് ബോണ്ട് സംഗീതജ്ഞൻ മോണ്ടി നോർമൻ**

ലണ്ടൻ: ജയിംസ് ബോണ്ട് ചിത്രങ്ങളിലെ പ്രശസ്ത തീം സംഗീതമൊരുക്കിയ ബ്രിട്ടീഷ് സംഗീതജ്ഞൻ മോണ്ടി നോർമൻ (94) അന്തരിച്ചു. 1929ൽ കിഴക്കൻ ലണ്ടനിൽ ജൂത മാതാപിതാക്കളുടെ മകനായാണ് ജനനം. 1950–60 കാലഘട്ടത്തിൽ സിറിൽ സ്റ്റാപ്പൾട്ടൺ, സ്റ്റാൻലി ബ്ലാക്ക് തുടങ്ങിയ സംഗീത ബാൻഡുകളിൽ ഗായകനായി. മേക്ക് മി ആൻ ഓഫറാണ് ആദ്യ ചിത്രം. എക്പ്രസോ ബോങ്കോ, സോങ്ബുക്ക്, പോപ്പി തുടങ്ങിയവയാണ് മറ്റു ചിത്രങ്ങൾ. 1962ലെ ജയിംസ് ബോണ്ട് ചിത്രങ്ങളോടെ ബോണ്ടി ലോകമെങ്ങും ശ്രദ്ധ നേടുകയുണ്ടായി.



12 ചൊവ്വ

**നാടക ചലച്ചിത്രങ്ങളിലെ ആദ്യപിന്നണിഗായകൻ ലെസ്‌ലി പീറ്റർ**

ഷൊർണൂർ: നാടക ചലച്ചിത്രങ്ങളിലെ ആദ്യകാല പിന്നണി സംഗീതകാരനും സംഗീത അധ്യാപകനുമായ ലെസ്‌ലി പീറ്റർ (81) അന്തരിച്ചു. സംഗീത സംവിധായകൻ സ്റ്റീഫൻ ദേവസി, ഗ്രാമി ജേതാവ് മനോജ് ജോർജ് തുടങ്ങിയവരുടെ ഗുരുവാണ്. നാടകങ്ങൾക്കും സിനിമകൾക്കും വേണ്ടി ആദ്യകാലത്ത് വയലിൽ വായിച്ചു. നടന്മാരായ ബാലൻ കെ.നായർ, കുതിരവട്ടം പപ്പു, കെ.പി.ഉമ്മർ, ഗായകൻ ആന്റോ, നാടകാചാര്യൻ കെ.ടി.മുഹമ്മദ് തുടങ്ങിയവരുടെ സുഹൃത്തെന്ന നിലയിൽ നാടകങ്ങളിലും സിനിമകളിലും സംഗീതരംഗത്തും സജീവമായിരിക്കെ അതുവിട്ട് സംഗീതാധ്യാപകനായി. കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവാണ്. ഭാര്യ ആനി പീറ്റർ. മക്കൾ ലാനി, ലീന, ലിൻസി. മരുമക്കൾ അനിൽ രാജ് പടിയങ്ങാടൻ (റെയിൽവേ), ഹാൻസ് സജിത്, ജസ്റ്റിൻ സുജിത് നമ്പ്യാത്ത്.



12 ചൊവ്വ

**സമൂഹപരിഷ്കർത്താവ് വേലുക്കുട്ടി അരയന്റെ മകൻ അഡ്വ.വി.വി.ശശീന്ദ്രൻ**

കരുനാഗപ്പള്ളി: സിപിഎമ്മിന്റെ മുതിർന്ന നേതാവും മത്സ്യഫെഡിന്റെയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും മുൻ ചെയർമാനുമായ പടനായർകുളങ്ങര തെക്ക് ലക്ഷ്മി വിഹാറിൽ അഡ്വ.വി.വി.ശശീന്ദ്രൻ(74) അന്തരിച്ചു. മത്സ്യത്തൊഴിലാളി സ്ഥാപക നേതാവായിരുന്നു. കൊല്ലം എൻ.എസ്.എസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സമൂഹപരിഷ്കർത്താവും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന ഡോ.വി.വി.വേലുക്കുട്ടി അരയന്റെയും ജാനമ്മയുടെയും ഇളയമകൻ. സിപിഎം ജില്ലാ കമ്മറ്റി അംഗം, സിഐടിയു സംസ്ഥാന സെക്രട്ടറി, അഖിലേന്ത്യാ സെക്രട്ടറി, മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. കടാശ്വാസ കമ്മിഷൻ അംഗമായിരുന്നു ഭാര്യ സുലോചനയമ്മ. മക്കൾ കിരൺ, ഡോ.ലക്ഷ്മി. മരുമകൻ സിബിൽ.



13 ബുധൻ

**കേരള രഞ്ജി മുൻ ക്യാപ്റ്റൻ ഒ.കെ.രാംദാസ്**

തിരുവനന്തപുരം: രഞ്ജി ട്രോഫി ക്രിക്കറ്റ് മുൻ ക്യാപ്റ്റൻ ഒ.കെ.രാംദാസ് (74) അന്തരിച്ചു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സയിലായിരുന്നു. ജഗതി മില്ലേനിയം അപ്പാർട്ട്മെന്റിലായിരുന്നു താമസം. കണ്ണൂരിൽ അഭിഭാഷകനായിരുന്ന ടി.വി.കുഞ്ഞിരാമൻ നായരുടെയും ഒദയംമാടത്ത് കോറോത്ത് കമലാക്ഷിയമ്മയുടെയും മകൻ. കേരളത്തിലെ രഞ്ജിട്രോഫി ചരിത്രത്തിലെ മികച്ച ഓപ്പണർമാരിൽ ഒരാളായി കരുതപ്പെടുന്ന രാംദാസ്, കണ്ണൂർ എൻ.എസ്.എസ്. കോളേജ്, കണ്ണൂർ ക്രിക്കറ്റ് ക്ലബ് എന്നിവിടങ്ങളിലൂടെയാണ് കളിച്ചുവളർന്നത്. കോഴിക്കോട് സർവകലാശാല ക്യാപ്റ്റനായിരുന്നു. 20–ാം വയസ്സിൽ കേരള രഞ്ജിട്രോഫി ടീമിലെത്തി. 1981 വരെ 13 വർഷം കേരളത്തിനായി കളിച്ചു. 1979ൽ കേരളടീമിന്റെ നായകനുമായി. ഭാര്യ ശോഭ. മകൻ കപിൽ രാംദാസ് (അബുദബി). മരുമകൾ സ്നേഹ വിശ്വനാഥൻ.



15 വെള്ളി

**നടൻ പ്രതാപ് പോത്തൻ**

ചെന്നൈ: നടൻ, നിർമ്മാതാവ്, സംവിധായകൻ എന്നീ നിലകളിൽ അറിയപ്പെട്ടിരുന്ന പ്രതാപ് പോത്തൻ (70) അന്തരിച്ചു. ചെന്നൈ കിൽപ്പോക്കിലെ ഫ്ളാറ്റിൽ ഉറക്കത്തിനിടയിൽ ഉണ്ടായ ഹൃദയാഘാതത്തെ തുടർന്നാണ് മരണം. മലയാളം, തമിഴ്, തെലുങ്ക് ഭാഷകളിലായി നൂറ്റിപ്പത്തോളം ചിത്രങ്ങളിൽ അഭിനയിച്ചു. 12 സിനിമകൾ മലയാളത്തിലും തമിഴിലുമായി സംവിധാനം ചെയ്തു. ഒരു കാതൽ കഥൈയിലൂടെ നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി അവാർഡ് ലഭിച്ചു. ഋതുഭേദം, ഡെയ്സി, ഒരു യാത്രാമൊഴി എന്നിവയാണ് മലയാളത്തിൽ സംവിധാനം ചെയ്ത സിനിമകൾ. സ്വന്തം കമ്പനിയായ ഗ്രീൻ ആപ്പിൾ പരസ്യചിത്രകലാരംഗത്ത് ശ്രദ്ധനേടി. ചങ്ങനാശേരി സ്വദേശിയായ കുളത്തുങ്കൽ ജോസഫ് പോത്തന്റെയും പൊന്നമ്മയുടെയും മകൻ. 1952 ഫെബ്രുവരി 15ന് തിരുവനന്തപുരത്ത് ജനിച്ചു. വ്യവസായിയായ മോഹൻ പോത്തൻ, സിനിമ നിർമാതാവായ ഹരി പോത്തൻ എന്നിവർ സഹോദരങ്ങളാണ്. 1978ൽ ഭരതന്റെ ആരവത്തിലൂടെ അരങ്ങേറ്റം. തകര, ചാമരം, ലോറി എന്നീ ചിത്രങ്ങളിൽ യുവത്വത്തിന്റെ പ്രതിനായകനായി. 1985ൽ രാധികയെ വിവാഹം ചെയ്തു. പിറ്റേവർഷം വിവാഹമോചിതനായി. 1992ൽ അമല സത്യനാഥിനെ വിവാഹം ചെയ്തു. 2012ൽ വേർപിരിഞ്ഞു. ഗായിക കേയ പോത്തനാണ് മകൾ.



17 ഞായർ

**ഇന്ദുലേഖയിലെ നടൻ രാജ്മോഹൻ**

തിരുവനന്തപുരം: 1967ൽ പുറത്തിറങ്ങിയ ഇന്ദുലേഖ എന്ന സിനിമയിലെ നായകൻ രാജ്മോഹൻ (88) അന്തരിച്ചു. കലാനിലയം കൃഷ്ണൻനായരുടെ മരുമകൻ കൂടിയായിരുന്നു തിരുവനന്തപുരം ഈഞ്ചയ്ക്കൽ സ്വദേശിയായ രാജ്മോഹൻ. കലാനിലയം തിയറ്റേഴ്സാണ് സിനിമ നിർമ്മിച്ചത്. കൃഷ്ണൻനായരുമായി ചേർന്ന് ട്രപ്പീസ് രാമു എന്നൊരു സിനിമ നിർമിക്കാൻ രണ്ടു ലക്ഷം രൂപ മുടക്കിയെങ്കിലും അത് പാതി വഴിയിൽ ഉപേക്ഷിച്ചു. 1967 ഫെബ്രുവരിയിൽ ഇന്ദുലേഖ റിലീസ് ചെയ്തു. വൈകാതെ കൃഷ്ണൻനായരുമായി അഭിപ്രായവ്യത്യാസം ഉണ്ടായി. പിന്നീട് രാജ്മോഹൻ വിവാഹമോചിതനായി. ഇന്ദുലേഖയ്ക്കു പിന്നാലെ ഒട്ടേറെ സിനിമകളിൽ മുഖം കാണിച്ചുവെങ്കിലും പിന്നീട് ചലച്ചിത്രരംഗത്ത് സജീവമാകാനായില്ല. എം.എയും നിയമ ബിരുദവും ഉണ്ടായിരുന്ന രാജ്മോഹൻ ട്യൂഷനെടുത്താണ് ജീവിതം നയിച്ചത്. ചാക്കയിൽ ആസ്ബറ്റോസ് ഷീറ്റും സാരികളും കൊണ്ടു മറച്ച ഒരു ഷെഡ്ഡിലായിരുന്നു താമസം. ജീവിതസാഹചര്യം മനസ്സിലാക്കിയ ചലച്ചിത്ര അക്കാദമി പെൻഷൻ നൽകിത്തുടങ്ങി. പരിചരിക്കാൻ ആളില്ലാതെ ഒറ്റപ്പെട്ടു കഴിഞ്ഞ അദ്ദേഹത്തെ പിന്നീട് പുലയാർകോട്ട സർക്കാർ അനാഥാലയത്തിലേക്ക് മാറ്റി. വർഷങ്ങളായി ഇവിടെയായിരുന്നു താമസം. ➲12



## ആഗസ്റ്റ്

### ജനനം

01 കുറ്റിപ്പുഴ കൃഷ്ണപിള്ള (1900)
വി.കെ.നാരായണഭട്ടതിരി (1880)
പി.മനോഹരൻ (1953)
02 സി.എൽ.ആന്റണി (1913)
കിളിമാനൂർ രമാകാന്തൻ (1938-2009)
03 കെ.എൻ.ദാമോദരൻ (1909)
എം.ശേഷഗിരിപ്രഭു (1855)
05 പി.സി.കോരുത് (1910)

06 തായാട്ട് ശങ്കരൻ (1926-1985)
07 ടി.ആർ.നായർ (1907)
08 എം.ആർ.ബി (1908)
09 കടത്തനാട്ട് ഉദയവർമരാജ (1865)
പൗലോസ് മാർ ഗ്രിഗോറിയോസ് (1922)
12 കെ.ബാലകൃഷ്ണൻ (1924)
13 പി.എസ്.അനന്തനാരായണശാസ്ത്രി (1895)
ഡോ.പി.കെ.ആർ.വാര്യർ (1921-2011)
14 ഏകലവ്യൻ (മാത്യു കെ.എം) 1936-2012
എ.വി.ശ്രീകണ്ഠപ്പൊതുവാൾ (1910)
15 പി.എ.മുഹമ്മദ് കോയ (1922)
18 പി.നരേന്ദ്രനാഥ് (1934)
19 പി.കൃഷ്ണപിള്ള (1906-1948)
20 രാജീവ്ഗാന്ധി (1944)
ഡോ.ടി.ഭാസ്കരൻ (1920-2010)
21 ബ്രഹ്മാനന്ദ ശിവയോഗി (1852)
എ.ഡി.ഹരിശർമ്മ (1893)
ആഗമാനന്ദൻ (1896)
22 സഹോദരൻ അയ്യപ്പൻ (1889)
ജി.കുമാരപിള്ള (1923)
കൈക്കുളങ്ങര രാമവാര്യർ (1832)
പ്രൊഫ.എസ്.ഗുപ്തൻനായർ (1919-2006)
23 കെ.പി.നാരായണപിഷാരോടി (1909-2003)
25 ഡോ.കെ.ഭാസ്കരൻനായർ (1913)
പ്രൊഫ.കെ.പി.അപ്പൻ 1936-2008
26 ചെറുകാട് (ഗോവിന്ദപിഷാരോടി) 1914
സി.ആർ.കേശവൻവൈദ്യൻ (1904)
28 വെട്ടം മാണി (1921)
കുറ്റിപ്പുറത്ത് കേശവൻനായർ (1982)
31 കോവുണ്ണി നെടുങ്ങാടി (1830)







**1947 ആഗസ്റ്റ് 13**

തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരുന്നതായുള്ള പ്രമാണത്തിൽ ചിത്തിര തിരുനാൾ മഹാരാജാവ് ഒപ്പുവച്ചു. സ്വാതന്ത്ര്യം പ്രമാണിച്ച് സംസ്ഥാനത്തുനിന്ന് മദിരാശി സർക്കാർ ആറായിരത്തി എഴുനൂറ് തടവുകാരെ വിട്ടയച്ചു. ഇതിൽ 209 പേർ കമ്യൂണിസ്റ്റ് തടവുകാരായിരുന്നു.

**1947 ആഗസ്റ്റ് 14**

കൊച്ചിയിൽ ഉത്തരവാദ ഭരണം ഏർപ്പെടുത്തിക്കൊണ്ട് നിയമസഭയ്ക്ക് കൊച്ചി മഹാരാജാവ് സന്ദേശമയച്ചു. അരമനക്കാര്യം, ദേവസ്വം, പോലീസ് ജയിൽ, പട്ടാളം എന്നിവയൊഴിച്ച് മറ്റെല്ലാ വകുപ്പുകളും ജനകീയ മന്ത്രിമാരുടെ ഭരണത്തിന് വിട്ടുകൊടുത്തിരിക്കുന്നതായി സന്ദേശത്തിൽ പറയുന്നു. അവസാനത്തെ ദിവാൻ കെ.പി.കരുണാകരമേനോൻ രാജിവച്ചു.
ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ആക്ട് അനുസരിച്ചുള്ള ഇന്ത്യാ, പാകിസ്ഥാൻ എന്നിങ്ങനെ രണ്ടു രാജ്യങ്ങൾ നിലവിൽ വന്നു. പാക്കിസ്ഥാൻ സ്വതന്ത്ര രാജ്യമായി. മൗണ്ട് ബാറ്റൺ പ്രഭു ഉദ്ഘാടനം നിർവ്വഹിച്ചു.

**ആഗസ്റ്റ് 15**

ആഗസ്റ്റ് 14ന് രാത്രി 12 മണിക്ക് ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യാധികാരം ഏറ്റുവാങ്ങി.
പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒന്നാമത്തെ സ്വതന്ത്ര ഇന്ത്യൻ ഡൊമിനിയൻ മന്ത്രിസഭ അധികാരമേറ്റു. നെഹ്റു റേഡിയോ പ്രഭാഷണത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഭരണഘടനാ നിർമ്മാണസഭായോഗത്തിൽ മൗണ്ട് ബാറ്റൻ പ്രസംഗിച്ചു.

**ആഗസ്റ്റ് 16**

ഇന്ത്യാ- പാക്കിസ്ഥാൻ വിഭജനത്തെ തുടർന്ന് വിഭജിക്കപ്പെട്ട പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ മാറാൻ തുടങ്ങി. വൻ തോതിൽ ഹിന്ദു- മുസ്ലീം കലാപം പൊട്ടിപ്പുറപ്പെട്ടു.
പാക്കിസ്ഥാൻ കാശ്മീരിൽ ആക്രമണം നടത്തി. കാശ്മീരിന്റെ ചില ഭാഗങ്ങൾ പാക്കിസ്ഥാൻ കൈവശപ്പെടുത്തി.

**ആഗസ്റ്റ് 18**

ആഗസ്റ്റ് 15ന്റെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ നിന്ന് വിട്ടുനിന്ന ഗാന്ധിജി വർഗ്ഗീയാസ്വാസ്ഥ്യം നിലനിൽക്കുന്ന കൽക്കത്തയിൽ മുസ്ലീങ്ങളുടെ പെരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

### ചരമം

01 ടി.രാമലിംഗംപിള്ള 1880
എം.ആർ.ഡി.ദത്തൻ 2006
കെ.എം.മാത്യു (1917-2010)
02 റഹ്മാൻ വാടാനപ്പള്ളി (1945-2011)
വി.ദക്ഷിണാമൂർത്തി (1919-2013)
03 ചിന്മയാനന്ദ സമാധി
ആർ.രാമചന്ദ്രൻ (1923-2005)
കാവാലം നാരായണക്കുറുപ്പ് (1929-2006)
04 പോൾ ചിറയ്ക്കരോട് (2008)
05 നൂറനാട് ഹനീഫ (1935-2006)
06 എസ്.കെ.പൊറ്റെക്കാട്ട് (1913-1982)
ഭരത് മുരളി (1954-2009)
07 കുട്ടമത്ത് കുഞ്ഞുക്കൃഷ്ണക്കുറുപ്പ് (1880-1943)
09 കെ.സുരേന്ദ്രൻ (1922-1997)
11 പകൽക്കുറി ഗോപിനാഥൻ നായർ (1938-1996)
ഡോ.ടി.ഭാസ്കരൻ (1929-2010)
രാമചന്ദ്രൻ വടക്കേടത്ത് (1928-2012)
13 ഞെരളത്ത് രാമപ്പൊതുവാൾ (1916-1996)
നിർമ്മലാനന്ദയോഗി (1925-2007)
14 വള്ളംകുളം പി.ജി.പിള്ള (1926-1998)
15 എൻ.പി.മന്മഥൻ (1914-1994)
കലാമണ്ഡലം കൃഷ്ണൻനായർ (1914-1990)
16 സി.അച്യുതമേനോൻ (1913-1991)
വി.എം. കുട്ടിക്കൃഷ്ണമേനോൻ (1907-1995)
ശ്രീരാമകൃഷ്ണപരമഹംസൻ (1836-1886)
17 ഡോ.സി.പി.ശിവദാസൻ (1940-2010)
18 വൈക്കത്ത് പാച്ചുമൂത്തത് (1814-1882)
പ്രൊഫ.സി.അയ്യപ്പൻ (1949-2011)
19 കടവനാട് കുട്ടിക്കൃഷ്ണൻ (1925-1992)
എ.കെ.ടി.എം.വാസുദേവൻ നമ്പൂതിരിപ്പാട് (1967)
20 കുഞ്ഞിരാമൻ മേനോൻ (എം.ആർ.കെ.സി) 1882-1939
പി.വി.കൃഷ്ണൻനായർ (1911-1973)
22 യു.ആർ.അനന്തമൂർത്തി (1932-2014)
23 ആർച്ച് ഡീക്കൻ ഉമ്മൻ (1830-1904)
വക്കം അബ്ദുൾ ഖാദർ (1912-1976)
ഡോ.അയ്യപ്പപ്പണിക്കർ (1930-2006)
24 എം.എസ്.മേനോൻ (1925-1998)
26 ടി.സി.ജോൺ (1949-2013)
27 ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (1857-1916)
ടി.പി.ബാലകൃഷ്ണൻനായർ (1923-1993)
കെ.ടി.രാമവർമ്മ (1931-1993)
വി.എസ്.ആൻഡ്രൂസ് (1872-1969)
കെ.എസ്.നമ്പൂതിരി (1936-2008)
28 കെ.പി.ഉറുമീസ് (1913-1993)
29 വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902-1980)
വയലാ വാസുദേവൻപിള്ള (1945-2011)
30 വിദ്വാൻ കെ.പ്രകാശം (1909-1979)
എം.എ.കൽബുർഗി (1930-2015)
31 പൂച്ചാലി ഗോപാലൻ (2000)









### തുടക്കം

05 കലാകൗമുദി വാരിക തുടക്കം (1975)
06 ഹിരോഷിമ ദിനം (1945)
09 നാഗസാക്കി ദിനം (1945)
15 സ്വാതന്ത്ര്യദിനം
ചിന്താ വാരിക തുടക്കം (1963)
കുങ്കുമം വാരിക തുടക്കം (1965)
16 സമസ്ത കേരള സാഹിത്യപരിഷത്ത്
ത്രൈമാസികം തുടക്കം (1932)
17 കൊല്ലവർഷാരംഭം
സാഹിത്യഅക്കാദമി ചിത്രശാല തുടക്കം (1995)
എക്സ്പ്രസ് ദിനപത്രം തുടക്കം (1944)
18 എസ്.ടി.റെഡ്യാർ പ്രസ് തുടക്കം (1886)
20 മലബാർ കലാപം തുടക്കം (1921)
22 വിനായകചതുർഥി
23 വിശ്വകർമജയന്തി
26 പൂർണ്ണാ പബ്ലിക്കേഷൻസ് തുടക്കം (1966)
28 അയ്യൻകാളി ജയന്തി
29 ലോക കായികദിനം
ഡി.സി.ബുക്സ് തുടക്കം (1974)
17 ചിങ്ങപ്പിറവി
തിരുവിതാംകൂർ സർവ്വകലാശാല
കേരളസർവ്വകലാശാലയായി (1957)
28 അയ്യങ്കാളി ജയന്തി



ആദ്യം തിരക്കഥയുമായി ഓടിയെത്തിയത് നെടുമുടിയുടെ വീട്ടിലേക്കായിരുന്നു. വള്ളുവനാടൻ നായർ തറവാടിന്റെ പശ്ചാത്തലത്തിലുള്ള കഥ. അവരുടെ ജീവിതരീതിയും ഭാഷാരീതിയുമെല്ലാം വേണ്ടത്ര മലയാളഭാഷാ പരിജ്ഞാനമില്ലാത്ത നിനക്കു കഴിയുമോ എന്നായിരുന്നു നെടുമുടി വേണുവിന്റെ പ്രതികരണം. വിനീത്-മോനിഷ എന്നിവർ താരജോടികളായ സിനിമയുടെ ചിത്രീകരണം പതിനെട്ട് ദിവസം കൊണ്ട് തീർക്കുവാനും ചിത്രം വിജയത്തിലെത്തിക്കുവാനും പ്രതാപ് പോത്തന് കഴിഞ്ഞു. ചിത്രം കണ്ടതിനുശേഷം ആദ്യമായി പ്രതാപ് പോത്തനെ വിളിച്ച് അഭിനന്ദിച്ചതും നെടുമുടിയായിരുന്നു. 1987ലെ മികച്ച സഹനടനുള്ള ദേശീയ അവാർഡിന് ഈ ചിത്രം തിലകനെ അർഹനാക്കി.

പ്രതാപ് പോത്തൻ കഥയും തിരക്കഥയും സംവിധാനവും നിർമ്മാണവും നിർവ്വഹിച്ച 'ഡെയ്സി' 1988ൽ പ്രദർശനത്തിനെത്തി. പഠിച്ച സ്കൂളിന്റെ പശ്ചാത്തലത്തിൽ നിർമ്മിച്ച ചിത്രം. ഹരീഷ്കുമാർ, സോണിയ, കമലഹാസൻ, ലക്ഷ്മി, എം.ജി.സോമൻ, നെടുമുടി വേണു തുടങ്ങിയവർ അഭിനയിച്ച ചിത്രം വൻവിജയമായി. സംവിധായകന്റെ കുപ്പായമണിഞ്ഞ പ്രതാപ് പോത്തന് കുറെക്കാലം മലയാളത്തിൽ അഭിനയിക്കുവാനുള്ള അ വസരം ഉണ്ടായില്ല.

മലയാള സിനിമയിൽ സജീവമാകാനാണ് ആഗ്രഹിച്ചതെങ്കിലും തമിഴ് സിനിമാ മേഖലയാണ് നടനെന്നുള്ള അംഗീകാരം പ്രതാപ് പോത്തന് നൽകിയത്. തമിഴിൽ കമലഹാസനെ നായകനാക്കി 'വെട്രിവിഴ' എന്ന സിനിമ സംവിധാനം ചെയ്തു. ഹോളിവുഡിൽ 'ബോൺ ഐഡന്റിറ്റി' ഇറങ്ങുന്നതിനു മുമ്പേ, ഓർമശക്തി നഷ്ടപ്പെട്ട പോലീസുകാരന്റെ കഥ പറയുന്ന ആക്ഷൻ ത്രില്ലറായിരുന്നു 'വെട്രിവിഴ'. തുടർന്ന് 'ജീവ', 'മൈ ഡിയർ മാർത്താണ്ഡൻ', 'മുഗുദം', 'ആത്മ', 'സീവാളപേരി പാണ്ടി', 'ലക്കി മാൻ', തെലുങ്കിൽ 'ചൈതന്യ' എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു. ബാലു മഹേന്ദ്രയുടെ 'മുടുപനി', 'നെഞ്ചത്ത് കിള്ളാ തെ', കെ.ബാലചന്ദ്രന്റെ 'വരുമയിൻ നിറം സിഗപ്പ്', ഭാരതി വാസുവിന്റെ പനീർ പുഷ്പങ്ങൾ എന്നീ സിനിമയിലെ നായകനായിരുന്നു. പെട്ടെന്ന് ദേഷ്യം വരുന്ന അര വട്ടനാണ് 'വരുമയിൻ നിറം സിഗപ്പ്'. പ്രതാപ് പോത്തൻ ഒരു എക്സെൻട്രിക് എന്നാ പേരുദോഷം ഏതാണ്ട് ഉറപ്പിക്കുന്ന ചിത്രം കൂടിയായിരുന്നു ഇത്.

സുഹൃത്തിന്റെ മരണത്തെ തുടർന്ന് ആ വീടുമായുള്ള പ്രതിബദ്ധമായ അടുപ്പത്തിനിടയിൽ അദ്ദേഹത്തിന്റെ ഭാര്യ അമല സത്യനാഥുമായി കൂടുതൽ അടുക്കുകയും അവരെ 1992ൽ വിവാഹം കഴിക്കുകയും ചെയ്തു. പ്രണയമായിരുന്നു അതിനു പിന്നിലെ പ്രേരണയെന്നു വെളിപ്പെടുത്തിക്കൊണ്ടുള്ള വിവാഹമായിരുന്നു അത്. അതിലുണ്ടായ മകളാണ് കേയ. രണ്ടു പതിറ്റാണ്ടിന്റെ ദാമ്പത്യത്തിനുശേഷം 2012ൽ ഇരുവരും വേർപിരിഞ്ഞു.

ശിവാജി ഗണേശനെ മലയാളസിനിമയിലേക്ക് കൊണ്ടുവരുന്നതിനുള്ള പല ആലോചനകൾ നടന്നു പരാജയപ്പെട്ട ഘട്ടത്തിലാണ് പ്രതാപ് പോത്തൻ 'ഒരു യാത്രാമൊഴി' (1997) എന്ന ചിത്രമെടുക്കുന്നത്. പ്രിയദർശൻ കഥയും ജോൺ പോൾ തിരക്കഥയും എഴുതി പ്രതാപ് പോത്തൻ സംവിധാനം ചെയ്തു. ശിവാജി ഗണേശൻ മോഹൻലാലിനോടൊപ്പം ആദ്യമായി മലയാളത്തിൽ അഭിനയിച്ചു. ഈ ചിത്രം തമിഴിലും ശ്രദ്ധിക്കപ്പെട്ടു.

സിനിമയിൽ അവസരം കുറഞ്ഞുവെന്നു കണ്ടപ്പോൾ പരസ്യമേഖലയിൽ കുടുതൽ ശ്രദ്ധതിരിച്ചു. പരസ്യ കമ്പനിയായ ഗ്രീൻ ആപ്പിളിലൂടെ സച്ചിൻ, ലാറ, സ്റ്റീവോ തുടങ്ങിയവരെ കൊണ്ടുവന്നു. എം.ആർ.എഫ്, നിപ്പോ തുടങ്ങിയ വൻകമ്പനികൾക്കുവേണ്ടി പരസ്യങ്ങൾ നിർമ്മിച്ചു. മൂന്നു പതിറ്റാണ്ടുകൾക്കുശേഷം സർക്കാർ ഫ്രീസ് ചെയ്ത കുടുംബസ്വത്ത് കോടതി വ്യവഹാരത്തിനുശേഷം വിട്ടുകിട്ടിയതും സാമ്പത്തിക ഭദ്രതയ്ക്കു സഹായകമായി.

**പ്രതാപ് പോത്തൻ കഥയും തിരക്കഥയും സംവിധാനവും നിർമ്മാണവും നിർവ്വഹിച്ച 'ഡെയ്സി' 1988ൽ പ്രദർശനത്തിനെത്തി. പഠിച്ച സ്കൂളിന്റെ പശ്ചാത്തലത്തിൽ നിർമ്മിച്ച ചി ത്രം. ഹരീഷ്കുമാർ, സോണിയ, കമലഹാസൻ, ലക്ഷ്മി, എം.ജി.സോമൻ, നെടുമുടി വേണു തുടങ്ങിയവർ അഭിനയിച്ച ചിത്രം വൻവിജയമായി. സം വിധായകന്റെ കുപ്പായമണിഞ്ഞ പ്രതാപ് പോത്തന് കുറെക്കാലം മലയാളത്തിൽ അഭിനയിക്കുവാനുള്ള അവസരം ഉണ്ടായില്ല.**









ഒന്നു മുതൽ പൂജ്യം വരെ (1986) എന്ന ചിത്രത്തിൽ അഭിനയിച്ച പ്രതാപ് പോത്തൻ നടനായി മലയാളത്തിൽ വീണ്ടും എത്തുന്നത് തന്മാത്ര(2005)യിലൂടെയാണ്. രണ്ടു പതിറ്റാണ്ടിന്റെ ഇടവേള. മാറി നിന്നതല്ല എന്നു പറയുമ്പോൾ, മാറ്റിനിർത്തിയതാണോ എന്ന ചോദ്യത്തിനും അല്ലായെന്ന് വിശ്വസിക്കാനാണ് ഇഷ്ടം. ഏഴു വർഷത്തെ ഇടവേളയ്ക്കുശേഷം 2012ൽ ആഷിഖ് അബു സംവിധാനം ചെയ്ത '22 ഫീമെയിൽ കോട്ടയം', ലാൽ ജോസ് സംവിധാനം ചെയ്ത 'അയാളും ഞാനും തമ്മിൽ' എന്നീ രണ്ടു ചിത്രങ്ങളിൽ അഭിനയിച്ചു. രണ്ടു ബലാൽസംഗ സീനുകൾ ചെയ്യാൻ മറ്റാരെയും കിട്ടാത്തതുകൊണ്ടായിരിക്കാം തന്നെ വിളിച്ചതെന്ന് ചിരിച്ചുകൊണ്ട് പറയുന്ന പ്രതാപ് പോത്തൻ ആ സെറ്റിലൂടെ മലയാള സിനിമയുടെ അതിവേഗതയിലുള്ള വളർച്ച കണ്ടു. പഠിപ്പിലും അറിവിലും പുതിയ ടെക്നോളജിയിലും സൗഹൃദാന്തരീക്ഷമുള്ള നവതരംഗവുമായി പൊരുത്തപ്പെട്ടുപോകുവാൻ കഴിഞ്ഞു. തന്റെ പക്വതയായിരിക്കാം അതിനു കാരണമെന്ന് അദ്ദേഹം കണ്ടെത്തുകയും ചെയ്തു.

2013നും 20നും ഇടയ്ക്ക് ഒമ്പത് ചിത്രങ്ങളിൽ പ്രതാപ് പോത്തൻ അഭിനയിച്ചു. അപ്പ് ആൻഡ് ഡൗൺ, മുകളിൽ ഒരാളുണ്ട്, ഇടുക്കി ഗോൾഡ്, ത്രി ഡോട്സ്, ബാംഗ്ലൂർ ഡെയ്സ്, മുന്നറിയിപ്പ്, എസ്രാ, ഉയരെ, ഫോറൻസിക് എന്നീ ചിത്രങ്ങളിലായിരുന്നു അഭിനയിച്ചത്. ഒടുവിൽ അഭിനയം പൂർത്തിയാക്കിയ ചിത്രം സിബിഐ അഞ്ചാം ഭാഗമാണ്.

മോഹൻലാൽ സംവിധാനം ചെയ്യുന്ന 'ബറോസ്' എന്ന സിനിമയിൽ 'ഉഡു' എന്ന കഥാപാത്രത്തിന്റെ ഡയലോഗ് പറയുന്നതടക്കമുള്ള കാര്യങ്ങളിൽ പ്രതാപ് പോത്തന്റെ സഹകരണം ആവശ്യമാണെന്നു പറഞ്ഞുവെങ്കിലും ആദ്യ കോവിഡ് തരംഗത്തിൽ ചിത്രീകരണം നിർത്തിവയ്ക്കേണ്ടിവന്നു. രണ്ടു വർഷം കഴിഞ്ഞപ്പോഴേക്കും സിനിമാമേഖലയിലെ ട്രെൻഡ് മാറ്റത്തിൽ താല്ക്കാലികമായി മോഹൻലാൽ പിൻമാറുകയും ചെയ്തു.

നെപ്പോളിയനെ തമിഴിലും വിനീതിനെ മലയാളത്തിലും അവതരിപ്പിച്ചതും ശിവാജി ഗണേശനെ ആദ്യമായി മലയാളസിനിമയിൽ അഭിനയിപ്പിച്ചതും പ്രതാപ് പോത്തനാണ്. ആത്മസുഹൃത്തായ കമലഹാസനെ നായകനാക്കി ഒരു ചിത്രം സംവിധാനം ചെയ്യണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. മലയാളി ജീൻസ് ഇടാനും ഹിപ്പിമോഡലിൽ കണ്ണടയും താടിയും വച്ച് നടക്കുവാനും പ്രേരണയായത് പ്രതാപ് പോത്തനിലൂടെയായിരുന്നു.

ചിട്ടവട്ടങ്ങളിൽ ഒതുങ്ങിനിൽക്കുന്ന കലാകാരനായിരുന്നില്ല. സാമ്പ്രദായിക രീതികളോട് പൊരുത്തപ്പെടുവാനും കഴിഞ്ഞിരുന്നില്ല. ഇളയരാജയുടെ ആരാധകനായിരുന്നുവെങ്കിൽ റോക്ക് മ്യൂസിക്കിന്റെ അടിമയായി. മനസ്സു കരയുമ്പോഴും സംസാരമധ്യേ പൊട്ടിച്ചിരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. കലഹവാസന മദ്യത്തോടൊപ്പം പങ്കുചേർന്നു. 'സൗമ്യമായ പുഴ അഴിമുഖത്ത് ചെന്നു ചേരുമ്പോൾ ഉണ്ടാകുന്ന സം ഘർഷം' എന്നാണ് ജീവിതത്തെ അദ്ദേഹം സ്വയം വിലയിരുത്തിയത്.

റോഷൻ ആൻഡ്രൂസിന്റെ പുതിയ ചിത്രത്തിലെ അഭിനയം കഴിഞ്ഞ് മദ്രാസിലെ കിൽപ്പോക്കിലെ ഫ്ളാറ്റിൽ താമസിച്ച 2022 ജൂലൈ 15ലെ ഏതോ യാമത്തിൽ പ്രതാപ് പോ ത്തൻ കലാലോകത്തോട് വിടപറഞ്ഞു. 16ന് ന്യൂ ആവടി റോഡിലെ വേലങ്കാട് പൊതുശ്മശാനത്തിൽ മതപരമായ ചടങ്ങുകൾ കൂടാതെ അദ്ദേഹത്തെ സംസ്കരിച്ചു. മരമായി വളരണം എന്നതായിരുന്നു അവസാന ആഗ്രഹം. മകൾ കേയ പിതാവിന്റെ ചിതാഭസ്മം ഒരു മാവിൻതൈ നട്ട് അതിനു വളമാക്കി ആ ആഗ്രഹം സഫലമാക്കി.

'മൗനമേ നിറയും മൗനമേ/ഇതിലേ പോകും കാറ്റിൽ/
ഇവിടെ വിരിയും മലരിൽ/കുളിരായി നിറമായ് ഒഴുകും ദുഃഖം എന്നും
നിന്നെ തേടിവരും...'

തകരയിലെ ഗാനംപോലെ 'മൗനം വിരിയും മലരായി' പക്വതയില്ലാത്ത യൗവനത്തിന്റെ നിഷ്കളങ്കതയിൽ പ്രതാപ് പോത്തൻ ഉണ്ടാവും, തീർച്ച.



18 തിങ്കൾ

**ചിത്രകാരൻ അച്യുതൻ കൂടല്ലൂർ**

ചെന്നൈ: അമൂർത്ത ചിത്രങ്ങളിൽ തനതുശൈലിയിലൂടെ പ്രശസ്തനായ ചിത്രകാരൻ അച്യുതൻ കൂടല്ലൂർ (78) അന്തരിച്ചു. ശരീരത്തിൽ സോഡിയം കുറഞ്ഞതുകാരണം ചെന്നൈയിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഡിസ്ചാർജ് ചെയ്യാനിരിക്കെ ഹൃദയാഘാതം ഉണ്ടായതാണ് മരണകാരണം. തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു ഡിപ്ലോമ നേടിയശേഷം 1965ൽ സിവിൽ എഞ്ചിനീയറിങ് പഠിക്കാൻ ചെന്നൈയിൽ എത്തി. അതിനിടെ ഗവ.കോളേജ് ഓഫ് ഫൈൻ ആർട്സിലെ മദ്രാസ് ആർട്സ് ക്ലബിൽ സായാഹ്ന ക്ലാസിൽ ചേർന്നു. പഠനത്തെ തുടർന്ന് തമിഴ്നാട് പൊതുമരാമത്തിൽ കുറച്ചുനാൾ ജോലി ചെയ്തു. പിന്നീട് അതുപേക്ഷിച്ച് ചിത്രകലയിൽ പൂർണമായി ശ്രദ്ധതിരിച്ചു. ഇക്കാലത്ത് വരച്ച ചിത്രങ്ങൾക്ക് മൂല്യമുണ്ടായിരുന്നുവെങ്കിലും അതെല്ലാം ചെന്നൈയിലെ ആർട്ട് ഗാലറിക്ക് കൈമാറി. പ്രദർശനത്തിന്റെ ഭാഗമായി ലോകത്തിന്റെ പ്രധാന ചിത്രകലാകേന്ദ്രങ്ങൾ സന്ദർശിച്ചു. 2001ൽ, പത്താം ഇന്ത്യൻ ഇന്റർനാഷണൽ ട്രൈനാലയുടെ കമ്മിഷണറായിരുന്നു. ചെന്നൈ നീലാങ്കരയിലെ ചോളമണ്ഡലം ആർട്ടിസ്റ്റ് വില്ലേജിൽ താമസിച്ച് ഒട്ടേറെ രചനകൾ നടത്തിയിരുന്നു. കേന്ദ്ര, തമിഴ്നാട് ലളിതകലാ അക്കാദമി അവാർഡുകൾ, കേരള ലളിത കലാ അക്കാദമി ഫെലോഷിപ്പ് തുടങ്ങിയ പുരസ്കാരങ്ങൾ നേടി. എം.ടി.വാസുദേവൻനായരുടെ അമ്മാവൻ മാടത്ത് തെക്കെപ്പാട്ട് എം.ടി.പരമേശ്വരനാണ് പിതാവ്. അമ്മ പാറുക്കുട്ടിയമ്മ. അവിവാഹിതനായിരുന്നു.



18 തിങ്കൾ

**ഗായകൻ ഭൂപീന്ദർ സിങ്**

**മുംബൈ: ഇതിഹാസ ഗസൽ** ഗായകൻ ഭൂപീന്ദർ സിങ് (82) അന്തരിച്ചു. കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലം മുംബൈയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അർബുദചികിത്സയിലായിരുന്നു. ദുനിയ ഛൂട്ടേ ന ഛൂട്ടേ (ധരം കാന്ത), ലതാ മങ്കേഷ്കറുമായിച്ചേർന്നു പാടിയ ഥോഡി സിൻ സമീൻ ഥോഡ ആസ്മാൻ (സിതാര), ദിൽ ദൂം ഢ്താ ഹേ (മൗസം), നാം ഗം ജായേഗ (കിനാര) തുടങ്ങിയവയാണ് സിങിന്റെ പ്രശസ്ത ഗാനങ്ങൾ. പഞ്ചാബിലെ അമൃത്സറിലാണ് സിങിന്റെ ജനനം. പ്രശസ്ത ഗായിക മിതാലി സിങാണ് ഭാര്യ. മകൻ നിഹാൽ സിങ്.



20 ചൊവ്വ

**പി.എൻ. നരേന്ദ്രനാഥൻ നായർ**

പത്തനംതിട്ട: എൻ.എസ്.എസ് മുൻ പ്രസിഡന്റും റിട്ട.ജില്ലാ ജഡ്ജിയുമായിരുന്ന വെട്ടിപ്രം പഞ്ചവടിയൽ പി.എൻ.നരേന്ദ്രനാഥൻ നായർ (89) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെ തുടർന്ന് ചെങ്ങന്നൂർ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. നാലു തവണ എൻ.എസ്.എസ് പ്രസിഡന്റ് സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ദീർഘകാലം എൻ.എസ്.എസ് പത്തനംതിട്ട യൂണിയൻ പ്രസിഡന്റ്, എൻ.എസ്.എസ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗം, ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു. ഭാര്യ. കെ.രമാഭായി. മക്കൾ നിർമല, മായ. മരുമക്കൾ ശിലങ്കരൻ നായർ, ജസ്റ്റീസ് കെ.ഹരിപാൽ (കേരള ഹൈക്കോടതി). കോന്നി പയ്യനാമൺ പുളിമൂട്ടിൽ നാരായണപിള്ള- കല്യാണിക്കുട്ടി ദമ്പതികളുടെ ഇളയ മകനായി 1932 ഡിസംബർ 28ന് ജനിച്ചു. 1954ൽ അഭിഭാഷകനായി. തുടർന്ന് സെക്രട്ടറിയേറ്റിലെ നിയമവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സൂപ്രണ്ടായി ജോലി നോക്കവെ മുൻസിഫായി. 1980ൽ ജില്ല ജഡ്ജിയായി. 1987 നവംബറിൽ വിരമിച്ചു. തുടർന്നാണ് സമുദായ പ്രവർത്തകനായത്.



22 വെള്ളി

**കാവാലം നാരായണപ്പണിക്കരുടെ ഭാര്യ ശാരദാമണി**

തിരുവനന്തപുരം: മലയാള ആധുനിക നാടകവേദിയുടെ ആചാര്യനും കവിയും സംവിധായകനുമായ അന്തരിച്ച കാവാലം നാരായണപ്പണിക്കരുടെ ഭാര്യ ജെ.ശാരദാമണി(89)അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കാവാലം നാരായണപ്പണിക്കരുടെ മാതൃസഹോദരൻ കെ.എം.പണിക്കരുടെ മകളാണ്. ഇന്റർമീഡിയേറ്റ് വിദ്യാഭ്യാസം നേടിയിട്ടുണ്ട്. വിവാഹശേഷം കാവാലത്തിന്റെ നാടകപ്രവർത്തനം, കാവ്യജീവിതം എന്നിവയുമായി ബന്ധപ്പെട്ടു. പിന്നണിഗായകൻ കാവാലം ശ്രീകുമാർ, പരേതനായ കാവാലം ഹരികൃഷ്ണൻ എന്നിവർ മക്കളാണ്. ലക്ഷ്മി ശ്രീകുമാർ, മായാ ഹരികൃഷ്ണൻ എന്നിവർ മരുമക്കളുമാണ്.



22 വെള്ളി

**അഖില ഭാരത അയ്യപ്പസേവാസംഘം ദേശീയ ജനറൽ സെക്രട്ടറി എൻ.വേലായുധൻ നായർ**

തിരുവനന്തപുരം: അഖില ഭാരത അയ്യപ്പസേവാസംഘം ദേശീയ ജനറൽ സെക്രട്ടറി എൻ.വേലായുധൻ നായർ അന്തരിച്ചു. രക്തസമർദ്ദത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 47 വർഷം അയ്യപ്പസേവാസംഘത്തിന്റെ വിവിധ ഘടകങ്ങളിൽ പ്രവർത്തിച്ചു. ദീർഘകാലം സംസ്ഥാന സെക്രട്ടറിയായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും അയ്യപ്പഭക്തന്മാരെ ശബരിമലയിലേക്ക് എത്തിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. സന്നിധാനം, പമ്പ, കരിമല, എരുമേലി എന്നിവിടങ്ങളിൽ അന്നദാനം തുടങ്ങിയത് ഇദ്ദേഹമാണ്. ചിന്മയ മിഷൻ സ്കൂൾ റിട്ട. അധ്യാപിക അമ്മിണി അമ്മയാണ് ഭാര്യ. മക്കൾ: ശ്രീലക്ഷ്മി, വി.ഉമാശങ്കർ



25 തിങ്കൾ

**ജോർദ്ദാൻ പാത്രിയർക്കിക്കൽ വികാർ ആർച്ച് ബിഷപ്പ് മോർ ഗബ്രിയേൽ ദാഹോ**

ജെറുസലേം: ജോർദ്ദാൻ പാത്രിയർക്കിക്കൽ വികാർ ആയിരുന്ന ആർച്ച് ബിഷപ്പ് മോർ ഗബ്രിയേൽ ദാഹോ മെത്രാപ്പോലീത്ത (52) കാലം ചെയ്തു. സിറിയയിലെ കാമിഷിയിൽ 1970ൽ ജനിച്ചു. സിറിയയിലെ മോർ അഫ്രേം സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ പഠനം പൂർത്തീകരിച്ചു. 1991ൽ ദയറാക്കാരനായി. 1996ൽ പാത്രിയർക്കീസ് സഖാ പ്രഥമൻ ഈവാസ് പാത്രിയർക്കീസിൽ നിന്നും റമ്പാൻ പട്ടം സ്വീകരിച്ചു. ആലപ്പോ, ഈജിപ്റ്റ്, ബ്രസീൽ എന്നിവിടങ്ങളിൽ 2016 വരെ ശുശ്രൂഷ ചെയ്തു. 2017ൽ സിറിയയിലെ മോർ അഫ്രേം സെമിനാരിയുടെ ഡയറക്ടറായി. 2019ൽ മെത്രാപ്പോലീത്തയായി. ജറുസലേം, ജോർദാൻ എന്നിവിടങ്ങളിലെ പാത്രിയർക്കാ വികാരിയായിരുന്നു.



26 ചൊവ്വ

**ബംഗാളിന്റെ ഒരു രൂപ ഡോക്ടർ സുഷോവൻ ബന്ദോപാധ്യായ്**

സുരി: ബംഗാളിന്റെ ഒരു രൂപ ഡോക്ടർ എന്നറിയപ്പെട്ടിരുന്ന സുഷോവൻ ബന്ദോപാധ്യായ് (84) കൊൽക്കത്തയിലെ ആശപത്രിയിൽ അന്തരിച്ചു. വൃക്കരോഗ ബാധിതനായിരുന്നു. ഡോക്ടറും രാഷ്ട്രീയക്കാരനുമായിരുന്ന ബന്ദോപാധ്യായ് അറുപതു വർഷത്തോളം ഒരു രൂപാ മാത്രം വാങ്ങിയാണ് രോഗികളെ ചികിത്സിച്ചിരുന്നത്. 2020ൽ പദ്മശ്രീക്ക് അർഹനായി. ഏറ്റവുമധികം രോഗികളെ ചികിത്സച്ചതിന് അതേവർഷം തന്നെ ഗിന്നസ് റെക്കോർഡു ലഭിച്ചു. ബോൽപുരിൽ എം.എൽ.എയായിരുന്നു. 1984ൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചു. തൃണമൂൽ കോൺഗ്രസിൽ ചേർന്ന് ജില്ലാ പ്രസിഡന്റായെങ്കിലും പാർട്ടിവിട്ടു.



26 ചൊവ്വ

**ഗുഡ് ഫ്രൈഡേ സമാധാന കരാർ ശില്പി ഡേവിഡ് ട്രിംപിൾ**

വടക്കൻ അയർലണ്ട്: വടക്കൻ അയർലണ്ടിൽ മൂന്നു പതിറ്റാണ്ടു നീണ്ടുനിന്ന പ്രൊട്ടസ്റ്റന്റ്- കത്തോലിക്കാ സംഘർഷത്തിനു വിരാമം കുറിച്ച 1998ലെ ഗുഡ് ഫ്രൈഡേ കരാറിന്റെ മുഖ്യശില്പിയും സമാധാന നൊബേൽ ജേതാവുമായ ഡേവിഡ് ട്രിംപിൾ (77)അന്തരിച്ചു. സമാധാന ഉടമ്പടിയുടെ ഭാഗമായി 1998ൽ വടക്കൻ അയർലണ്ടിന്റെ പ്രഥമ മന്ത്രിയായി സേവനമനുഷ്ഠിച്ച ട്രിംപിൾ 2001 ജൂലൈയിൽ രാജിവച്ചു. 1990കളിൽ രണ്ടുതവണ ബ്രിട്ടീഷ് പാർലമെന്റ് അംഗമായിരുന്നു. പ്രൊട്ടസ്റ്റന്റ്- കത്തോലിക്ക സംഘർഷത്തിൽ 3600 ൽ ഏറെ പേർ കൊല്ലപ്പെട്ടിരുന്നു. 1998ൽ നൊബേൽ സമ്മാനം ലഭിച്ചു. 2005ൽ യുയുപി വിട്ട ട്രിംപിൾ 2006 മുതൽ പ്രഭു സഭാംഗമായിരുന്നു.



27 ബുധൻ

**ഗയാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ജെയിംസ് ലവ്ലോക്ക്**

ലണ്ടൻ: ജൈവ- അജൈവ മണ്ഡലങ്ങളുടെ സഹവർത്തിത്വത്തിലൂടെ സ്വയം ക്രമീകരിക്കുന്ന ഒരു സങ്കീർണ വ്യവസ്ഥയാണ് ഭൂമി എന്നു പറഞ്ഞ ബ്രിട്ടീഷ് പരിസ്ഥിതി ശാസ്ത്രജ്ഞൻ ജെയിംസ് ലവ്ലോക്ക് (103)അന്തരിച്ചു. ഗയാ സിദ്ധാന്തം എന്നാണ് ഇദ്ദേഹത്തിന്റെ തത്ത്വം അറിയപ്പെടുന്നത്. 1919ൽ ജനിച്ച ലവ്ലോക്ക് മാഞ്ചസ്റ്റർ സർവകലാശാലയിൽ നിന്ന് കെമസ്ട്രിയിൽ ബിരുദവും ലണ്ടൻ സ്കൂൾ ഓഫ് ഹൈജീൻ ആൻഡ് ട്രോപ്പിക്കൽ മെഡിസിനിൽ നിന്ന് വൈദ്യശാസ്ത്രത്തിൽ പിഎച്ഡിയും നേടി. ലണ്ടൻ സർവകലാശാലയിൽ ബയോഫിസിക്സും പഠിച്ചു. സ്വതന്ത്രനായിട്ടാണ് ലവ്ലോക്ക് പരീക്ഷണങ്ങൾ നടത്തിയത്. അന്തരീക്ഷത്തിലെ ഊർധ്വഭാഗമായ സ്ട്രാറ്റോസ്ഫിയറിൽ ഫ്ളൂറോ കാർബണുകളുടെ സാന്നിധ്യം സ്ഥിരീകരിച്ചതും രാസവസ്തുക്കൾ ജലത്തെയും വായുവിനെയും മലിനമാക്കുന്നത് വിശദീകരിച്ചതും ഇദ്ദേഹമാണ്.



27 ബുധൻ

**മേള കലാകാരൻ കുറുപ്പത്ത് നാരായണൻകുട്ടി മാരാർ**

മണ്ണുത്തി: മേളകലാകാരൻ കുറുപ്പത്ത് നാരായണൻകുട്ടി മാരാർ (67)അന്തരിച്ചു. തായമ്പക മേള പ്രമാണിയായ പരിയാരത്ത് പരേതനായ കുറുപ്പത്ത് മാരാരുടെയും കുറുപ്പത്ത് നാണിക്കുട്ടിയുടെയും മകൻ. നാല്പതിലേറെ വർഷമായി മേളകലാകാരനാണ്. തൃശൂർ പൂരത്തിന് പാറമേക്കാവ് വിഭാഗത്തിന്റെ ഇലഞ്ഞിത്തറ മേളം, പെരുവനം- ആറാട്ടുപുഴ പൂരം, കുട്ടനെല്ലൂർ പൂരം, ഒല്ലൂക്കര തിരുവാണിക്കാവ് വേല തുടങ്ങി കേരളത്തിലെ പ്രധാന ഉത്സവ പൂരങ്ങളിലും വേലകളിയിലും ഉരുട്ടുചെണ്ട കലാകാരനായിരുന്നു. മേളം പരിശീലകനായിരുന്നു. ഭാര്യ പരിയാരത്ത് ചന്ദ്രിക വാരസ്യാർ. മക്കൾ: നിഷ, നിമിഷ. മരുമക്കൾ: ഞെരളത്ത് രാമദാസ് പൊതുവാൾ, ശ്രീകുമാർ.



31 ഞായർ

**പത്രപ്രവർത്തൻ ആർ.ഗോപീകൃഷ്ണൻ**

കോട്ടയം: മെട്രോ വാർത്ത ചീഫ് എഡിറ്റർ ആർ.ഗോപികൃഷ്ണൻ (67) അന്തരിച്ചു. 1985ലും 88ലും സംസ്ഥാന സർക്കാരിന്റെ മാധ്യമപുരസ്കാരം ലഭിച്ചു. ഡാൻ ബ്രൗണിന്റെ ഡാവിഞ്ചി കോഡ് കൃതിയുടെ പരിഭാഷകനാണ്. തമിഴ് പുലി നേതാവ് വേലുപ്പിള്ള പ്രഭാകരനുമായി അഭിമുഖം നടത്തിയ ആദ്യ പത്രപ്രവർത്തകൻ.






**ഒരു സർവ്വീസ് സ്റ്റോറി എന്ന നിലയിൽ വിലയിരുത്തുമ്പോൾ ഒട്ടേറെ വിമർശനങ്ങൾക്ക് ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട് വിധേയമാവും. രാഷ്ട്രീയ പക്ഷപാതിത്വം തെറ്റല്ല. എന്നാൽ പക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ വിവരിക്കുന്നത് ഒരു സർവ്വീസ് സ്റ്റോറിക്കു ചേർന്ന കാര്യമല്ല.**



**വി.ഐ.ജോൺസൺ**

## ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട്

**കെ.എസ്. പ്രേമചന്ദ്രകുറുപ്പ്**

കറന്റ് ബുക്സ്. വില: 550 രൂപ



ഒരു സാധാരണ കുടുംബത്തിൽ നിന്നും അക്ഷീണമായ പ്രയത്നത്തിലൂടെയും അണുവിട മാറാത്ത നിശ്ചയദാർഢ്യത്തിലൂടെയും ലക്ഷ്യത്തിലെത്താൻ ഒട്ടേറെ വെല്ലുവിളികൾ ധീരമായി നേരിട്ട വ്യക്തിയാണ് പ്രേമചന്ദ്രകുറുപ്പ്. അദ്ദേഹത്തിന്റെ കഥ പറയേണ്ട കഥ തന്നെയാണ്.

ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട് എന്ന പുസ്തകത്തിനെഴുതിയ അവതാരിക ഇങ്ങനെയാണ് വിനോദ് റായ് ഉപസംഹരിച്ചിട്ടുള്ളത്. അവതാരികാകാരന്റെ അഭിപ്രായം ഏറ്റവും വാസ്തവമാണ്. പറയേണ്ട ജീവിതവും അറിയേണ്ട ജീവിതവുമാണ് പ്രേമചന്ദ്രകുറുപ്പിന്റേത്. അദ്ദേഹം അത് പറയേണ്ട പോലെ പറഞ്ഞിട്ടുണ്ട്.

ഓണാട്ടുകര കണ്ണമംഗലം ഗ്രാമത്തിലെ തെക്കേ പുളിമൂട്ടിൽ ശ്രീധരപ്പണിക്കരുടെയും മേച്ചേരിൽ കാർത്ത്യായനിയമ്മയുടെയും ഒമ്പതു മക്കളിൽ നാലാമനായ പ്രേമചന്ദ്രകുറുപ്പ് കേരളത്തിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ മുൻനിരക്കാര നായി പരിഗണിക്കപ്പെടുന്ന ആളാണ്.

കേരളരാഷ്ട്രീയത്തിലെ ലീഡറായിരുന്ന കെ.കരുണാകരന്റെ പരിഗണനയും പിന്തുണയുമാണ് ഔദ്യോഗിക പദവിയെ അധികരിച്ച പേരും പ്രഭാവവും അദ്ദേഹത്തിനു നേടിക്കൊടുത്തത്. അതുകൊണ്ടുതന്നെയാവണം കേരളത്തിലും ഡൽഹിയിലുമായി പരിപൂർത്തിയിലെത്തിയ സർവ്വീസ്ചരിത്രത്തിന് ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട് എന്നദ്ദേഹം പേരിട്ടത്. പ്രധാനമായും ഉദ്യോഗചരിത്രം

വിവരിക്കുന്നതുകൊണ്ട് ഓണാട്ടുകരക്കാരുടെ ആത്മകഥകളിലെ ഓണാട്ടുകര ഓർമ്മകൾ വലവീശിപ്പിടിക്കുവാനുള്ള പരിശ്രമത്തിൽ കെ.എസ്. പ്രേമചന്ദ്രകുറുപ്പ് നൽകുന്ന സംഭാവന വിദ്യാഭ്യാസജീവിതത്തെക്കുറിച്ചുള്ള പരാമർശം മാത്രമാണ്. കണ്ണമംഗലം തെക്ക് അപ്പർ പ്രൈമറി സ്കൂൾ,ചെട്ടികുളങ്ങര ഹൈ & ട്രയിനിംഗ് സ്കൂൾ, മാവേലിക്കര ബിഷപ്പ് മൂർ കോളജ്, പന്തളം എൻ.എസ്.എസ് കോളജ് , മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രയിനിംഗ് കോളജ് എന്നിവിടങ്ങളിൽ വിദ്യാർത്ഥിയായിരുന്ന പ്രേമചന്ദ്രകുറുപ്പിന് ബിഎഡ് പഠനത്തിനിടയ്ക്കാണ് സെക്രട്ടറിയേറ്റിൽ ജോലി ലഭിച്ചത്. കണ്ണമംഗലം സ്കൂളിൽ അച്ഛൻ തന്നെയായിരുന്നു മുഖ്യ ഗുരു. ചെട്ടികുളങ്ങര ഹൈ& ട്രയിനിംഗ് സ്കൂളിൽ കേരളത്തിലെ തന്നെ മികച്ച അദ്ധ്യാപകരായിരുന്ന എ.എൻ.പി നായർ, സി. ചന്ദ്രശേഖരപിള്ള, ശ്രീധരൻപിള്ള, രാമകൃഷ്ണപിള്ള, മാധവൻ നായർ, സുകുമാരപിള്ള, ചന്ദ്രശേഖരപിള്ള, ജോർജ്, കുരുവിള തുടങ്ങിയവരും. കോളജ് പഠനകാലത്ത് റവ. കെ.സി മാത്യു,ഡോ. എൻ.ജി. കുറുപ്പ്, പ്രൊഫ.വി.എൻ.കൃ ഷ്ണപിള്ള തുടങ്ങിയവരുടെ സ്നേഹവാത്സല്യങ്ങൾ നുകരുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി.

സെക്രട്ടറിയേറ്റിൽ ഭൂപരിഷ്കരണ വകുപ്പിലാണ് ആദ്യം ജോലി ലഭിച്ചതെങ്കിലും ലോകപരിചയമുള്ള അറ്റൻഡർ ഗോപിനാഥന്റെ ഉപദേശം മാനിച്ച് സമുദായ സ്നേഹിയായ അണ്ടർ സെക്രട്ടറിനാരായണൻ നായരെ ചെന്നു കണ്ട പ്രേമചന്ദ്രകുറുപ്പിന് വികസന വകുപ്പിലേക്ക് മാറ്റം ലഭിച്ചു. സെക്രട്ടറിയേറ്റിലെ കോൺഗ്രസ് സംഘടനയുടെ മുൻനിര പ്രവർത്തകനെന്ന നിലയിൽ അക്കാലത്തെ മുടിചൂടാമന്നനായ കെ.കരുണാകരന്റെ വാത്സല്യപാത്രമായ ആത്മകഥാകാരന് പിന്നെയെന്നും വെച്ചടിവെച്ചടി ഉയർച്ച മാത്രമായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് ഡൽഹിയിൽ കരുണാകരന്റെ വിശ്വസ്തനായിരുന്ന പ്രേമചന്ദ്രകുറുപ്പ് വൈകാതെ തിരുവനന്തപുരത്ത് അഭ്യന്തര വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായി. 1977ൽ അപ്രതീക്ഷിതമായി കെ. കരുണാകരന് മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടി വന്നതോടെ ചില തിരിച്ചടികൾ ഉണ്ടായെങ്കിലും ലീഡറുടെ തിരിച്ചുവരവുണ്ടായപ്പൊഴെല്ലാം പ്രേമചന്ദ്രകുറുപ്പും നഷ്ടപ്പെട്ട പ്രഭാവം വീണ്ടെടുത്തുപോന്നു.

ഇതിനിടെ ഐ.എ.എസ് ലഭിച്ച അദ്ദേഹം തൃശൂർ, മലപ്പുറം ജില്ലകളിൽ കലക്ടറായും ചുമതല നിർവ്വഹിച്ചു. സംസ്ഥാന ലേബർ കമ്മീഷണറായി വിരമിച്ച അദ്ദേഹം പിന്നീട് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി സമിതിയുടെ സെക്രട്ടറിയായും

കേപ്പിന്റെ ചെയർമാനായും സേവനമനുഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ ഭാരതീയ വിദ്യാഭവൻ തിരുവനന്തപുരം കേന്ദ്രത്തിന്റെ ചെയർമാനായി പ്രവർത്തിക്കുന്ന കെ എസ്. പ്രേമചന്ദ്രകുറുപ്പ് അഴിമതിയുടെ കറ പുരളാതെയാണ് എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തു നിർവ്വഹിച്ചത്. സ്വന്തം ചുമതല തിരിച്ചറിയുകയും ഭയരഹിതമായും സമർപ്പണഭാവത്തിലും നിറവേറ്റുകയും ചെയ്ത ആത്മകഥാകാരൻ ഒരു ഉദ്യോഗസ്ഥർ എന്ന നിലയിൽ എല്ലാവിധ ആദരവും അഭിനന്ദനവും അർഹിക്കുന്നു.

ഒരു സർവ്വീസ് സ്റ്റോറി എന്ന നിലയിൽ വിലയിരുത്തുമ്പോൾ ഒട്ടേറെ വിമർശനങ്ങൾക്ക് ലീഡർക്കൊപ്പം മൂന്നരപതിറ്റാണ്ട് വിധേയമാവും. രാഷ്ട്രീയ പക്ഷപാതിത്വം തെറ്റല്ല. എന്നാൽ പക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ വിവരിക്കുന്നത് ഒരു സർവ്വീസ് സ്റ്റോറിക്കു ചേർന്ന കാര്യമല്ല.

തൃശൂരിൽ ലുലു കൺവൻഷൻ സെന്റർ സ്ഥാപിക്കുവാനുള്ള അനുമതി നൽകുവാൻ അന്നത്തെ റവന്യൂ മന്ത്രി കെ പി.രാജേന്ദ്രൻ എം.എ യൂസഫലിയിൽ നിന്നും ആനുകൂല്യം പറ്റാൻ ശ്രമിച്ചു എന്ന് പേരെടുത്തു പറഞ്ഞ് ആരോപണമുന്നയിക്കുന്ന പ്രേമചന്ദ്രകുറുപ്പ് താൻ കേപ്പ് ചെയർമാനായിരുന്നപ്പോൾ അദ്ധ്യാപക നിയമനത്തിൽ എല്ലാ വ്യവസ്ഥകളും ലംഘിക്കാൻ ഒരുമ്പെട്ടിറങ്ങിയ കോൺഗ്രസ്സുകാരനായ സഹകരണവകുപ്പു മന്ത്രിയുടെ പേര് പരാമർശിക്കാതിരിക്കുവാൻ അങ്ങേയറ്റം ജാഗ്രത കാണിച്ചിട്ടുണ്ട്. യൂസഫലി വേണ്ടതെല്ലാം എല്ലാ രാഷ്ട്രീയക്കാർക്കും നൽകുമെന്നല്ലാതെ സമ്മർദ്ദത്തിനു വഴങ്ങി പ്രത്യേകിച്ചെന്തെങ്കിലും ആർക്കും നൽകാറില്ല എന്നു മനസ്സിലാകാത്ത ആളാണ് കെ.പി. രാജേന്ദ്രൻ എന്ന അവതരണത്തിന് വിശ്വാസ്യത പോരാ! സുജാതൻ(?)എന്ന ഭസ്മാസുരൻ തനിക്കു നേരെതന്നെ പുറത്താക്കലും പോലീസ് കേസുമായി പാഞ്ഞടുത്തില്ലായിരുന്നെങ്കിൽ കേപ്പ് അഴിമതി തുറന്നു കാണിക്കുവാൻ ലേഖകൻ തുനിയുമായിരുന്നോ എന്ന സംശയവും പ്രസക്തമാണ്!

റിട്ടയർ ചെയ്തിനു ശേഷവും ഐ.എ.എസ് എന്ന പദവി പേരിനോടാപ്പം ഉപയോഗിച്ചു എന്ന വസ്തുതാപരമായ കുറ്റകൃത്യത്തിൽ നിന്നും ബാലിശമെന്ന നിരീക്ഷണത്തോടെ ഹൈക്കോടതി തന്നെ ഒഴിവാക്കിയത് വലിയ കാര്യമെന്ന് ആഘോഷിക്കുന്ന ശ്രീ കുറുപ്പ് പിണറായി വിജയനെതിരെയുള്ള ലാവ്ലിൽ കുറ്റപത്രം റദ്ദാക്കിയത്.

മഹാപാതകമാണെന്നാണ് വിലപിക്കുന്നത്. പ്രേമചന്ദ്രകുറുപ്പിനെതിരെ എഫ്.ഐ.ആർ. ഫയൽ ചെയ്തത് അദ്ദേഹത്തിന്റെ തന്നെ രാഷ്ട്രീയ മുന്നണിയുടെ ഗവർമെന്റായിരുന്നു. എന്നാൽ പിണറായി വിജയനെതിരെ കേസെടുത്തത് രാഷ്ട്രീയ എതിരാളികൾ നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ നിർബ്ബന്ധത്തിലും.

കെ.കരുണാകരൻ കിംഗ് മേക്കറായിരുന്നു എന്ന് ആവർത്തിച്ചു പറയുന്ന ആത്മകഥാകാരൻ നരസിംഹറാവുവിനാൽ അപമാനിക്കപ്പെട്ട ലീഡറെക്കുറിച്ച് ഒരക്ഷരം ഉരിയാടിയിട്ടില്ല. കരുണാകരനോട് അടുത്ത അനുയായികൾ കാണിച്ച ചതിയും വഞ്ചനയും ലളിതവർണ്ണത്തിൽ വരയ്ക്കുമ്പോൾ പ്രതിപക്ഷത്തിന്റെ പോർമുഖങ്ങളെ മഹാപരാധമെന്ന മട്ടിലാണ് ചിത്രീകരിച്ചിട്ടുള്ളത്. പ്രതിപക്ഷനേതാവായ

വി.എസ്.അച്യുതാനന്ദൻ കേരള ഹൗസിൽ എസ്.ടി ഡി സൗകര്യമുള്ള മുറി ആവശ്യപ്പെട്ടതിനെ പരിഹസിക്കുന്ന പ്രേമചന്ദ്രകുറുപ്പ് കരുണാകരന് പ്രിയപ്പെട്ട മുറി ലഭ്യമാക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ അതുവരെയും മുൻഗണനാപട്ടികയിൽ ഇല്ലാതിരുന്ന മുൻമുഖ്യമന്ത്രിയെ കൂട്ടിച്ചേർത്തത് ആനക്കാര്യമെന്ന മട്ടിലാണ് പ്രതിപാദിക്കുന്നത്. വി.എസിനോട് അനാദരവ് കാണിച്ചത് തന്റെ കേമത്തമെന്ന ഭാവമാണ് കാലം കഴിഞ്ഞിട്ടും ലേഖകനിൽ പുലരുന്നതും!

സർവ്വീസിൽ ചേർന്നപ്പോൾ തന്നെ സംഘടനാ പ്രവർത്തകനായ വ്യക്തി കേരള ഹൗസിലെ ജീവനക്കാർ സംഘടന രൂപീകരിക്കുവാൻ തീരുമാനിച്ചപ്പോൾ പുലർത്തിയ അസംതൃപ്തി പോലെയും ഇന്ദിരാ ഗാന്ധിയുടെ മരണത്തെ തുടർന്ന് ഡൽഹിയിലെ സിക്കുകാർ കൊല്ലപ്പെടാൻ കാരണം ഗുരുദ്വാരകളിൽ മധുര വിതരണം നടന്നതാണെന്ന ന്യായീകരണവുമെല്ലാമായി ഇരട്ടത്താപ്പിനുള്ള ഒട്ടേറെ ഉദാഹരണങ്ങൾ ലേഖകൻ തന്നെ വേറെയും ലഭ്യമാക്കിയിട്ടുണ്ട്.

പച്ചവെള്ളം ചവച്ചു കുടിക്കുമ്പോൾ പോലും രാഷ്ട്രീയമുള്ളവരാണ് മിക്ക ആളുകളും. മിക്കവർക്കും സ്വന്തം രാഷ്ട്രീയം നൂറു ശതമാനം ശരിയും മറ്റെല്ലാം തിന്മകളുടെയും കുറവുകളുടെയും കൂമ്പാരവും! ജീവിതബോധമുള്ളവർ കാലക്രമേണ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ വിലയിരുത്തലും നിലപാടുമുള്ളവരാകും.

പ്രേമചന്ദ്രകുറുപ്പിന് അച്ഛൻ നൽകിയ നല്ലൊരു ഉപദേശം പരമാവധി മറ്റുള്ളവരെ സഹായിക്കണമെന്നതും സഹായിക്കുവാൻ കഴിഞ്ഞില്ലെങ്കിലും അറിഞ്ഞുകൊണ്ട് ഒരാളെയും ഉപദ്രവിക്കരുത് എന്നതുമായിരുന്നു. അതദ്ദേഹം പരമാവധി പാലിച്ചിട്ടു മുണ്ട്. എന്നാൽ രാഷ്ട്രീയമാ യി താൻ മാത്രമാണ് ശരി യെന്ന ശാഠ്യം സർവ്വീസ് സ്റ്റോറി എഴുതുന്ന വേളയിലും അദ്ദേഹം പുലർത്തുന്നു എ ന്നാണ് ലീഡർക്കൊപ്പം മൂന്നര പതിറ്റാണ്ട് തെളിവു നൽകുന്നത്. സർവ്വീസിലിരുന്നപ്പോൾ എൻ.ജി.ഒ യൂണിയനെ ഒതുക്കി തകർത്തു എന്നൊക്കെ വമ്പു പറയുന്ന സാധാരണ ഓഫീസ് മേധാവിയായി മാത്രം പരിമിതിപ്പെടുന്ന ഗ്രന്ഥകാരന് ഇടതു പക്ഷക്കാരുടെ നന്മ വ്യക്തി പരവും വലതു പക്ഷക്കാ രുടെ തിന്മ സാഹചര്യ സ്വാ ധീനവുമാണ് . ചുവപ്പു കണ്ടാൽ വിരളുന്ന പഴയ കാല രാഷ്ട്രീയ ബോധത്തിന്റെ അലയടികൾ സാരാമാക്കാതിരുന്നാൽ ഒരു കാലഘട്ടത്തിലെ കേരള രാഷ്ട്രീയത്തിലെ അടിയൊഴുക്കുകൽ മനസ്സിലാക്കുവാൻ ഈ കൃതി നല്ലൊരു ഉപാദാനമാണ്. 2006 ൽ തൃശൂർപൂരം മുടക്കി ചരിത്രത്തിലിടം പിടിക്കുവാൻ ഡി ഐ.ജി.ബി.സന്ധ്യ നടത്തിയ കുത്സിതശ്രമവും പാവം പയ്യൻമാരും പിച്ച ബഷീർമാരും അറബിക്കുറുപ്പുമാരും റോസ് മേരിമാരും നിറഞ്ഞ അധികാരത്തിന്റെ അടുക്കളപ്പുറവും 2011ലെ മുഖ്യമന്ത്രി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസ്സിലുണ്ടായ ചേരിപ്പോരും മുസ്ലിം ലീഗിന്റെയും കേരള കോൺഗ്രസ്സിന്റെയും വകുപ്പുകളിൽ കൊടികുത്തി വാഴുന്ന അഴിമതിയുമെല്ലാം വായനയ്ക്ക് കൗതുകമുണർത്തുന്ന വിവരണങ്ങളാണ്.

തികച്ചും വ്യക്തിപരമായ ചില പരാമർശങ്ങൾക്കുള്ള സന്ദർഭങ്ങൾ കൃതി മുന്നോട്ടു വയ്ക്കുന്നത് അവഗണിക്കുവാൻ കഴിയുന്നില്ല. ഒന്നാമത്തേത് ബിഷപ്പ് മൂർ കോളജിന്റെ ആരംഭവുമായി ബന്ധപ്പെട്ട പരാമർശത്തിൽ പ്രൊഫ.എം.കെ.ചെറിയാന്റെ പേര് വിട്ടുപോയതാണ്. ഒരു പക്ഷെ ഉപഭാഷ ഹിന്ദിയായിരുന്നതു കൊണ്ട് ചെറിയാൻ സാറിനെ പരിച പ്പെടുന്ന സാഹചര്യം ഗ്രന്ഥകാരന് ലഭിക്കാതെ പോയതാവാം ഇതിനു കാരണം. 1964 ൽ കോട്ടയം സി.എം.എസ് കോളജിൽ നിന്നും ബിഷപ്പ് മൂർ കോളജ് ആരംഭിക്കുവാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകരിൽ സമീപസ്ഥലമായ കൊഴുവല്ലൂർ സ്വദേശി ചെറിയാൻ സാറുമുണ്ടായിരുന്നു.

കെ സി മാത്യു അച്ചനെ പിന്തുടർന്ന് പ്രിൻസിപ്പലായതും അദ്ദേഹമായിരുന്നു. അടുത്തത് പ്രീഡിഗ്രി ബോർഡും പ്ളസ് ടൂവും ഒന്നാണെന്ന മുൻവിധിയാണ്. രാഷ്ട്രീയ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായതിനെ ഒന്നായി ചിത്രീ കരിക്കുന്നവർക്കൊപ്പമാണ് പ്രേമചന്ദ്രകുറുപ്പ് . പ്രീഡിഗ്രി ബോർഡും പ്ളസ് ടൂവും ഒന്നാണെന്ന അവകാശവാദം ഒട്ടും വസ്തുതാപരമല്ല.

ആധികാരികതയാണ് കൃതിയുടെ സവിശേഷത എന്നാണ് പ്രസാധകരുടെ അവകാശവാദമെങ്കിലും കൃതിയുടെ പേരിൽ ആരംഭിക്കുന്ന വ്യക്തിപരത ഗ്രന്ഥാവസാനം വരെ തുടരുന്നു എന്നതാണ് വസ്തുത. എന്നാൽ രചയിതാവ് കണ്ടറിഞ്ഞ സത്യങ്ങൾ കേട്ടുകേൾവികളെക്കാളും കെട്ടുകഥകളെക്കാളും നാടകീയത നിറഞ്ഞവയായതുകൊണ്ടും ഓണാട്ടുകര ഭാഷയുടെ ഋജുതയിൽ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടും ലീഡർക്കൊപ്പം മൂന്നരപതി റ്റാണ്ട് മലയാളത്തിലെ സർവ്വീസ് സ്റ്റോറികളിൽ തനതായ സ്ഥാനം സ്വന്തമാക്കുന്നു!






**സ്വാതന്ത്ര്യം ലഭിച്ച് 75 വർഷത്തെ നമ്മുടെ രാജ്യത്തിന്റെ യാത്രയെ കുറിച്ച് ചർച്ച ചെയ്തുകൊണ്ടാണ് ഇന്ന് നമ്മൾ ആരംഭിച്ചത്. ഇനി നമ്മൾ കണ്ടുമുട്ടു മ്പോൾ നമ്മുടെ രാജ്യത്തിന്റെ അടുത്ത 25 വർഷത്തേക്കുള്ള യാത്ര തുടങ്ങി ക്കാണും. നമ്മുടെ വീട്ടിൽ, നമ്മുടെ പ്രിയപ്പെട്ടവരുടെ വീട്ടിൽ ത്രിവർണ്ണ പതാക പാറട്ടെ. ഇതിനായി നമുക്കെല്ലാം ഒരുമിക്കാം. ഇത്തവണ സ്വാതന്ത്ര്യദിനം നിങ്ങൾ എങ്ങ നെ ആഘോഷിച്ചു, വേറിട്ട് എന്തു ചെയ്തു, ഇതെല്ലാം ഞാനുമായി പങ്കുവെയ്ക്കുക.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങൾക്ക് ഓർമ്മ കാണും, മൻ കി ബാത്തിന്റെ ഒരു ലക്കത്തിൽ ഭാരതത്തിന് കളിപ്പാട്ട കയറ്റുമതിയുടെ പവർ ഹൗസ് ആകാനുള്ള എല്ലാ കഴിവും ഉണ്ട് എന്ന് ഞാൻ പറഞ്ഞു. സ്പോർട്സിലും ഗയിംസിലും ഭാരതത്തിന്റെ സമൃദ്ധമായ പാരമ്പര്യത്തെ കുറിച്ചു ഞാൻ വിശേഷിച്ചു ചർച്ച ചെയ്തു. ഭാരതത്തിന്റെ തദ്ദേശീയ കളിപ്പാട്ടങ്ങൾ നമ്മുടെ പാരമ്പര്യത്തിനും പ്രകൃതിക്കും അനുകൂലമാണ്. പരിസ്ഥിതി സൗഹൃദവുമാണ്. ഞാനിന്ന് നിങ്ങളോട് ഇന്ത്യൻ കളിപ്പാട്ടങ്ങളുടെ വിജയം പങ്കിടാൻ ആഗ്രഹിക്കുന്നു. നമ്മുടെ ചെറുപ്പക്കാരുടെ സ്റ്റാർട്ടപ്പുകളുടെയും സംരംഭകരുടെയും ബലത്തിൽ നമ്മുടെ കളിപ്പാട്ട വ്യവസായം ഇത്രയധികം വിജയം വരിക്കുമെന്ന് ആരും തന്നെ സങ്കല്പിച്ചിട്ടുണ്ടാകില്ല. ഇന്നിപ്പോൾ ഇന്ത്യൻ കളിപ്പാട്ടങ്ങളെ കുറിച്ച് പറയുമ്പോൾ എല്ലായിടത്തു നിന്നും വോക്കൽ ഫോർ ലോക്കൽ എന്നുതന്നെ മുഴങ്ങിക്കേൾക്കുന്നു. ഇന്ത്യയിലിപ്പോൾ വിദേശത്തുനിന്ന് വരുന്ന കളിപ്പാട്ടങ്ങളുടെ എണ്ണം നിരന്തരം കുറഞ്ഞുവരുന്നു എന്നറിയുമ്പോൾ നിങ്ങൾക്ക് സന്തോഷം തോന്നും. മുൻപ് 3,000 കോടിയിലധികം രൂപയുടെ കളിപ്പാട്ടങ്ങൾ വിദേശത്തുനിന്നും വന്നിരുന്നിടത്ത് ഇപ്പോൾ ഇവയുടെ ഇറക്കുമതി 70 ശതമാനം വരെ കുറഞ്ഞിരിക്കുന്നു. അതേസമയം ഭാരതം 2,600 കോടിയിലധികം രൂപയുടെ കളിപ്പാട്ടങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കുന്നു. മുൻപ് 300400 കോടി രൂപയുടെ കളിപ്പാട്ടങ്ങൾ മാത്രമാണ് ഇന്ത്യക്ക് പുറത്തേക്ക് അയക്കപ്പെട്ടിരുന്നത്. ഈ നേട്ടങ്ങൾ കൊറോണക്കാലത്താണ് എന്നുകൂടി നാം അറിയണം. ഭാരതത്തിന്റെ കളിപ്പാട്ടമേഖല സ്വയം രൂപമാറ്റം വരുത്തിക്കാണിച്ചു തന്നിരിക്കുന്നു. ഭാരതത്തിലെ കളിപ്പാട്ട നിർമ്മാതാക്കൾ ഇപ്പോൾ നമ്മുടെ പുരാണങ്ങളെയും ചരിത്രത്തെയും സംസ്കാരത്തെയും ആധാരമാക്കിയുള്ള കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു. കളിപ്പാട്ടമുണ്ടാക്കുന്ന ചെറുകിട സംരംഭകർക്കും ഇതിന്റെ ഗുണം ലഭിക്കുന്നു. ഇത്തരം ചെറുകിട സംരംഭകർ നിർമ്മിക്കുന്ന കളിപ്പാട്ടങ്ങൾ ഇന്ന് ലോകം മുഴുവൻ എത്തുന്നു. ഭാരതത്തിന്റെ കളിപ്പാട്ട നിർമ്മാതാക്കൾ ഇന്ന് ലോകത്തിലെ പ്രധാന ഗ്ലോബൽ ടോയ് ബ്രാൻഡുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

> **നമ്മുടെ സ്റ്റാർട്ടപ് മേഖലയും കളിപ്പാട്ടത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നു എന്നുള്ളത് എനിക്ക് വളരെ സന്തോഷപ്രദമായ കാര്യമാണ്. ഈ മേഖലയിൽ അവർ ശ്രദ്ധേയമായ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ബാംഗ്ലൂരിൽ ഷൂമി ടോയ്സ് എന്നു പേരുള്ള ഒരു സ്റ്റാർട്ടപ്, പരിസ്ഥിതി സൗഹൃദമായ കളിപ്പാട്ടങ്ങളിൽ കേന്ദ്രീകരിച്ചാണ് മുന്നോട്ടു പോകുന്നത്. ഗുജറാത്തിലെ ആർകിഡ്സു കമ്പനി ഏ ആർ ബേയ്സ്ഡ് ഫ്ളാഷ് കാർഡുകളും ഏ ആർ ബേയ്സ്ഡ് കഥാപുസ്തക ങ്ങളും ഉണ്ടാക്കുന്നു.**

നമ്മുടെ സ്റ്റാർട്ടപ് മേഖലയും കളിപ്പാട്ടത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നു എന്നുള്ളത് എനിക്ക് വളരെ സന്തോഷപ്രദമായ കാര്യമാണ്. ഈ മേഖലയിൽ അവർ ശ്രദ്ധേയമായ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ബാംഗ്ലൂരിൽ ഷൂമി ടോയ്സ് എന്നു പേരുള്ള ഒരു സ്റ്റാർട്ടപ്, പരിസ്ഥിതി സൗഹൃദമായ കളിപ്പാട്ടങ്ങളിൽ കേന്ദ്രീകരിച്ചാണ് മുന്നോട്ടു പോകുന്നത്. ഗുജറാത്തിലെ ആർകിഡ്സു കമ്പനി ഏ ആർ ബേയ്സ്ഡ് ഫ്ളാഷ് കാർഡുകളും ഏ ആർ ബേയ്സ്ഡ് കഥാപുസ്തകങ്ങളും ഉണ്ടാക്കുന്നു. പൂനെയിലെ ഫൺവെൻഷൻ ലേണിംഗ് എന്ന കമ്പനി കളിപ്പാട്ടങ്ങളിലൂടെയും ആക്ടിവിറ്റി പസിൽസിലൂടെയും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ഗണിതത്തിലും കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കാനുള്ള തീവ്ര ശ്രമത്തിലാണ്. കളിപ്പാട്ട മേഖലയിൽ മഹത്തരമായ സംഭാവനകൾ നൽകുന്ന ഉല്പാദകരെ, സ്റ്റാർട്ടപ്പുകളെ ഞാൻ അഭിനന്ദിക്കുകയാണ്. വരുവിൻ, നമുക്കെല്ലാവർക്കും ഒരുമിച്ചു ചേർന്ന് ഭാരതത്തിലെ കളിപ്പാട്ടങ്ങളെ ലോകത്താകമാനം ജനകീയമാക്കാം. അതോടൊപ്പം തന്നെ ഭാരതത്തിലെ കളിപ്പാട്ടങ്ങളും പസിൽസും ഗയിംസും ധാരാളമായി വാങ്ങണമെന്നാണ് അഭ്യുദയകാംക്ഷികളോട് ഞാൻ അഭ്യർത്ഥിക്കുന്നത്.

സുഹൃത്തുക്കളേ,

ക്ലാസ്മുറികളിലാകട്ടെ, കളിക്കളത്തിലാകട്ടെ നമ്മുടെ യുവത രാജ്യത്തിന് അഭിമാനിക്കാൻ അവസരമൊരുക്കുന്നു. ഈ മാസത്തിൽ സിങ്കപ്പൂർ ഓപ്പണിൽ പി വി സിന്ധു അവരുടെ ആദ്യ കിരീടം നേടി. നീരജ് ചോപ്രയും തന്റെ അഭൂതപൂർവ്വമായ പ്രകടനം നിലനിർത്തിക്കൊണ്ട് ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ നമ്മുടെ രാജ്യത്തിനുവേണ്ടി വെള്ളിമെഡൽ നേടി. നമ്മുടെ കളിക്കാർ അയർലന്റ് പാരാ ബാഡ്മിന്റൺ ഇന്റർ നാഷണലിൽ 11 മെഡലുകൾ നേടി രാജ്യത്തിന്റെ അഭിമാനമുയർത്തി. റോമിൽ നടന്ന വേൾഡ് കേഡറ്റ് റസലിംഗ് ചാമ്പ്യൻഷിപ്പിൽ ഭാരതീയ കളിക്കാർ മികച്ച പ്രകടനം കാഴ്ചവെച്ചു. നമ്മുടെ താരം സൂരജ് ഗ്രക്കോറോമൻ ഈവന്റിൽ അത്ഭുതം സൃഷ്ടിച്ചു. 32 വർഷത്തെ ഇടവേളയ്ക്കുശേഷം അദ്ദേഹത്തിലൂടെ റസലിംഗിൽ സ്വർണ്ണമെഡൽ നേടി. നമ്മുടെ കളിക്കാരെ സംബന്ധിച്ചിടത്തോളം ഇത് പ്രവർത്തന നിരതമായ ഒരു മാസമായിരുന്നു. ചെന്നൈയിൽ നടക്കുന്ന 44 ാമത്തെ ചെസ് ഒളിമ്പ്യാഡിന് ആതിഥ്യം വഹിക്കുക എന്നത് ാരതത്തിന് വളരെ അഭിമാനകരമായ കാര്യമാണ്. ജൂലൈ 28 നാണ് ഈ ടൂർണമെന്റ് ആരംഭിച്ചത്. ഇതിന്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിക്കും ലഭിച്ചു. യു കെയിൽ കോമൺവെൽത്ത് ഗയിംസ് ആരംഭിച്ചതും അതേ ദിവസം തന്നെയാണ്. യുവതയുടെ ആവേശം ഉൾക്കൊണ്ട ഭാരതത്തിന്റെ സംഘം നമ്മുടെ രാജ്യത്തെ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ ഭാരതീയരുടെ പേരിൽ എല്ലാ കളിക്കാർക്കും അത്‌ലറ്റുകൾക്കും ആശംസകൾ നേരുന്നു. ഭാരതം ഫിഫ അണ്ടർ 17 വനിതാ ലോക കപ്പിന് ആതിഥ്യം വഹിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ ടൂർണമെന്റ് ഒക്ടോബർ അടുപ്പിച്ചായിരിക്കും നടക്കുക. ഇത് രാജ്യത്തെ പെൺകുട്ടികളുടെ കായികരംഗത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കും.

സുഹൃത്തുക്കളേ,

കുറച്ചു ദിവസം മുൻപാണല്ലോ രാജ്യത്തെ പത്ത്, പന്ത്രണ്ട് ക്ലാസ് പരീക്ഷകളുടെ ഫലപ്രഖ്യാപനം ഉണ്ടായത്. തങ്ങളുടെ കഠിപ്രയത്നത്തിന്റെ ഫലമായി വിജയിച്ച എല്ലാ വിദ്യാർത്ഥികളെയും ഞാൻ അനുമോദിക്കുന്നു. മഹാമാരിയുടെ കാലത്ത് കഴിഞ്ഞ രണ്ടുവർഷങ്ങളും വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഈ ചുറ്റുപാടിലും നമ്മുടെ ചെറുപ്പക്കാർ കാണിച്ച ധൈര്യവും സംയമനവും പ്രശംസാർഹമാണ്. ഞാൻ ഏവരുടെ യും ശോഭനമായ ഭാവിക്കായി പ്രാർത്ഥിക്കുന്നു.

എന്റെ പ്രിയ നാട്ടുകാരേ,

സ്വാതന്ത്ര്യം ലഭിച്ച് 75 വർഷത്തെ നമ്മുടെ രാജ്യത്തിന്റെ യാത്രയെ കുറിച്ച് ചർച്ച ചെയ്തുകൊണ്ടാണ് ഇന്ന് നമ്മൾ ആരംഭിച്ചത്. ഇനി നമ്മൾ കണ്ടുമുട്ടുമ്പോൾ നമ്മുടെ രാജ്യത്തിന്റെ അടുത്ത 25 വർഷത്തേക്കുള്ള യാത്ര തുടങ്ങിക്കാണും. നമ്മുടെ വീട്ടിൽ, നമ്മുടെ പ്രിയപ്പെട്ടവരുടെ വീട്ടിൽ ത്രിവർണ്ണ പതാക പാറട്ടെ. ഇതിനായി നമുക്കെല്ലാം ഒരുമിക്കാം. ഇത്തവണ സ്വാതന്ത്ര്യദിനം നിങ്ങൾ എങ്ങനെ ആഘോഷിച്ചു, വേറിട്ട് എന്തു ചെയ്തു, ഇതെല്ലാം ഞാനുമായി പങ്കുവെയ്ക്കുക. അടുത്ത തവണ ഈ അമൃതോത്സവത്തിന്റെ വിവിധ വർണ്ണങ്ങളെ കുറിച്ച് നമുക്ക് സംസാരിക്കാം. അതുവരേയ്ക്കും വിട നൽകുക.

വളരെ വളരെ നന്ദി.

നമസ്കാരം.

# കേരള സാഹിത്യ അക്കാദമി അവാർഡുകൾ

കഥാകൃത്ത് വൈശാഖനും സാഹിത്യ നിരൂപകൻ പ്രൊഫ.കെ.പി.ശങ്കരനും കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം (50,000 രൂപയും 2 പവൻ സ്വർണ്ണപ്പതക്കം).

സമഗ്രസംഭാവനാ പുരസ്കാരത്തിന് ഡോ.കെ.ജയകുമാർ, കടത്തനാട്ട് നാരായണൻ, ജാനമ്മ കുഞ്ഞുണ്ണി, കവിയൂർ രാജഗോപാലൻ, ഗീത കൃഷ്ണൻകുട്ടി, കെ.എ.ജയശീലൻ (30,000 രൂപ) എന്നിവർ അർഹരായി. 2018ലെ വിലാസിനി പുരസ്കാരത്തിന് ഇ.വി.രാമകൃഷ്ണനും (50,000രൂപ) മലയാള നോവലിന്റെ ദേശകാലങ്ങൾ) അർഹമായി.

### അവാർഡുകൾ (225,000 രൂപ) നേടിയവർ

അൻവർ അലി (കവിത) മെഹബൂബ് എക്സ്പ്രസ്, ഡോ.ആർ.രാജശ്രീ (നോവൽ) കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത), വിനോയ് തോമസ് (നോവൽ) പുറ്റ്, വി.എം.ദേവദാസ് (ചെറുകഥ) വഴി കണ്ടുപിടിക്കുന്നവർ, പ്രദീപ് മണ്ടൂർ (നാടകം) നമുക്ക് ജീവതം പറയാം), എൻ.അജയകുമാർ (സാഹിത്യവിമർശനം) വാക്കിലെ നേരങ്ങൾ, ഡോ.ഗോപകുമാർ ചോലയിൽ (വൈജ്ഞാനികം) കാലാവസ്ഥ വ്യതിയാനവും കേരളവും; സൂചനകളും കാരണങ്ങളും, പ്രൊഫ.ടി.ജെ.ജോസഫ് (ജീവചരിത്രം) അറ്റുപോകാത്ത ഓർമകൾ, എം.കുഞ്ഞാമൻ (ജീവചരിത്രം) എതിര, വേണു (യാത്രാവിവരണം) നഗ്നരും നരഭോജികളും, അയ്മനം ജോൺ (വിവർത്തനം) കായേൻ/ഷൂസെ സരമാഗു, രഘുനാഥ് പലേരി (ബാലസാഹിത്യം) അവർ മൂവരും ഒരു മഴവില്ലും, ആൻ പാലി (ഹാസ സാഹിത്യം) അ ഫോർ അമ്മ.

### എൻഡോവ്മെന്റ് അവാർഡുകൾ നേടിയവർ

ഐ.സി.ചാക്കോ അവാർഡ്- വൈക്കം മധു (ഇടയാളം- അടയാളങ്ങളുടെ അത്ഭുതലോകം, സി.ബി.കുമാർ അവാർഡ് -അജയ് പി.മങ്ങാട്ട് (ലോകം അവസാനിക്കുന്നില്ല), കെ.ആർ.നമ്പൂതിരി അവാർഡ്- പ്രൊഫ. പി.ആർ.ഹരികുമാർ (ഏകാന്തം വേദാന്തം), കനകശ്രീ അവാർഡ്- കിങ് ജോൺസ് (ടണൽ 33), ഗീതാ ഹിരണ്യൻ അവാർഡ്- വിവേക് ചന്ദ്രൻ (വന്യം), ജി.എൻ.പിള്ള അവാർഡ്- ഡോ.പി.കെ.രാജശേഖരൻ (സിനിമ സന്ദർഭങ്ങൾ)/ ഡോ.കവിതാ ബാലകൃഷ്ണൻ (വായനാമനുഷ്യന്റെ കലാചരിത്രം), തുഞ്ചൻ സ്മാരക പ്രബന്ധമത്സര വിജയി- എൻ.കെ.ഷീല.